
TB/VII/2015/400 (ന)



# കേരളപാഠാവലി
# മലയാളം
## 7

കേരളസർക്കാർ
വിദ്യാഭ്യാസ വകുപ്പ്

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

**കേരളപാഠാവലി**

# മലയാളം

സ്റ്റാൻഡേർഡ്

# VII

**കേരളസർക്കാർ**

**വിദ്യാഭ്യാസവകുപ്പ്**

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2015

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
First Edition : 2014, Reprint : 2015
Printed at : KBPS, Kakkanad, Kochi

പ്രിയ വിദ്യാർഥികളേ,

മലയാളഭാഷയുടെ മധുരം നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പാഠപുസ്തകം. നമ്മുടെ മാതൃഭാഷയെ ക്ലാസിക് ഭാഷകളിൽ ഒന്നായി ഭാരതസർക്കാർ അംഗീകരിച്ചിരിക്കുകയാണല്ലോ. അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ മാതൃഭാഷയിലൂടെ നമുക്ക് കഴിയും. മലയാളത്തിന്റെ വിപുലമായ സാഹിത്യസമ്പത്ത് നിങ്ങൾക്ക് സ്വന്തമാണ്. അത് ആസ്വദിക്കാനും അതിലേക്ക് സംഭാവന ചെയ്യാനും ഒരുങ്ങിക്കൊള്ളുക.

വായിക്കാനും എഴുതാനും ഏറെ അവസരങ്ങൾ ഈ പാഠപുസ്തകം നിങ്ങൾക്ക് നൽകുന്നു. ഭാഷാപഠനം രസകരവും വിജ്ഞാനപ്രദവുമാക്കാം. നിങ്ങളുടെ ഭാവനയും ചിന്തയും ഉണരട്ടെ.

സ്നേഹാശംസകളോടെ,

ഡോ. എസ്. രവീന്ദ്രൻ നായർ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## പാഠപുസ്തക ശില്പശാലയിൽ പങ്കെടുത്തവർ

- ടി.ബി. അജീഷ്കുമാർ, ജി. എച്ച്. എസ്. മാന്നാംകണ്ടം, അടിമാലി, ഇടുക്കി
- അജ്മൽ കാക്കോവ്, ബി. ആർ. സി, മലപ്പുറം
- കെ. അനിൽകുമാർ, ജി. എച്ച്. എസ്. എസ്. ബാരെ, കാസറഗോഡ്
- പി. അബൂബക്കർ സിദ്ദീഖ്, ജി. യു. പി. എസ്, നെച്ചുള്ളി, പള്ളിക്കുന്ന്, മണ്ണാർക്കാട്
- കെ.എം. ഉണ്ണികൃഷ്ണൻ, ഡയറ്റ്, കണ്ണൂർ
- വി.എം. ഉമ, അന്നൂർ യു. പി. എസ്, പയ്യന്നൂർ
- ജേക്കബ് അറയ്ക്കൽ, മാർത്തോമ എച്ച്. എസ്, ചണ്ണപ്പേട്ട, കൊല്ലം
- പി.എം. നാരായണൻ, റിട്ട. പ്രധാനാധ്യാപകൻ, പാലക്കാട്
- പി. പ്രേമചന്ദ്രൻ, ജി. ജി. എച്ച്. എസ്. എസ്. പയ്യന്നൂർ
- എം.എസ്. മനോജ്, ജി. വി. എം. എച്ച്. എസ്. എസ്. ആലങ്കോട്, തിരുവനന്തപുരം
- എം. രഘുനാഥ്, ജി. എം. എച്ച്. എസ്. എസ്. കോഴിക്കോട്
- ടി.എ. രാജീവൻ, പേരാമ്പ്ര എച്ച്. എസ്. എസ്, കോഴിക്കോട്
- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു. പി. എസ്, കോഴിക്കോട്
- പി. സത്യനാഥൻ, ഡയറ്റ്, മലപ്പുറം
- എ. സലീം, ജി. ജി. എച്ച്. എസ്. എസ്. നെടുമങ്ങാട്, തിരുവനന്തപുരം
- ആർ.പി. ശിവകുമാർ, എസ്. ആർ. വി. എച്ച്. എസ്. എസ്. എറണാകുളം
- വി. ഹരിപ്രിയ, സെന്റ് പീറ്റേഴ്സ് എസ്. യു. പി. എസ്, എരുത്തേൻപതി, പാലക്കാട്
- കെ.ബി. ഹൃഷികേശ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്

## ചിത്രരചന

- മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി, കോഴിക്കോട്
- ജനൂ മഞ്ചേരി
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- എൻ.ടി. രാജീവ്, ജി. എച്ച്. എസ്. എസ്. തരിയോട്, വയനാട്
- സന്തോഷ് വെളിയന്നൂർ
- സുരേഷ് ചാലിയത്ത്, ജി. എച്ച്. എസ്. കുറുക, മലപ്പുറം

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
- ഡോ. ഡി. ബഞ്ചമിൻ, റിട്ട. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. പി. സോമനാഥൻ , അസി. പ്രൊഫസർ, കോഴിക്കോട് സർവകലാശാല
- ഡോ. ബി.വി. ശശികുമാർ, അസോ. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. വിജയൻ ചാലോട്, എസ്. എസ്. എ. കണ്ണൂർ
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രൊഫസർ, കേരളവർമ കോളേജ്, തൃശ്ശൂർ
- ശ്രീ. അക്ബർ കക്കട്ടിൽ, വൈസ് പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി
- ശ്രീ. ബി. രാമചന്ദ്രൻപിള്ള, റിട്ട. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- ഡോ. പി.കെ. തിലക്, റിസർച്ച് ഓഫീസർ എസ്.സി.ഇ.ആർ.ടി. കേരളം

# ഉള്ളടക്കം


1. **ഓർമ്മയുടെ ജാലകം** 7
   - അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ ..................... 8
   - പൂക്കാതിരിക്കാനെനിക്കാവതില്ലേ ..................... 15
   - കൈയെത്താദൂരത്ത് ..................... 18

2. **സ്വപ്നങ്ങൾ വാക്കുകൾ** 25
   - അടയ്ക്ക പെറുക്കുന്നവർ ..................... 26
   - വീണപൂവ് ..................... 34
   - അഴീക്കോട് സംസാരിക്കുന്നു ..................... 37
   - എനിക്ക് ഒരു സ്വപ്നമുണ്ട് ..................... 42

3. **ഉണർവിന്റെ പാതയിൽ** 48
   - കതുവനൂർ വീരൻ ..................... 49
   - ഞാറ്റുവേലപ്പൂക്കൾ ..................... 57
   - റൈൻനദിയിലെ ഓളങ്ങൾ ..................... 60


4. **മായാത്ത കാഴ്ചകൾ** 69
   - ഗാനം കേട്ട നേരം ..................... 70
   - വീണിതല്ലോ കിടക്കുന്നു ..................... 74

5. **എത്രയും ചിത്രം ചിത്രം!** 80
   - മായപ്പൊന്മാൻ ..................... 81
   - പാലക്കാടൻ കാറ്റ് ..................... 84
   - പ്രാതൽ ..................... 91

**പദപരിചയം** 97

1

# ഓർമ്മയുടെ ജാലകം




“യാത്ര വളരെ ഇഷ്ടമാണ്. കവിതയെഴുതിയ കാലത്തും എഴുത്തു നിർത്തിയ കാലത്തും ധാരാളം യാത്ര ചെയ്തിട്ടുണ്ട്. തായാട്ട് ശങ്കരനും ഞാനും കൂടിയാണ് ‘അജന്ത’ കാണാൻ പോയത്. ഗുഹയാണത്. ഭൂമിക്കടിയിൽ ഉണ്ടാക്കിയ ഗുഹയല്ല; പർവതം തുരന്ന് വലിയ ഹാൾ ആക്കിയിരിക്കുകയാണ്. അങ്ങനെ ഇരുപത്താറ് ഗുഹകൾ. വിശാലമായ ഹാൾ തുറന്നിട്ടിരിക്കുന്നു. രണ്ടു ഭാഗത്തായി ഭിക്ഷുക്കൾക്ക് താമസിക്കാനുള്ള മുറികൾ ഉണ്ട്. അറ്റത്ത് ബുദ്ധന്റെ ആറടി പ്പൊക്കത്തിലുള്ള പൂർണകായ വിഗ്രഹമാണ്. നാലുമണി കഴിഞ്ഞാൽ സൂര്യപ്രകാശം വന്ന് ബുദ്ധവിഗ്രഹത്തിന്റെ ചുണ്ടത്തു തട്ടും. ചെറിയൊരു പുഞ്ചിരി വിടരുന്നതുപോലെ തോന്നും അപ്പോൾ. അപൂർവമായൊരു അനുഭവമാണത്. ജീവിതത്തെ ഓർത്ത് സഹതാപത്തോടെ പുഞ്ചിരിക്കുന്നതു പോലെ തോന്നും. ‘അജന്ത’ എന്ന കവിതയിൽ ആ പുഞ്ചിരിയാണ് ഞാൻ ആവിഷ്കരിക്കാൻ ശ്രമിച്ചത്. യാത്രചെയ്ത് വളരെ കഴിഞ്ഞായിരുന്നു ആ കവിത രചിച്ചത്.”

(കവി ആർ. രാമചന്ദ്രനുമായുള്ള അഭിമുഖത്തിൽനിന്ന്)

“യാത്രചെയ്ത് വളരെ കഴിഞ്ഞായിരുന്നു ആ കവിത രചിച്ചത്.” അജന്താഗുഹയിലെ ഏത് അനുഭവമാണ് അത്രയും നാൾ മനസ്സിൽ മായാതെ കിടന്നത്? എന്താവാം അതിനു കാരണം?

# അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ



പൈൻമരക്കാടുകളിലൂടെ നടന്നെത്തിയത് വിശാലമായ ഒരു സമതലത്തിലാണ്. സമതലത്തിന്റെ ഒരുഭാഗത്തുകൂടെ അളകനന്ദ സാമാന്യം വീതിയിലൊഴുകുന്നു. സമതലം ഓറഞ്ച് മരങ്ങളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. അവയ്ക്കപ്പുറം ഉത്തുംഗമായ പർവതങ്ങളുടെ അനേകം നിരകൾ ദൃശ്യമായി. ഓറഞ്ചുമരങ്ങളിൽ പച്ചയും മഞ്ഞയും ഓറഞ്ചും കലർന്ന ഫലങ്ങൾ കായ്ച്ചുനിന്നിരുന്നു. അവയ്ക്കിടയിലൂടെ കുറേ ദൂരം നടന്നപ്പോൾ അകലെ കല്ലുകൊണ്ടു മേഞ്ഞ നാലഞ്ചു കുടിലുകൾ കണ്ടു. അടുത്തെത്തിയപ്പോൾ അതൊരു ചെറിയ ഗ്രാമമാണെന്നു മനസ്സിലായി. ആദ്യം കണ്ട കുടിലിനുള്ളിൽനിന്ന് കുട്ടികളുടെയും മുതിർന്നവരുടെയും സംസാരം കേട്ടു. ഞാൻ കുടിലിന്റെ വാതിൽക്കൽ ചെന്നു. അതിനുള്ളിൽ ആരൊക്കെയോ ഉണ്ട്. ആദ്യമായി വാതിൽക്കലെത്തിയത് പത്തു വയസ്സു പ്രായം വരുന്ന ഒരു പെൺകുട്ടിയാണ്. അവൾ ഗഢുവാളീ യുവതികളെപ്പോലെ വസ്ത്രധാരണം ചെയ്തിരുന്നു. എന്നെക്കണ്ടു പരിഭ്രമിച്ച മട്ടിൽ അവൾ അകത്തേക്കു പോയി. അൽപ്പനേരത്തിനുള്ളിൽ ഒരു മധ്യവയസ്കൻ കുടിലിന്റെ വാതിൽക്കൽ വന്നു. അയാൾ തല വെളിയിലേക്കിട്ടു നോക്കി, എന്നോടു ചോദിച്ചു:

"എന്താണു ഭായി, എന്തു വേണം നിങ്ങൾക്ക്?"

"പിപ്പിൽകോട്ടയിലേക്ക് എത്ര ദൂരമുണ്ട്?" ഞാൻ ചോദിച്ചു.

അയാൾ വെളിയിലേക്ക് ഇറങ്ങി വന്നു. അകലേക്ക് കൈചൂണ്ടിക്കൊണ്ട് പറഞ്ഞു:

“അതാ, അവിടെയൊരു പാലമുണ്ട്. അതു കയറിയിറങ്ങിയാൽ ഒരു കയറ്റം കാണും. ആ കയറ്റം കയറിയാൽ നിങ്ങൾ പിപ്പിൽകോട്ടയിലേക്കുള്ള മോട്ടോർറോഡിലെത്തും. നിങ്ങൾ എവിടേക്കാണ്?” അയാൾ തുടർന്നു ചോദിച്ചു.

ഞാൻ ബദരിയിലേക്ക് പോവുകയാണെന്ന് പറഞ്ഞപ്പോൾ എവിടെനിന്നാണ് വരുന്നതെന്നയാൾ ചോദിച്ചു.

“ദില്ലിയിൽനിന്ന്” - ഞാൻ പറഞ്ഞു. ദില്ലി എന്നു കേട്ടപ്പോൾ അയാളുടെ ഔത്സുക്യം വർധിച്ചു.

“ദില്ലിയിലോ? ദില്ലിയിൽ ഏതു ഡിപാർട്ട്മെന്റിലാണ്? ദില്ലിയിലെവിടെയാണ്?” എന്നൊക്കെ അയാൾ തിരക്കി.


ഞാനൊരു പ്രൈവറ്റ് കമ്പനിയിലാണെന്നും താമസം കരോൾ ബാഗിലാണെന്നും പറഞ്ഞപ്പോൾ അയാൾ പറഞ്ഞു:

“ബാബൂ, നിങ്ങൾ ഒരു നിമിഷം നിൽക്കണം. ഞാൻ ഇതാവരുന്നു.” ഇത്രയും പറഞ്ഞ് അയാൾ ധൃതിയിൽ ഉള്ളിലേക്ക് കയറിപ്പോയി. അയാൾ തിരികെ വന്നത് അകത്തുനിന്ന് ഒരു ബെഞ്ച് എടുത്തുകൊണ്ടാണ്.

“ബാബു ഇരിക്കണം. എനിക്കൊരു കാര്യം പറയാനുണ്ട്.”

അയാൾ വീണ്ടും അകത്തുപോയി. തെല്ലിട കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ അയാളുടെ പക്കൽ ഒരു കത്തുണ്ടായിരുന്നു. അയാൾ അതെന്റെ കൈയിൽ തന്നിട്ടു പറഞ്ഞു:

“ബാബൂ, ഇതിലെഴുതിയിരിക്കുന്ന അഡ്രസ് നോക്കൂ, എന്റെ മകന്റെ കത്താണിത്.” തെളിച്ചം കുറഞ്ഞ ബാൾപെൻ കൊണ്ട് വടിവില്ലാത്ത ഹിന്ദിയിൽ എഴുതിയിരിക്കുന്ന ഒരു കത്ത്. അതിന്റെ താഴെ വലുതായി ബിക്രം സിങ് എന്നും അതോടൊപ്പം ഡൽഹിയിലെ ഒരു മേൽവിലാസവും എഴുതിയിരുന്നു. അയാൾ തുടർന്നു:



"ബാബൂ, എന്റെ മകൻ പോയിട്ട് ഒന്നരക്കൊല്ലം കഴിഞ്ഞു. നാലഞ്ചു മാസം മുൻപാണ് ഈ കത്തു കിട്ടിയത്. എവിടെയോ ജോലി കിട്ടിയത്രേ. അതിനുശേഷം കത്തുകളൊന്നുമില്ല. ഞാൻ ഒന്നുരണ്ട് കത്തയച്ചിട്ട് മറുപടിയില്ല. ഡൽഹിയിൽ ചെല്ലുമ്പോൾ ദയവായി നിങ്ങൾ അവനെ കാണണം. അവൻ സുഖമായിട്ടിരിക്കയാണോ എന്നറിയണം."

"പയ്യനെത്ര വയസ്സുണ്ട്?" ഞാൻ തിരക്കി.

"ഇതിന്റെ നേരെ മൂത്തതാണ്, പതിന്നാലു വയസ്സായി."

അയാൾ കുടിലിന്റെ വാതിൽക്കലേക്ക് ചൂണ്ടിക്കാണിച്ചു. വാതിൽക്കൽ ആദ്യം കണ്ട പെൺകുട്ടിയുടെ മുഖം കണ്ടു. അയാൾക്ക് പിന്നിൽ കുറേ പ്രായംചെന്ന ഒരു സ്ത്രീ. അവർ ആ കുട്ടിയുടെ അമ്മയാവുമെന്ന് ഞാൻ കരുതി. അനേകനാഴികകൾക്കപ്പുറത്ത് മഹാനഗരത്തിൽ അനാഗതശ്മശ്രുവായ ഒരു ബാലൻ. അയാളുടെ ഉൽക്കണ്ഠ സ്വാഭാവികം മാത്രമാണെന്ന് മനസ്സിലാക്കാൻ എനിക്കു വിഷമമുണ്ടായില്ല. ഒരകന്ന ബന്ധുവിന്റെ കൂടെയാണ് അവനെ അയച്ചിരിക്കുന്നത് എന്നയാൾ പറഞ്ഞു. മകളുടെ വിവാഹപ്രായമാവുമ്പോഴേക്കും എന്തെങ്കിലും കരുതിയിരിക്കണം. ചെറുക്കനിവിടെ നിന്നാൽ വിശേഷമൊന്നുമില്ല. സേട്ടിന്റെ ഈ ഓറഞ്ചുതോട്ടങ്ങൾ നോക്കിനിന്നാൽ കഷ്ടിച്ചു രണ്ടുനേരം ഉണക്കറൊട്ടി തിന്നാം. അല്ലാതെ ഒരു പ്രയോജനവുമില്ല. അളകനന്ദയുടെ ഇങ്ങേക്കരയിൽ ആ വിസ്താരമുള്ള സമതലത്തിലുള്ള ഓറഞ്ചുതോട്ടങ്ങൾ മുഴുവനും ശ്രീനഗറിലുള്ള മോഹൻലാൽഗൗർ എന്നൊരു ജമീന്ദാരുടെ വകയാണെന്ന് അയാൾ പറഞ്ഞു. വിളവെടുക്കാറാവുമ്പോൾ ജമീന്ദാറുടെ കണക്കപ്പിള്ളയും കൂലിക്കാരും വന്ന് ഉള്ളതെല്ലാം പറിച്ചുകൊണ്ടുപോകും. ആ ജമീന്ദാർക്ക് അളകനന്ദയുടെ തീരങ്ങളിൽ ഒട്ടനേകം തോട്ടങ്ങളുണ്ടെന്നയാൾ പറഞ്ഞു. കൂടാതെ ഇരുപതിനായിരത്തിലധികം ചെമ്മരിയാടുകളുമുണ്ട്. തന്റെ പൂർവികരും അതേ ജമീന്ദാർ കുടുംബത്തിന്റെ ആശ്രിതരായിരുന്നുവെന്ന് അയാൾ പറഞ്ഞു. ആ ചെറുഗ്രാമവും അതിനു ചുറ്റുമുള്ള ഫലഭൂയിഷ്ഠമായ സമതലഭൂമി മുഴുവനും മേൽപ്പറഞ്ഞ ജമീന്ദാർകുടുംബത്തിന്റേതാണ്. ആ ഗ്രാമത്തിൽ പാർക്കുന്നവരെല്ലാം ജമീന്ദാരുടെ കുടിയാന്മാരാണെന്നും അയാളുടെ സംസാരത്തിൽനിന്നു മനസ്സിലായി. ഇതിനിടയിൽ അയാളുടെ ഭാര്യ ഒരു അലൂമിനിയം ടംബ്ലറിൽ ആവി പറക്കുന്ന ചായ കൊണ്ടുവച്ചു.

അയാൾ പറഞ്ഞു: "ബാബൂ, ഞങ്ങൾ സാധുക്കളാണ്, ക്ഷമിക്കണം! ചായയ്ക്ക് പാലില്ല."

ഞാൻ പാലൊഴിക്കാത്ത ചായയാണ് ഇഷ്ടപ്പെടുന്നതെന്നും ആ ചെറുകുടുംബവുമായി കണ്ടുമുട്ടിയതിൽ അതിയായ സന്തോഷമുണ്ടെന്നും പറഞ്ഞ് ശർക്കര ചേർത്ത ആ കറുത്ത ചായ ഊതിക്കുടിക്കാൻ തുടങ്ങി. ഞാൻ വാതിൽക്കൽ നിന്ന കുട്ടിയെ വിളിച്ചു ചോദിച്ചു:"നിന്റെ പേരെന്താണ്?" അവൾ ആദ്യമൊന്നു പരുങ്ങി. അവളുടെ അച്ഛന്റെയും തൊട്ടടുത്തു നിന്ന അമ്മയുടെയും മുഖത്തു നോക്കി. അപ്പോൾ അവളുടെ അച്ഛൻ പറഞ്ഞു:

"എടീ, നാണിക്കാതെ പേരു പറഞ്ഞു കൊടുക്ക്. ഈ ബാബു നിന്റെ ചേട്ടനെക്കാണും." അപ്പോൾ അവളുടെ കവിളത്ത് തെളിഞ്ഞുവന്ന നുണക്കുഴികളുടെ അഴകും



കണ്ണുകളിൽ മിന്നിമറഞ്ഞ നക്ഷത്രപ്രഭയും എനിക്കൊരിക്കലും മറക്കാൻ കഴിയുമെന്നു തോന്നുന്നില്ല. നിർമ്മലമായ ആ മുഖം, ചീഞ്ഞഴുകുന്ന ശവശരീരങ്ങളുടെയും ദുർഗന്ധം വമിക്കുന്ന വ്രണങ്ങളുടെയും ലോകത്തുനിന്നും, എന്റെ മനസ്സിനെ പൊടുന്നനെ മാരിവില്ലിന്റെ വർണങ്ങളും കസ്തൂരിയുടെ പരിമളവുമുള്ള ഭൂമിയിലേക്ക് തിരിച്ചുകൊണ്ടുവന്നു.

അവൾ പറഞ്ഞു: "സിംല."

അതുകഴിഞ്ഞ് അകത്തേക്ക് ഒറ്റയോട്ടം. ഞാൻ അയാളുടെ പേര് ചോദിച്ചു മനസ്സിലാക്കി. അതും അയാളുടെ മകന്റെ പേരും അഡ്രസ്സും ഡയറിയിൽ കുറിച്ചിട്ടു. ഡൽഹിയിലെത്തിയാലുടനെ അയാളുടെ മകനെ കാണാമെന്നുറപ്പ് കൊടുത്തിട്ട് ഞാൻ യാത്രയായി. അയാൾ പിന്നിൽനിന്നു വിളിച്ചു പറഞ്ഞു:"ബാബൂ, ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കും."

ജമീന്ദാറുടെ ഓറഞ്ചുതോട്ടങ്ങളിലൂടെ കുറേദൂരം നടന്നപ്പോൾ ആരോ പിറകേ ഓടിവരുന്നതായി തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് സിംലയെയാണ്. അവൾ ഓടി എന്റെ സമീപത്തെത്തി. അവളുടെ ഇറക്കം കൂടിയ കമ്പിളിയുടുപ്പിന്റെ പോക്കറ്റിൽനിന്ന് ഒരു പൊതിയെടുത്ത് എന്റെ നേരെ നീട്ടി.

"ദില്ലിബാബു ഇതെന്റെ ഭായിക്ക് കൊടുക്കണം" - അവൾ പറഞ്ഞു.

"എന്താണിത്?" ഞാനതു വാങ്ങുന്നതിനിടയിൽ ചോദിച്ചു.

അവളൊന്നും പറഞ്ഞില്ല. നാണിച്ചു ചിരിച്ചതേയുള്ളൂ. ഞാൻ കടലാസുപൊതി അഴിച്ചുനോക്കി. ഒരു നെല്ലിക്കയോളം വലുപ്പമുള്ള വെളുത്ത ഉരുളൻകല്ല്.

"ഇതെന്തിനാണ്?" ഞാൻ ചോദിച്ചു.

"എന്റെ ഭായിക്ക്", അവൾ പറഞ്ഞു: "അവനു വട്ടുകളിക്കാനാണ്."

"നിനക്കിതെവിടുന്ന് കിട്ടി" - ഞാൻ വെറുതെ ചോദിച്ചു.

"ഇതോ" - അവൾ അളകനന്ദയിലേക്കു ചൂണ്ടിക്കാണിച്ചു: "അവിടെ ഉരുളൻകല്ലുകൾ ഇഷ്ടംപോലെയുണ്ട്. ബാബുജിക്ക് വേണോ? ഞാൻ പെറുക്കിക്കൊണ്ടുവരാം."

ഒരു നിമിഷം ആ കണ്ണുകൾ പ്രകാശിച്ചു. അവൾ വാചാലയായി.

"പലനിറങ്ങളിലുള്ളതുണ്ട് ബാബുജീ. ചുവപ്പ്, പച്ച, നീല - അങ്ങനെ എന്തെല്ലാം നിറങ്ങൾ!"

പെട്ടെന്നവൾ എന്തോ ഓർത്തതുപോലെ പറഞ്ഞു: "എന്റെ ഭായിക്ക് വെള്ള കല്ലാണിഷ്ടം." അതു പറഞ്ഞു തീർന്നപ്പോൾ ആ ചുണ്ടുകൾ വിതുമ്പാൻ തുടങ്ങുകയാണോ എന്നു ഞാൻ സംശയിച്ചു. ഞാൻ ആ കല്ല് ശ്രദ്ധാപൂർവം കോട്ടിന്റെ അകത്തെ പോക്കറ്റിൽ നിക്ഷേപിച്ചിട്ടു പറഞ്ഞു:"മുന്നീ, നീ മിടുക്കിയാണ്. ദില്ലിയിലെത്തുമ്പോൾ ഞാനിതു ഭായിക്ക് തീർച്ചയായും കൊടുക്കാം." ആ കുട്ടിയെ അങ്ങനെ സമാധാനിപ്പിച്ചു തിരിഞ്ഞു നടക്കുമ്പോൾ നിമിഷങ്ങൾക്കു മുമ്പ് നക്ഷത്രം പോലെ ജ്വലിച്ചുനിന്ന കണ്ണുകൾ ചുവന്നു കലങ്ങുന്നതു ഞാൻ കണ്ടു.

(ഹിമവാന്റെ മുകൾത്തട്ടിൽ) — രാജൻ കാക്കനാടൻ

### വായിക്കാം പറയാം

- യാത്രികൻ എത്തിച്ചേർന്ന ഗ്രാമം ഹിമാലയത്തിലാണെന്ന് നിങ്ങൾ മനസ്സിലാക്കിയത് എങ്ങനെ?
- വീട്ടുകാർക്ക് അപരിചിതനായ യാത്രികൻ പിന്നീട് പരിചിതനായി മാറിയതെങ്ങനെ?
- മകനെ ദൂരെ ദില്ലി മഹാനഗരത്തിലേക്ക് അയയ്ക്കുമ്പോൾ ഗ്രാമീണനായ അച്ഛൻ മനസ്സിൽ കണ്ടത് എന്തെല്ലാമായിരിക്കാം?
- "ഒരു നിമിഷം ആ കണ്ണുകൾ പ്രകാശിച്ചു. അവൾ വാചാലയായി"- എന്തിനെപ്പറ്റി?
- സിംലയെ യാത്രികൻ സമാധാനിപ്പിച്ചതെങ്ങനെ?
- "എവിടെയോ ജോലി കിട്ടിയത്രേ. അതിനുശേഷം കത്തുകളൊന്നും ഇല്ല"-അച്ഛന്റെ എന്തെല്ലാം ആശങ്കകളാണ് ഈ വാക്കുകളിൽ പ്രകടമാകുന്നത്? അമ്മയുടെ മനസ്സിൽ എന്തൊക്കെ ചിന്തകളായിരിക്കും ഉണ്ടാകുക?
- അളകനന്ദക്കരയിലെ ഓറഞ്ചുതോട്ടങ്ങളെക്കുറിച്ചുള്ള ഗൃഹനാഥന്റെ വിശദീകരണം അവിടത്തെ സാമൂഹികവ്യവസ്ഥയെപ്പറ്റി എന്തു ചിത്രമാണ് നൽകുന്നത്?

- "ബാബൂ, ഞങ്ങൾ സാധുക്കളാണ്. ക്ഷമിക്കണം! ചായയ്ക്ക് പാലില്ല." ഈ വാക്യത്തിൽ ആതിഥേയന്റെ എന്തെല്ലാം വികാരങ്ങളാണ് പ്രതിഫലിക്കുന്നത്?

### സങ്കല്പിച്ച് എഴുതാം

- "ബാബൂ, എന്റെ മകന്റെ കത്താണിത്" ദില്ലിയിലേക്കു പോയ മകൻ അച്ഛന് എഴുതിയ ആ കത്തിന്റെ ഉള്ളടക്കം എന്തായിരിക്കാം?
- വെള്ളക്കല്ലിന്റെ കടലാസ് പൊതി യാത്രക്കാരനു കൊടുക്കുമ്പോൾ എന്തെല്ലാമായിരിക്കാം ആ കുഞ്ഞുമനസ്സ് ചേട്ടനോട് പറഞ്ഞിട്ടുണ്ടാവുക?
- സിംലയെ പരിചയപ്പെട്ട ആ രാത്രി യാത്രക്കാരൻ തന്റെ ഡയറിയിൽ എന്തെല്ലാമായിരിക്കാം കുറിച്ചിട്ടുണ്ടാവുക?

### എഴുതി അവതരിപ്പിക്കുക

- "നക്ഷത്രംപോലെ ജ്വലിച്ചുനിന്ന കണ്ണുകൾ ചുവന്നു കലങ്ങുന്നതു ഞാൻ കണ്ടു" വാക്യം വിശകലനം ചെയ്ത് പ്രയോഗഭംഗി വെളിപ്പെടുത്തുക.
- "യാത്രകൾ ജീവിതം തന്നെ. യാത്രാനുഭവങ്ങൾ ജീവിതത്തിലെ കാണാപ്പുറങ്ങൾ നമ്മെ കാണിക്കുന്നു. ആനന്ദവും നൊമ്പരവും നാം അറിയുന്നു." യാത്രക്കുറിപ്പ് വിശകലനം ചെയ്ത് അഭിപ്രായം എഴുതൂ.

### യാത്ര തുടരുമ്പോൾ

പുസ്തകത്തിന്റെ അവസാനഭാഗത്ത് രാജൻ കാക്കനാടൻ ഇങ്ങനെ എഴുതിയിരിക്കുന്നു:

> "അങ്ങനെ മുന്നോട്ട് പോകവെ ഓറഞ്ചുതോട്ടത്തിൽവച്ച് പരിചയപ്പെട്ട ആ കൊച്ചു കുടുംബത്തെക്കുറിച്ചും ദില്ലിയിലുള്ള ബാലനെക്കുറിച്ചുമുള്ള ചിന്തകൾ എന്റെ മനസ്സിൽ കടന്നു കൂടുകയും അത് മറ്റനേകം ചിന്തകൾക്കു ജന്മം നൽകുകയും ചെയ്തു. മാസങ്ങളോളം മലമ്പാതയിലൂടെയുള്ള ഏകാന്തസഞ്ചാരവും അതിനിടയ്ക്കുണ്ടായ നിരവധി സംഭവങ്ങളും തലേദിവസം ചമോളിയിലെ വഴിയമ്പലത്തിൽ ചെലവഴിച്ച രാത്രിയും അതു

മനസ്സിലേൽപ്പിച്ച ആഘാതങ്ങളും എല്ലാം വെറും നിസ്സാരമാണെന്നു തോന്നി എനിക്ക്. നൂറുകണക്കിന് മൈലുകൾ അകലെ മഹാനഗരത്തിൽ പോയിരിക്കുന്ന സഹോദരനെ കാത്തിരിക്കുന്ന ആ പിഞ്ചുബാലികയുടെയും അവളുടെ മാതാപിതാക്കളുടെയും ലോകമാണ് ലോകമെന്നും അവരുടെ ദുഃഖമാണ് ദുഃഖമെന്നും എനിക്കു തോന്നി."

യാത്രികന്റെ ഈ തിരിച്ചറിവുകൾ ജീവിതത്തെക്കുറിച്ചുള്ള എന്തു സന്ദേശമാണ് നൽകുന്നത്? ചർച്ചചെയ്യുക.

- നിങ്ങളുടെ ഏതെങ്കിലും യാത്രയിലെ അനുഭവങ്ങൾ ചേർത്ത് ഒരു യാത്രാവിവരണം തയാറാക്കുക.

### വ്യാകരണവിശേഷം

- നിങ്ങൾ / അവൻ / കാണണം.

'എ' എന്ന പ്രത്യയം ചേർത്ത് വാക്യങ്ങളാക്കുക. വാക്യങ്ങളുടെ അർഥങ്ങൾ തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യുക.

### കഥയിലേക്ക്

യാത്രികൻ വന്നുപോയ അന്നു രാത്രി ആ വീട്ടുകാർ (സിംല, അച്ഛൻ, അമ്മ) എന്തെല്ലാം കിനാവുകൾ കണ്ടിരിക്കും? കഥയായി വികസിപ്പിച്ച് എഴുതൂ.

# പൂക്കാതിരിക്കാനെനിക്കാവതില്ലേ...

എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ കണിക്കൊന്നയല്ലേ
വിഷുക്കാലമല്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ വിഷുക്കാലമെത്തി-
ക്കഴിഞ്ഞാലുറക്കത്തിൽ ഞാൻ ഞെട്ടി-
ഞെട്ടിത്തരിക്കും, ഇരുൾത്തൊപ്പി പൊക്കി-
പ്പതുക്കെ പ്രഭാതം ചിരിക്കാൻ ശ്രമിക്കും,
പുലർച്ചക്കുളിർകാറ്റ് വീശിപ്പറക്കും,
വിയൽപ്പക്ഷി ശ്രദ്ധിച്ചു നോക്കും.
ഞരമ്പിന്റെയുള്ളിൽത്തിരക്കാ-
ണലുക്കിട്ട മേനിപ്പുളപ്പിന്നു പൂവൊക്കെ-
യെത്തിച്ചൊരുക്കിക്കൊടുക്കാൻ തിടുക്കം തിടുക്കം
ഉണങ്ങിക്കരിഞ്ഞെന്നു തോന്നിച്ച കൊമ്പിൻ
മുനമ്പിൽത്തിളങ്ങുന്നു പൊന്നിൻ പതക്കങ്ങൾ
എൻ താലി നിൻ താലി പൂത്താലിയാടി-
ക്കളിക്കുന്ന കൊമ്പത്തു സമ്പത്തു കൊണ്ടാടി
നിൽക്കും കണിക്കൊന്നയല്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ.



എവിടെന്റെ ഹരിതങ്ങളെല്ലാം മറഞ്ഞു
എവിടെന്റെ ദുരിതങ്ങൾ കൊടുവേനലിൽ
കത്തിയെരിയുന്ന താപങ്ങൾ കടുമഞ്ഞി-
ലുറയുന്ന വനരോദനങ്ങൾ മഴവന്നൊടിച്ചിട്ട

മൃദുശാഖകൾ സർവമെവിടെയോ
മായുമ്പൊഴെവിടെനിന്നെവിടെനിന്നണയുന്നു
വീണ്ടുമെൻ ചുണ്ടിലും മഞ്ഞതൻ മധുരസ്മിതങ്ങൾ
തളിരിന്റെ തളിരായ താലീവിലാസം
എവിടെനിന്നെവിടെനിന്നണയുന്നു, മേടവിഷു-
സംക്രമപ്പുലരിയോ കുളിർകോരിയെത്തുന്നു.
കണികാണുവാൻ ഭാവി ഗുണമേകുവാൻ കുഞ്ഞു-
നയനങ്ങളെന്നെയോർത്തെന്നേയിമപൂട്ടി-
യുണരാതെ, യുണരുമ്പോഴും മിഴി തുറക്കാതെ-
യിത്തിരി തുറന്നാലുമാരുമതു കാണാതെ കാണാതെ
കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു.
ഒരു നിറം മാത്രമേ തന്നതുള്ളൂ വിധി
എനിക്കാവതില്ലേ പലവർണമാകാൻ
കണിക്കൊന്നയല്ലേ വിഷുക്കാലമല്ലേ

- അയ്യപ്പപ്പണിക്കർ

### കവിതയിൽനിന്ന് കണ്ടെത്താം

- കണിക്കൊന്നയുടെ പൂവണിയൽ സമൃദ്ധിയുടെ പ്രതീകമായിത്തീരുന്നത് എങ്ങനെയാണ് കവി അവതരിപ്പിച്ചിരിക്കുന്നത്?
- പൂവിടാനുള്ള കണിക്കൊന്നയുടെ വെമ്പൽ സൂചിപ്പിക്കുന്ന വരികൾ ഏതെല്ലാം?
- കണിക്കൊന്ന അനുഭവിക്കുന്ന ദുരിതങ്ങൾ എന്തൊക്കെയാണ്?
- മഞ്ഞതൻ മധുരസ്മിതങ്ങൾ വിരിയുമ്പോൾ കണിക്കൊന്ന അതെല്ലാം മറക്കുന്നു. ഇതിലൂടെ കവി സൂചിപ്പിക്കുന്നതെന്താണ്?

### കണ്ടെത്താം എഴുതാം

- വിഷുക്കാലത്ത് ഞെട്ടിയുണരുമ്പോൾ കണിക്കൊന്ന കാണുന്ന തെന്തൊക്കെ?

- തന്റെ പരിമിതിയായി കണിക്കൊന്ന കാണുന്നതെന്ത്?
- മറ്റുള്ളവർക്ക് ഗുണത്തിനായി കണിക്കൊന്ന ചെയ്യുന്നതെന്ത്?
- ഋതുഭേദങ്ങളെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കവിതയിലുള്ളത്?

### താളഭംഗി കണ്ടെത്താം

- എൻ താലി നിൻ താലി
- തളിരിന്റെ തളിരായ താലീവിലാസം
- 


### ചർച്ചക്കുറിപ്പ്

- "പൂക്കാതിരിക്കാൻ എനിക്കാവതില്ലേ" എന്ന് കണിക്കൊന്ന പറയുന്നു. തനിക്കു വേണ്ടിയല്ല, പൂക്കുന്നത് മറ്റുള്ളവർക്ക് വേണ്ടിയാണല്ലോ. ഇതുപോലെ നിങ്ങൾക്ക് പറയാനുള്ളത് എന്താണ്? അതിലൂടെ എന്തെല്ലാം നന്മകൾ ഉറപ്പുവരുത്താനാണ് ആഗ്രഹിക്കുന്നത്? നിങ്ങളുടെ അഭിപ്രായങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ചചെയ്യുക.

### ആസ്വാദനക്കുറിപ്പ്

- ഈ കവിതയുടെ ആശയം, രചനാരീതി എന്നിവയും കവിത നിങ്ങളിൽ ഉണ്ടാക്കിയ ഓർമ്മകൾ, വികാരങ്ങൾ, ചിന്തകൾ എന്നിവയും പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

# കൈയെത്താദൂരത്ത്



ഞാൻ മഹാത്മാഗാന്ധിയെ കണ്ടിട്ടുണ്ട്; പ്രസംഗം കേട്ടിട്ടുണ്ട്. എന്നിട്ട് അദ്ദേഹത്തിന്റെ പിറകേ കടപ്പാക്കടപ്പോയി. ഹരിജനകേന്ദ്രത്തിൽ പോയി തിരിച്ച് എ.ഡി.കോട്ടൺമില്ലിൽ വന്ന് തളർന്നലഞ്ഞ മഹാത്മാവിന്റെ സന്നിധിയിൽ ഏതാണ്ട് ആക്രമണപരമായിത്തന്നെ ഉപഹാരം സമർപ്പിച്ച് പാദത്തിൽ തൊട്ടു നമസ്കരിച്ചിട്ടുണ്ട്. പിന്നെ "മതി മതി, ഞാൻ ഈശ്വരനല്ല കുട്ടീ! എനിക്കു ഭക്ഷണം വേണം" എന്ന ശകാരരൂപത്തിലുള്ള അനുഗ്രഹവചസ്സുകേട്ട് ചരിതാർഥയായി മടങ്ങിയിട്ടുണ്ട്. അതൊക്കെ എന്നെന്നും ഓർക്കുവാൻ എന്തൊരു സുഖമാണ്! അതുപോലെത്തന്നെ ഞാൻ സ്വാമി ശിവാനന്ദ സരസ്വതിയെ സന്ദർശിച്ചിട്ടുണ്ട്. ആ ദിവ്യമംഗള വാണികൾ കേട്ട് പവിത്രപാദങ്ങളിൽ നമസ്കരിച്ച് ജീവിതത്തിൽ ചെയ്തിരിക്കാവുന്ന സമസ്ത പാപങ്ങൾക്കും മാപ്പിരന്നിട്ടുണ്ട്. അനുഗ്രഹം ലഭിച്ചിട്ടുണ്ട് എന്നു സ്മരിക്കുന്നതും ആജന്മവിശുദ്ധമായ ആശ്വാസത്തിനു വക നൽകുന്നു.

പക്ഷേ, ഞാൻ ശ്രീനാരായണഗുരുദേവനെ കണ്ടത് ഇതിനൊക്കെ എത്രയോ മുൻപാണ്! അന്ന് എനിക്ക് വളരെ ചെറുപ്പമാണ്. അദ്ഭുതത്തിന്റെ പരിവേഷമൊന്നും ചുറ്റിലുമില്ല. വെറും യാദൃച്ഛികമായ സന്ദർശനം.

കൊല്ലവർഷം തൊണ്ണൂറ്റിയേഴോ തൊണ്ണൂറ്റിയെട്ടോ ആയിരിക്കും കാലമെന്നു തോന്നുന്നു. അതിനു പിന്നിൽ മറ്റു ചില കഥകളും

പറയാനുണ്ട്. അച്ഛന്റെ ഇളയ സഹോദരിയെ വിവാഹം കഴിച്ചിരുന്നത് വർക്കല ശിവഗിരിക്കടുത്ത മുട്ടപ്പലത്ത് ഒരില്ലത്താണ്. ഇടയ്ക്കിടെ ഞങ്ങൾ അവിടെ പോവാറുണ്ട്. ശിവഗിരിയിലെ വിശാലമായ മൈതാനത്ത് അന്ന് ഒരു ചെറിയ പ്രൈമറി സ്കൂളോ മറ്റോ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു തോന്നുന്നു.

മൈതാനത്തിനടുത്ത് ഒട്ടധികം സ്ഥലം ശ്രീനിവാസറാവു എന്ന ഒരു ധനികൻ വിലയ്ക്കു വാങ്ങിച്ച് അവിടെ പറങ്കിമാവിൻതോട്ടവും തെങ്ങിൻതോട്ടവും സ്ഥാപിച്ച് ആ സ്ഥലത്തിനാകെത്തന്നെ 'ശ്രീനിവാസപുരം' എന്നു പേരിട്ടിരുന്നു. മൈതാനത്ത് കുന്നിൻചരിവുകളിൽനിന്ന് ഒഴുകിവീഴുന്ന വെള്ളച്ചാലിൽ ഓവുവച്ച് കുളിക്കാൻ സൗകര്യപ്പെടുത്തിയിരുന്നു. സുഖകരമായ കുളിർകാറ്റ്. ആകപ്പാടെ ആ സ്ഥലം ഞാൻ ഇഷ്ടപ്പെട്ടിരുന്നു.

അങ്ങനെ ഒരിക്കൽ അച്ഛന്റെകൂടെ വർക്കല പോയപ്പോഴാണ് ഈ സംഭവം നടന്നത്. അച്ഛന് എവിടെച്ചെന്നാലും സുഹൃത്തുക്കളുണ്ടായിരുന്നു. അദ്ദേഹം ജാതിമതഭേദം വകവച്ചിരുന്നില്ല. സ്വന്തം മാതുല പുത്രനെപ്പോലെ താനും വിവേകാനന്ദവേദാന്തം ആവോളം ഉൾക്കൊണ്ടിരുന്നു. സഹൃദയരും സംസ്കാരസമ്പന്നരുമായ ഏറെ തോഴന്മാർ അദ്ദേഹത്തിനുണ്ട്. അവരിൽ ഒരാളാണ് അന്ന് ആറ്റിങ്ങൽ സബ് രജിസ്ട്രാറായിരുന്ന ശ്രീ. പി.എം. രാമൻ. ഗൃഹസദസ്സുകളിൽവച്ച് ഇവരൊക്കെക്കൂടി നടത്താറുള്ള സംഭാഷണങ്ങളിൽ 'നാണു ആശാൻ നാരായണഗുരു' എന്ന ആളെപ്പറ്റി ഞാൻ ധാരാളം കേട്ടിട്ടുണ്ട്. പക്ഷേ, ശൈശവസഹജമായ ഉൽക്കണ്ഠ വളർത്താനുള്ള വീരസാഹസികത യൊന്നും അന്ന് അതിൽക്കണ്ടില്ല. ശിവഗിരി ആശ്രമത്തിലേക്കു പോവാനായി അച്ഛന്റെകൂടെ ഇറങ്ങിയപ്പോഴും അത്രയേ കരുതിയുള്ളൂ. ആശ്രമത്തിലേക്കു കഷ്ടിച്ച് ഒരുനാഴിക ദൂരം നടക്കണം. മൈതാനം കഴിഞ്ഞ് കുന്നിറങ്ങി ഒരു കയറ്റം. നിറയെ പച്ചപ്പുല്ലുകളും കുറ്റിക്കാടുകളും. ചക്രവാളസീമവരെ തെളിഞ്ഞ ആകാശം. രമ്യഭൂഭാഗഭംഗികൾ മയക്കും ആരെയും. ഒരു ചെറിയ മന്ദിരവും ഓലമേഞ്ഞ ഒന്നുരണ്ടു ഭവനങ്ങളും മാവിൻതറയും മാത്രമേ മനസ്സിൽ തങ്ങിനിൽക്കുന്നുള്ളൂ. സമയം സായാഹ്നം. മുറ്റത്ത് അങ്ങിങ്ങായി പലതരക്കാരായ ചില ആളുകൾ നിന്നിരുന്നു.



ഒരറ്റത്തിട്ടിരുന്ന ബെഞ്ചിൽ സാധാരണ വസ്ത്രം ധരിച്ച്, സാധാരണതോർത്ത് പുതച്ച്, സാധാരണ ശരീരവടിവിൽ, അറുപതോ എഴുപതോ വയസ്സായിരിക്കാവുന്ന ഒരു മാന്യവൃദ്ധൻ ഇരിക്കുന്നു. അച്ഛനെക്കണ്ട് അദ്ദേഹം ചിരിച്ചു: "നല്ല കാറ്റ്! നല്ല സുഖം!" മുത്തച്ഛന്റെ ചിരി. മൃദുലമായ ശബ്ദം. അച്ഛൻ പറഞ്ഞു: "നല്ലയാളുകൾ എവിടെച്ചെന്നാലും അവിടം നന്നാവുമല്ലോ."

അവർ സംഭാഷണം തുടങ്ങി. എന്തൊക്കെയാണു സംസാരിച്ചിരുന്നതെന്നു ശ്രദ്ധിച്ചില്ല. ശങ്കരവേദാന്തം മുതൽ എന്തുമാവാം അത്. വളരെ പതുക്കെയായിരുന്നു. വളരെ ബഹുമാനത്തോടെയാണ് അച്ഛൻ സംസാരിച്ചത്. ആ സന്നിധിയിൽ ആർക്കും ഒച്ചവയ്ക്കാൻ തോന്നുകയില്ല. വളരെ വലിയ ഒരാളിന്റെ ആർഭാടമല്ല, വളരെ വലിയ ഒന്നിന്റെ പവിത്രതയായിരുന്നു ചുറ്റും. ഞങ്ങൾ കുട്ടികൾ ഇതൊന്നും ശ്രദ്ധിക്കാതെ പരിസരത്തുള്ള മരക്കൊമ്പുകളിലും പൊന്തകളിലും പറ്റിയിരുന്ന കിളികളെയും അണ്ണാനെയും നോക്കി രസിച്ചു. തുമ്പികളെ നിരീക്ഷിച്ചു (ആ മാവിൻ കൊമ്പിലിരുന്നാണോ കുമാരനാശാന്റെ കുയിൽ പാടിയിരുന്നതെന്ന് പിൽക്കാലത്തു ഞാൻ ഓർത്തുനോക്കിയിട്ടുണ്ട്). ഒരു മാവിന്റെ ചാഞ്ഞ ശാഖയിലിരുന്ന പച്ചക്കിളിയെ പിടിക്കാൻവേണ്ടി ഞാൻ ഓടി. അതു പറന്ന് മറ്റൊരു മരത്തിൽ പറ്റി. അങ്ങോട്ട് ഓടി. അപ്പോൾ മറ്റൊരു കിളി വന്നു. ഇങ്ങനെ ഓരോന്നിന്റെയും പിറകെ ഓടി സമയം പോയതറിഞ്ഞില്ല.

മടക്കയാത്രയ്ക്കു സമയമായപ്പോൾ ഗുരുദേവൻ ഞങ്ങളെ അരികിൽ വിളിച്ചു. പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു: "പച്ചക്കിളിയെ കിട്ടിയോ?" അയ്യോ! ഇദ്ദേഹം ഇതെങ്ങനെ കണ്ടു എന്ന

അദ്ഭുതത്തോടെ നാണിച്ചുകൊണ്ടു ഞാൻ പറഞ്ഞു: "പറന്നുപോയി." അദ്ദേഹം പറഞ്ഞു: "കൂടെപ്പറക്കാൻ പഠിക്കണം." "അതിന് എനിക്കു ചിറകില്ലല്ലോ," എന്നായി ഞാൻ. അദ്ദേഹം ചിരിച്ചു: "ചിറകുണ്ടാകണം. അതാണു മിടുക്ക്." അന്നു ബാലിശമെന്നു തോന്നിയ വാക്കുകൾ ഇന്ന് എത്ര സത്യം! മനുഷ്യനു ചിറകുണ്ടാവുമോ? ഉണ്ടാവും. ഗുരുപ്രസാദമുണ്ടെങ്കിൽ എന്താണു കഴിയാത്തത്? മനുഷ്യാത്മാവിന്റെ ചിറകുകളിൽക്കൂടിയാണല്ലോ ഞാൻ ഇപ്പോൾ ഈ ഭൂതകാലസഞ്ചാരം നടത്തി പവിത്രസങ്കേതത്തിലെത്തിയത്. പക്ഷേ, പച്ചക്കിളി ഇപ്പോഴും വിദൂരതയിൽത്തന്നെ.

(ആത്മകഥയ്ക്കൊരാമുഖം) - ലളിതാംബിക അന്തർജനം

## വായിക്കാം കണ്ടെത്താം

- മഹാത്മാഗാന്ധിയെ സന്ദർശിച്ചതിനെക്കുറിച്ച് ലളിതാംബിക അന്തർജനം വിവരിക്കുന്നതെങ്ങനെ?
- ലളിതാംബിക അന്തർജനത്തിന്റെ കുഞ്ഞുമനസ്സിൽ നാരായണഗുരു എന്ന പേരു വന്നു പതിഞ്ഞ സാഹചര്യം ഏത്?
- "കുട്ടികൾ എന്നും കുട്ടികൾ തന്നെ" - ഈ പ്രസ്താവനയെ സാധൂകരിക്കുന്ന എന്തെല്ലാം തെളിവുകളാണ് പാഠഭാഗത്തുള്ളത്?
- നാരായണഗുരുദേവനും ലളിതാംബിക അന്തർജനവും തമ്മിൽ നടന്ന സംഭാഷണം എന്തായിരുന്നു? നിങ്ങളുടെ വാക്യത്തിൽ അത് മറ്റൊരാളോടു പറയൂ.

## വിശദീകരിക്കാം

- "ചിറകുണ്ടാകണം, അതാണ് മിടുക്ക്" - ഇതു കേട്ടപ്പോൾ, കുട്ടിയായിരുന്ന ലളിതാംബിക അന്തർജനം വിചാരിച്ചത് എന്തായിരിക്കും? വളർന്നപ്പോൾ അവർ തിരിച്ചറിഞ്ഞത് എന്തായിരിക്കും?
- "നല്ല ആളുകൾ എവിടെച്ചെന്നാലും അവിടം നന്നാവുമല്ലോ" - അച്ഛന്റെ ഈ വാക്കുകളിൽ എന്തെല്ലാം ആശയങ്ങൾ അടങ്ങിയിരിക്കുന്നു?
- "പച്ചക്കിളി ഇപ്പോഴും വിദൂരതയിൽത്തന്നെ" - ഈ പ്രസ്താവനയിലൂടെ ലളിതാംബിക അന്തർജനം സൂചിപ്പിക്കുന്നത് എന്തായിരിക്കാം?


## വാക്യം മാറ്റിയെഴുതാം

- "രമ്യഭൂഭാഗഭംഗികൾ മയക്കും ആരെയും"

ഈ വാക്യം ഏതെല്ലാം രീതിയിൽ മാറ്റിയെഴുതാം? വ്യത്യാസം ചർച്ചചെയ്യുക.

## അവർ കണ്ട ഗാന്ധിജി

(1944 മെയ് 14ന് ബോംബെ നഗരത്തിൽനിന്ന് പതിമൂന്നു നാഴിക ദൂരത്തുള്ള കടൽത്തീരത്തെ ഒരു സായാഹ്നക്കാഴ്ച വിവരിക്കുകയാണ് എസ്. കെ. പൊറ്റെക്കാട്ട്)



സമയം ഏഴുമണി. ജനക്കൂട്ടം അക്ഷമയോടെ, പക്ഷേ, ശാന്തരായി നിലത്ത് ഇരിപ്പുറപ്പിച്ചു. ഇരുപതിനായിരം ആളുകൾ അദൃശ്യമായൊരമ്പലത്തിലേക്കു കണ്ണയച്ചുകൊണ്ടു കാത്തിരുന്നു. സ്നാനവിനോദങ്ങൾക്കു വന്നവരും പട്ടാളക്കാരും നാനാജാതിമതസ്ഥരും അവിടേക്കാകർഷിക്കപ്പെട്ടു. സമയം 7.10. ആ പറമ്പിൽ, ഒരു ഉയർന്ന ഇരിപ്പിടത്തിന്മേൽ ഒരു ഖദർവിരിയും ചാരുതലയണയും സജ്ജമാക്കപ്പെട്ടു. ആ പറമ്പിൽ -ഗാന്ധിഗ്രാമത്തിൽ- ജീവസ്സുയർന്ന രണ്ടു സ്ത്രീകളുടെ ചുമലുകളിൽ കൈയൂന്നിക്കൊണ്ട് ആ വിഗ്രഹം നീങ്ങി വരുന്നുണ്ട്, ഒരു ചെറിയ സ്ത്രീപുരുഷസംഘത്തിന്റെ അകമ്പടിയോടുകൂടി. ആ ജനസാഗരം ഒന്നിരമ്പി അലകൾ നിർമ്മിച്ചു. ആ വിഗ്രഹം മെല്ലെമെല്ലെ ആ മെത്തപ്പുറത്ത് കയറി ചമ്രംപടിഞ്ഞിരുന്നു. ആയിരക്കണക്കിലുള്ള ഹൃദയങ്ങളിൽ ആനന്ദത്തിന്റെ ഉദ്ഗാരം

പൊങ്ങി... കണ്ണുകളിൽ ബാഷ്പം നിറഞ്ഞു. പൂനെയിലെ ആഗാഖാൻ കൊട്ടാരത്തിൽനിന്ന്, പർണകുടിയിലേക്കും പിന്നെ അവിടെനിന്ന് ജൂഹുവിലേക്കും നീങ്ങിയ ഗാന്ധിജിയെ ഒരുകണ്ണു കാണാൻ തിങ്ങിക്കൂടിയ ജനങ്ങളുടെ ഇടയിൽനിന്ന് ഞാൻ തിക്കിത്തിരക്കി മുമ്പോട്ടുചെന്ന്, ആ പുണ്യവിഗ്രഹത്തെ കൺകുളുർക്കെ ഒന്നു നോക്കി. ഞാൻ വീരാരാധനയിൽ വിശ്വസിക്കുന്ന ഒരാളല്ല. ഗാന്ധിജിയെ ഞാൻ കാണുന്നത് ഇതു മൂന്നാമത്തെ തവണയാണ്. എന്നാലും മഹാത്മജിയുടെ മാംസശരീരം മുമ്പിൽ അതാ കാണുന്നു എന്ന പരമാർഥം എന്റെ ഹൃദയത്തിൽ ഒരാലക്തികചലനമുണ്ടാക്കിത്തീർത്തു. എന്നെപ്പോലെത്തന്നെ അവിടെ കൂടിയിരുന്നവരിൽ ഭൂരിഭാഗത്തിനും അങ്ങനെ അനുഭവപ്പെട്ടിട്ടുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

(യാത്രാസ്മരണകൾ)

- ലളിതാംബിക അന്തർജനവും എസ്. കെ. പൊറ്റെക്കാട്ടും ഗാന്ധിജിയെ കണ്ട അനുഭവങ്ങൾ വ്യത്യാസപ്പെടുന്നത് എങ്ങനെയെല്ലാം?
    - കാഴ്ച അടുത്തുനിന്നും അകലെനിന്നും
    - 
    - 

ചർച്ചചെയ്ത് കുറിപ്പെഴുതുക.

## പത്രവാർത്ത തയാറാക്കാം

- ഗാന്ധിജിയുടെ ബോംബെ സന്ദർശനം എസ്. കെ. പൊറ്റെക്കാട്ട് വർണിച്ചതു വായിച്ചല്ലോ. ഇതൊരു പത്രവാർത്തയായി എഴുതിനോക്കൂ.

## ഞാൻ എന്നെക്കുറിച്ച്

- ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിൽനിന്ന് നിങ്ങൾ നേടിയ ഭാഷാപരമായ വളർച്ച എന്താണ്?

ചുവടെ ചേർത്തവ ഓരോന്നും ചർച്ചചെയ്ത ശേഷം സ്വയം വിലയിരുത്തുക.

1. യാത്രകൾ, പരിചയപ്പെട്ട വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഓർമ്മകളും വികാരങ്ങളും ചിന്തകളും എത്രമാത്രം പറയാനും പങ്കുവയ്ക്കാനും എനിക്കു സാധിക്കുന്നുണ്ട്?

2. പാഠഭാഗങ്ങളുടെ ആശയത്തിനും സ്വഭാവത്തിനും യോജിച്ച ഭാവം, വികാരം, ഒഴുക്ക്, ശബ്ദം, വേഗം, ഊന്നലുകൾ, നിർത്തലുകൾ എന്നിവ എന്റെ വായനയിൽ എത്രമാത്രം പാലിക്കാൻ കഴിഞ്ഞിട്ടുണ്ട്?
3. വായിച്ച് വിവരങ്ങളുൾക്കൊള്ളാനും ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ കണ്ടെത്തി അവതരിപ്പിക്കാനും എനിക്ക് എത്രമാത്രം സാധിക്കുന്നു?
4. ഇവ എഴുതുന്നതിൽ എന്റെ കഴിവുകളും പരിമിതികളും എന്തെല്ലാമാണ്?
    - പത്രവാർത്ത
    - കത്ത്
    - യാത്രാവിവരണം
    - ആസ്വാദനക്കുറിപ്പ്

- മുകളിൽ കൊടുത്തവയുമായി ബന്ധപ്പെട്ട് കൂടുതൽ മികവിലേക്ക് എത്തിച്ചേരാൻ ഞാൻ എന്തെല്ലാം ചെയ്യണം?
- അതിന് എനിക്ക് ആവശ്യമായ സഹായങ്ങൾ എന്തെല്ലാം?

2

# സ്വപ്നങ്ങൾ വാക്കുകൾ



വൃദ്ധനായ സന്ന്യാസി അനേകം നാഴിക നടന്ന് വൈകുന്നേരത്തോടെ ഒരു മരത്തിന്റെ ചുവട്ടിലെത്തി. വിശപ്പും ദാഹവും കൊണ്ട് അദ്ദേഹം വലഞ്ഞിരുന്നു. അടുത്തു കണ്ട കിണറ്റിൽനിന്ന് കുറച്ചു വെള്ളമെടുത്തു. റൊട്ടിക്കഷണത്തിന്റെ പൊതിയഴിച്ചു. നിറയെ ഉറുമ്പുകൾ!

ഇവർ എന്റെ കൂടെ യാത്രചെയ്ത് ഇവിടെയെത്തി. ഇവരും ഇവരുടെ കൂട്ടരും എത്ര വ്യാകുലരായിരിക്കും! സന്ന്യാസി ചിന്തിച്ചു. നേരത്തേ വിശ്രമിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്ത സ്ഥലത്തുനിന്നാണ് ഇവർ തന്റെ കൂടെ പോന്നതെന്ന് അദ്ദേഹത്തിനു മനസ്സിലായി. ഉറുമ്പുകളെ അവിടെ എത്തിക്കാൻ വേണ്ടി അദ്ദേഹം തിരിച്ചു നടന്നു.

- വൃദ്ധസന്ന്യാസിയുടെ എന്തു മനോഭാവമാണ് ഈ പ്രവൃത്തിയിലൂടെ വെളിവാകുന്നത്?

# അടയ്ക്ക പെറുക്കുന്നവർ

പത്തിരുപത്തിയഞ്ചു വർഷംമുമ്പ് നാടുവിട്ടുപോയ ഒരു മനുഷ്യൻ ഇന്നു കാലത്ത് ഞാൻ ഷേവിങ് ക്രീം പുരട്ടി നിൽക്കുമ്പോൾ മടങ്ങിവരുന്നു.

"ദേ, പുറത്ത് ഒരാൾ കാണാൻ വന്നിരിക്കുന്നു."

വിളിച്ചു പറയുന്നത് ഭാര്യ.

"ആരാ" - ഞാൻ ചോദിച്ചു.

"എനിക്കറിയില്ല. ചേട്ടന്റെ കൂട്ടുകാരനാണെന്നു പറഞ്ഞു."

"എന്റെ കൂട്ടുകാരെ നിനക്കറിയില്ലേ?"

"അറിയാം. പക്ഷേ, ഇയാളെ ഞാൻ കണ്ടിട്ടില്ല."

ഞാൻ ഇറേസർകൊണ്ട് ക്രീം വലിച്ചുമാറ്റി വാഷ്ബേസിനിലിട്ട് അതിനുമേൽ വെള്ളം ശക്തിയായി വീഴ്ത്തി ടവ്വലിൽ മുഖം പൊതിഞ്ഞെടുത്ത് പൂമുഖത്തേക്കു നടന്നു.



"ജഗന് എന്നെ മനസ്സിലായോ?"

കായസഞ്ചി ചുരുട്ടിപ്പിടിച്ച് മുൻ വരിയിലെ ഇളകിപ്പോയ രണ്ടു പല്ലുകൾ ഉണ്ടാക്കിയ വിടവിലൂടെ ഒരാൾ മുറ്റത്തുനിന്നു ചിരിക്കുന്നു. ആ മുഖം ഞാൻ അരിച്ചുപെറുക്കി.

മൂക്കിനു താഴെ ഇടതുവശത്തായി ഒരു കരുവാറ്റ. പുരികത്തിൽ വന്നുവീഴുന്ന കോലൻമുടി. ഒരു പാമ്പിൻപത്തിയുടെ സർവാധികാരത്തോടുകൂടികൊത്താൻ തയാറായിനിൽക്കുന്ന ആ മൂക്ക്.

ഈ പിടികിട്ടാപ്പുള്ളി ചന്ദ്രേട്ടനാണ്. അപ്പോൾ, ഒരു വാച്ചിനേക്കാൾ എളുപ്പത്തിൽ പത്തിരുപത്തിയഞ്ചു വർഷത്തെ എന്റെ ശരീരത്തിൽ നിന്ന് എനിക്ക് അഴിച്ചുമാറ്റാൻ പറ്റി. ഞാനിപ്പോൾ പത്തുവയസ്സു

കാരനായ, ചന്ദ്രൻ എന്ന വേലക്കാരന്റെകൂടെ ഓരോ സംശയങ്ങളുമായി കറങ്ങിനടക്കുന്ന കുട്ടിയാണ്. എന്റെ ട്രൗസറിന്റെ പിറകിൽ ഒരോട്ടയുണ്ട്. അതിലൂടെ അമ്പതു പൈസ വട്ടത്തിൽ എന്റെ ചന്തി കാണാം. ചന്ദ്രേട്ടന്റെ കണ്ണിലേക്കു നോക്കിയപ്പോൾ കാറ്റിൽ കവുങ്ങുകൾ മെല്ലെ ആടി. ഞാൻ ആ കൈകൾ അമർത്തിപ്പിടിച്ചു.

എനിക്ക് ഓർമ്മവച്ച നാൾതൊട്ട് ചന്ദ്രേട്ടൻ ഞങ്ങളുടെ ഒലക്കോട്ടിൽ കിടക്കുന്നുണ്ട്. കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മുറിയുടെ ഭിത്തിയോടു ചേർത്ത് കളിമണ്ണിൽ ഉണ്ടാക്കിയ കോഴിക്കൂടിനു മുകളിൽ ചാക്കും അതിനുമേൽ പുൽപ്പായയും വിരിച്ചാണ് എന്നേക്കാൾ പത്തു വയസ്സിനു മൂപ്പുള്ള ചന്ദ്രേട്ടൻ ഉറങ്ങിയിരുന്നത്.

നേരം പരപരാന്നു വെളുക്കുമ്പോ മുത്തശ്ശൻ, ചുരുണ്ടുകിടക്കുന്ന ചന്ദ്രേട്ടനെയും വിളിച്ച് അടയ്ക്ക പെറുക്കാൻ തോട്ടത്തിലേക്കു പോകും. മഞ്ഞുപുരണ്ട പുല്ലിലൂടെ നടക്കാൻ ഇഷ്ടമായതുകൊണ്ട് പിറകേ ഞാനും ചാടിയിറങ്ങും.

ഞങ്ങളുടെ ഒച്ച കേൾക്കുമ്പോൾ കവുങ്ങുകൾക്കിടയിൽ തങ്ങി നിൽക്കുന്ന നേരിയ ഇരുട്ടിൽനിന്ന് ചുണ്ടിൽ പഴുത്ത അടയ്ക്കയുടെ ചാറുപറ്റിയ വവ്വാലുകൾ പറന്നുകളിക്കും.

വവ്വാലുകൾ ഈമ്പിയിട്ട അടയ്ക്കകൾ പെറുക്കുന്നതിനിടയിൽ ചന്ദ്രേട്ടൻ ചിലപ്പോൾ തീപോലെ ചുവന്ന ഒരെണ്ണം എടുത്ത് എന്റെ കവിളിൽ മെല്ലെ തഴുകും. എനിക്കപ്പോൾ എന്തെന്നില്ലാത്ത സുഖം തോന്നും. അപ്പോൾ എന്റെ കണ്ണുകൾ മെല്ലെ അടയും.

“ഇത്രേംകാലം ചന്ദ്രേട്ടൻ എവിടെയായിരുന്നു?” ഞാൻ ചോദിച്ചു.


വിളമ്പിവച്ച പ്രാതലിൽനിന്ന് കണ്ണെടുക്കാതെ അയാൾ സ്വയം ഒന്നു ചിരിച്ചു. മൂക്കിന്റെ അറ്റം തടവി തെല്ലിട മിണ്ടാതെയിരുന്ന് പിന്നെ ഇഡ്ഡലി എടുത്ത് കഴിക്കാൻ തുടങ്ങി. “കുടുംബമൊക്കെ....” വീട്ടിൽ കേറിവന്ന, ഭർത്താവിന്റെ പഴയ കൂട്ടുകാരനോട് എന്തെങ്കിലും ചോദിക്കണമല്ലോ എന്നു കരുതിയാവും രേഖ ഇത്തിരി ചട്ണി പലഹാരത്തിനുമേൽ ഒഴിച്ച് ഒരു സൗഹൃദസംഭാഷണത്തിനു തുടക്കമിട്ടു. ചന്ദ്രേട്ടൻ അതിനും ഉത്തരം പറഞ്ഞില്ല. പക്ഷേ, ഇത്തവണ മുഖത്ത് ചിരി ഉണ്ടായില്ല. കഴിച്ചു കഴിഞ്ഞ പാത്രം എടുത്ത് ചന്ദ്രേട്ടൻ പുറത്തേക്കു നടന്നു. ഭാര്യ എന്നെ നോക്കി. കഴുകിയ പ്ലേറ്റ് ചന്ദ്രേട്ടൻ അടുക്കളപ്പുറത്തു കമഴ്ത്തിവച്ച് പൂമുഖത്തേക്കു നടന്നു. മുറ്റത്തെ പിണ്ണിയിൽ കുത്തിയിരുന്ന് തോട്ടത്തിലേക്കു കണ്ണയച്ചു. ഇടയ്ക്ക് എന്നെ ഒന്നു തറപ്പിച്ചുനോക്കി. ഈ തോട്ടം നീ ഇങ്ങനെ അലങ്കോലമാക്കിക്കളഞ്ഞില്ലേ എന്ന പരിഭവവും അമർഷവുമൊക്കെ ആ കണ്ണുകളിൽ ഉണ്ടായിരുന്നു.

മുത്തശ്ശൻ മരിച്ചപ്പോൾ എന്റെ അമ്മയ്ക്ക് ഭാഗം കിട്ടിയതാണ്. അമ്മ ചേച്ചിയുടെ കൂടെ ഷാർജയിൽ സ്ഥിരതാമസമാക്കിയപ്പോൾ തോട്ടത്തിന്റെ അവകാശി ഞാനായി. ഒരു ബുക്ക് പബ്ലിഷിങ് കമ്പനി തരക്കേടില്ലാതെ

നടത്തിക്കൊണ്ടുപോകുന്നതിനിടയിൽ എനിക്കു തോട്ടം നോക്കാൻ നേരം കിട്ടാതായി.

കാടുവെട്ടിത്തെളിച്ചിട്ട് വർഷം രണ്ടു കഴിഞ്ഞു. തടം എടുക്കാറില്ല; വളം ചെയ്യാറില്ല. അതിനിടയിൽ പലതരം രോഗങ്ങൾ ബാധിച്ച് ഭൂരിഭാഗം കവുങ്ങുകളുടെയും തല പോയി. പന്തലിനും വേലിക്കുമൊക്കെയായി ആളുകൾ വന്ന് ചിലതൊക്കെ വെട്ടിക്കൊണ്ടുപോയി.

“ഇയാളിന്ന് പോവ്വോ?” രേഖ ചോദിച്ചു. പുറമേ അതിഥിയോട് ഇത്തിരി വാത്സല്യമൊക്കെ കാണിച്ചെങ്കിലും തികച്ചും അജ്ഞാതനായ ഒരാളുടെ സാന്നിധ്യം അവളെ അലട്ടിത്തുടങ്ങിയിട്ടുണ്ടെന്ന് ആ ചോദ്യത്തിൽ നിന്ന് മനസ്സിലായി. “അറിയില്ല”-ഞാൻ പറഞ്ഞു. അവൾ എന്നെ രൂക്ഷമായി നോക്കി അകത്തേക്കു വലിഞ്ഞു. ചന്ദ്രേട്ടൻ നേരേ തോട്ടത്തിലേക്കിറങ്ങി. മെഷീൻ പുരയൊക്കെ ചിതലരിച്ച് ഒരു ഭാഗം അങ്ങനെതന്നെ ഒടിഞ്ഞു തൂങ്ങിക്കിടക്കുന്നു. തുരുമ്പിച്ച പൈപ്പിനുമേൽ കുറേ മരത്തവളകൾ. ചന്ദ്രേട്ടനെ കണ്ടതും അവ ഉറക്കെക്കരഞ്ഞു. കിണറ്റിൽ നിറയെ പായലാണ്. കവുങ്ങിൽനിന്ന് വല്ലപ്പോഴും ഒരു കളിയടയ്ക്ക കുതിച്ചുവന്ന് അതിന്റെ പായലുകൾ പതുക്കെ നീക്കും. വീണ്ടും പഴയപോലെയാകും. അതോടെ കവുങ്ങും കിണറും തമ്മിലുള്ള ഓർമ്മപുതുക്കൽ അവസാനിക്കും.



ചന്ദ്രേട്ടനെ തോട്ടത്തിൽ ഉപേക്ഷിച്ച് ഞാൻ കാർ സ്റ്റാർട്ട് ചെയ്തു. ഇത്ര താമസിച്ചപ്പോഴേക്കും ഓഫീസിൽനിന്നു വിളി വന്നു.

രാത്രി തിരിച്ചെത്തി കാർ പോർച്ചിൽ കയറ്റുന്നതിനിടയിൽ ഭാര്യ ഓടിവന്നു. കാലത്ത് മുഖത്തുകണ്ട നീരസവും ഭയവുമൊക്കെ മാറി അവൾ ആകപ്പാടെ സന്തോഷത്തിലാണ്. എന്റെ കൈയിൽ പിടിച്ചുവലിച്ച് രേഖ ഒലക്കോട്ടിനു നേരെ നടന്നു. ലൈറ്റിട്ടു. കോഴിക്കൂട്ടിനു പുറത്തു പായവിരിച്ച് ഉറങ്ങിക്കിടക്കുന്ന ചന്ദ്രേട്ടൻ. ചുമരിലെ ആണിയിൽ തൂക്കിയിട്ടിരിക്കുന്ന കായസഞ്ചി. ചന്ദ്രേട്ടനെ വിളിച്ചുണർത്തി പച്ചപ്പുല്ലിലെ മഞ്ഞുതുള്ളികൾ ചവിട്ടിപ്പൊട്ടിച്ചുകൊണ്ട് തോട്ടത്തിലേക്ക് ഓടണമെന്ന് എനിക്കു തോന്നി. മഞ്ഞിൽ കഴുകിയെടുത്ത എന്റെ ഉള്ളംകാലുകൾ. അതിൽ പറ്റിയ തൊട്ടാവാടിയുടെ വിത്ത്. തള്ളവിരൽ മുറിച്ചുകടക്കുന്ന ഒരു കുഞ്ഞുറുമ്പ്. “അകത്തു കിടത്താമായിരുന്നില്ലേ?” ഞാൻ ഭാര്യയെ കുറ്റപ്പെടുത്തി. “പറഞ്ഞതാ. പക്ഷേ, കേൾക്കേണ്ടേ. ഇന്നു

മുഴുവൻ തോട്ടത്തിലായിരുന്നു. കാടൊക്കെ കുറേ വെട്ടി. മണ്ടപോയ കവുങ്ങുകൾ മുറിച്ചുമാറ്റാൻ ആൾക്കാരെ ഏർപ്പാടാക്കിയിട്ടുണ്ട്." എന്തിനാണു ചന്ദ്രേട്ടൻ വീണ്ടും ഈ തോട്ടം അന്വേഷിച്ചുവന്നത്? ആലോചിച്ചിട്ട് എനിക്കൊരെത്തും പിടിയും കിട്ടിയില്ല. ഒരു മാസംകൊണ്ട് തോട്ടത്തിന്റെ രൂപംതന്നെ മാറി. വരിയൊപ്പിച്ചു നട്ട പുതിയ കവുങ്ങിൻതൈകൾ കാറ്റിൽ ആടി.

കിണറ്റിലെ ചപ്പുചവറുകൾ നീക്കി. ഡീസൽമെഷീൻ വീണ്ടും പ്രവർത്തനസജ്ജമായി. തെളിഞ്ഞ വെള്ളത്തിൽ തവളകൾ ചാടിമറഞ്ഞു. തോട്ടിൽ ചിറ ഉയർന്നു. ഒരു കൊക്കു വന്നു വെള്ളത്തിലേക്കു നോക്കി. ഒരാളെ വെറുതെ ഇങ്ങനെ പണിയെടുപ്പിക്കുന്നതു ശരിയാണോ? കൂലിയായി എന്തെങ്കിലും ഒരു തുക പറഞ്ഞുറപ്പിക്കണമെന്ന് ഞാൻ ആലോചിച്ചു. വേതനത്തിന്റെ കാര്യത്തെപ്പറ്റി സംസാരിച്ചപ്പോൾ ചന്ദ്രേട്ടൻ ഒന്നും പറയാതെ പതിവുപോലെ എന്നെ നോക്കി ചിരിച്ച് പണിസാധനങ്ങളുമായി തോട്ടത്തിലേക്കു നടന്നു.

"ഈ ചന്ദ്രേട്ടൻ കള്ളനായിരുന്നോ?"

ഒരു ദിവസം അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഭാര്യ എടുത്തടിച്ചപോലെ ചോദിച്ചു.

"മൂപ്പർക്കു മോഷണത്തിന്റെ പരിപാടിയൊക്കെ ഉണ്ടായിരുന്നു എന്നു കേട്ടു. ചുറ്റുവട്ടത്തുള്ളവർതന്നെയാ പറഞ്ഞത്. ശരിയാണോ?"

ഞാനൊന്നും മിണ്ടിയില്ല. "ഇവിടന്ന് എന്തോ മോട്ടിച്ചതിന്റെ പേരിലല്ലേ മുത്തശ്ശൻ അങ്ങേരെ ഓടിച്ചുവിട്ടത്?" അവൾ ഒരു ചർച്ചയ്ക്ക് തയാറായി എന്റെ നേരെ ഇരുന്നു.. "അധികം വിശ്വസിക്കണ്ട. നിങ്ങളില്ലാത്ത നേരത്ത്



എന്റെ തലയ്ക്കടിച്ച് ഉള്ളതൊക്കെ വാരിക്കെട്ടി മൂപ്പര് ഒരു പോക്കുപോകും. അങ്ങേർക്ക് എന്തോ ഉദ്ദേശ്യമുണ്ട്. അല്ലെങ്കിൽ ഒരു നയാപൈസപോലും വാങ്ങാതെ അങ്ങേരിതെന്തിനാ ഇവിടെക്കിടെന്ന് വിയർക്കുന്നേ?"

അന്നു രാത്രി എനിക്കുറങ്ങാൻ കഴിഞ്ഞില്ല. കണ്ണടയ്ക്കുമ്പോൾ ചെവിനിറയെ ചന്ദ്രേട്ടന്റെ നിലവിളിയാണ്. കവുങ്ങിൻ കുരച്ചിൽ എടുത്ത് രാജൻ പോലീസ് മുറ്റത്തിട്ട് ചന്ദ്രേട്ടനെ തലങ്ങും വിലങ്ങും തല്ലുന്നു. ശരീരത്തിൽ ഒരു കഷണം തുണിപോലുമില്ല. "കൊല്ല് രാജാ ഓനെ..... അച്ഛനും അമ്മേം ചത്ത് തെണ്ടിത്തിരിഞ്ഞു നടന്നോനാ ഇവൻ. ഈടെക്കൊണ്ടന്ന് ഈ നായിക്ക് ചോറ് കൊടുത്ത എന്നെ വേണം പറയാൻ-"

മുത്തശ്ശൻ കലിതുള്ളുന്നു. "ഓന്റെ നടുപ്പുറം അടിച്ച് പൊളിക്ക് രാജാ." തന്റെ നഗ്നത കാണാതിരിക്കാൻ മുട്ടുകൾക്കിടയിൽ മുഖം പൂഴ്ത്തി നിലത്തുകിടന്നു പിടയുകയാണ് ചന്ദ്രേട്ടൻ. ഞാൻ ഉറക്കെക്കരഞ്ഞു. അമ്മ എന്റെ വായപൊത്തി: "ഓൻ കള്ളജാതിയാ, ഓനത് കിട്ടണം." തല്ലിത്തല്ലി കുരച്ചിൽ പിഞ്ഞിയപ്പോൾ രാജൻപോലീസ് നെറ്റിയിലെ വിയർപ്പു വടിച്ചെടുത്ത് കാക്കിട്രൗസറിൽ തുടച്ചു. സോക്സ് വലിച്ചുകേറ്റി കൂർമ്പൻതൊപ്പി നെറുകയിൽവച്ചു. പോകുന്ന



പോക്കിൽ കള്ളന്റെ അരക്കെട്ടുനോക്കി ഒരു ചവിട്ടുകൂടി കൊടുത്തു. "അമ്മേ......" ചന്ദ്രേട്ടന്റെ നിലവിളി പകുതിവച്ച് മുറിഞ്ഞു. ഞാൻ കണ്ണു പൊത്തി. പിന്നെ ഞാൻ ചന്ദ്രേട്ടനെ കാണുന്നത് ഇപ്പോഴാണ്.

പുസ്തകക്കച്ചവടരംഗത്ത് ഉണ്ടായ നഷ്ടം എനിക്കു വലിയ ബാധ്യതകൾ ഉണ്ടാക്കി. അപ്പോഴേക്കും ചന്ദ്രേട്ടൻ വളർത്തിയ കവുങ്ങുകൾ ഒന്നൊന്നായി കുലച്ചുതുടങ്ങി. അടർന്നുവീണ കുമ്പാളകളും പൂക്കുലയും വെളുത്ത അരികളും എന്നെ വിസ്മയപ്പെടുത്തി. കാറ്റിൽ കവുങ്ങിൻപട്ടകൾ വീഴുമ്പോൾ ഉറക്കത്തിൽ ഓരോ തവണയും ചന്ദ്രേട്ടൻ ഉണർന്നു. നെഞ്ചിൽ കൈവച്ച് അയാൾ അനങ്ങാതെ കിടന്നു. തോട്ടത്തിൽ വാവലുകളുടെ ഒച്ച ഉയർന്നപ്പോൾ ചന്ദ്രേട്ടൻ ഓടിവന്നു.

അടയ്ക്ക പഴുത്തുതുടങ്ങി. മാസങ്ങൾക്കുള്ളിൽ തോട്ടം വിളവെടുക്കാൻ പാകത്തിൽ ചുവന്നു കത്തിക്കിടന്നു. തടത്തിലെ മഞ്ഞിൽ വീണുകിടക്കുന്ന ഒരടയ്ക്ക എടുത്ത് ചന്ദ്രേട്ടൻ അറിയിച്ചു: "അടയ്ക്ക പൊളിക്കാൻ ആളെ വിളിച്ചോളൂ." ഞാൻ ചന്ദ്രേട്ടന്റെ തോളിൽ രണ്ടു കൈകൊണ്ടും അമർത്തിപ്പിടിച്ചു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ശാന്തമായ ഒരു ചിരി ചന്ദ്രേട്ടന്റെ മുഖത്തു ഞാൻ കണ്ടു. അദ്ദേഹം പഴുത്ത അടയ്ക്കകൊണ്ട് എന്റെ നനഞ്ഞ കവിളുകൾ പതുക്കെ ഒന്നു തലോടി. ഞാൻ കണ്ണുകൾ അടച്ചു.

പിറ്റേന്നു കാലത്ത് ഭാര്യ വന്നു കുലുക്കിവിളിച്ചു. ചന്ദ്രേട്ടനെ കാണാനില്ല. ഞാൻ ഞെട്ടലോടെ ചാടി എണീറ്റു.

ഒലക്കോട്ടിലെത്തി. കോഴിക്കൂടിനു പുറത്ത് പുൽപ്പായ മടക്കിവച്ചിട്ടുണ്ട്. ഭിത്തിയിലെ കായസഞ്ചി കാണാനില്ല. ഭാര്യ അലമാരയും മറ്റും പരിശോധിച്ച് ആശ്വാസത്തോടെ മടങ്ങി വന്നു. ചന്ദ്രേട്ടൻ പോയെന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അടയ്ക്ക പൊളിക്കാൻ കത്തിയും തളയുമായി മുറ്റത്തുവന്നവരെ ഭാര്യ തോട്ടത്തിലേക്കയച്ചു. ചന്ദ്രേട്ടന്റെ തിരോധാനം അവളെ സ്പർശിച്ചിട്ടേയില്ല. നേരം ഇരുട്ടിത്തുടങ്ങിയപ്പോഴേക്കും മുറ്റത്ത് അടയ്ക്കയുടെ ഒരു കുന്നുയർന്നു. ചിതറിയ അടയ്ക്കകളെ വിത്തുട്ടി എടുത്ത് ഭാര്യ വലിച്ചുകൂട്ടുന്നു. അടയ്ക്കയുടെ കനലിൽനിന്ന് ഒരു വെളിച്ചം മെല്ലെ ഇരുട്ടിനു നേരെ പൊങ്ങിവന്നു. അന്നത്തെ പണി കഴിഞ്ഞ് ആളുകൾ പിരിഞ്ഞു.

രാത്രി ഓരോന്നാലോചിച്ച് കണ്ണു തുറന്നു കിടക്കുന്ന എന്നെ നോക്കി ഭാര്യ പറഞ്ഞു: "ചന്ദ്രേട്ടൻ പോയപ്പോഴാ ഒന്ന് ശ്വാസം നേരെ വീണത്. അയാൾ ശരിക്കും കള്ളനായിരുന്നോ?" ഞാൻ ഒന്നും മിണ്ടിയില്ല. എന്റെ മൗനത്തിലേക്ക് നോക്കി അവൾ വീണ്ടും ചോദിച്ചു: "അയാൾ പണ്ട് ഇവിടന്ന് എന്താ മോഷ്ടിച്ചത്?"

"ഒരു കുല അടയ്ക്ക." - ഞാൻ പറഞ്ഞു. അപ്പോൾ ഇരുട്ടിൽനിന്ന് ഒരു തേങ്ങൽ കേട്ടു.

- സന്തോഷ് ഏച്ചിക്കാനം

(നരനായും പറവയായും )

*കരുവാറ്റ = കരിംപുള്ളി. ഒലക്കോട്ട് = ഉലക്ക കൊണ്ട് നെല്ലിടിച്ച് അരിയാക്കുന്ന മുറി. കുരച്ചിൽ = അടയ്ക്ക തല്ലിക്കൊഴിച്ച് കളഞ്ഞാൽ കിട്ടുന്ന ഭാഗം. പിണി = മുറ്റവരമ്പ് വിത്തൂട്ടി = വിത്ത് വലിച്ചുകൂട്ടുന്ന ഒരു നാടൻ ഉപകരണം*

### വായിക്കാം കണ്ടെത്താം

- ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ? അവരെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? ചർച്ചചെയ്യുക.
- ചന്ദ്രേട്ടനെക്കുറിച്ചുള്ള ജഗന്റെ ഓർമ്മകൾ എന്തെല്ലാം? അവയിൽ നിങ്ങളുടെ മനസ്സിനെ സ്പർശിച്ചതെന്ത്?
- "എന്തിനാണ് ചന്ദ്രേട്ടൻ വീണ്ടും ഈ തോട്ടം അന്വേഷിച്ചു വന്നത്? ആലോചിച്ചിട്ട് എനിക്കൊരെത്തും പിടിയും കിട്ടുന്നില്ല." ജഗന്റെ ഈ ചോദ്യത്തിന് നിങ്ങൾക്ക് എന്ത് ഉത്തരം നൽകാനാവും?

### വിശകലനം ചെയ്യാം

- ഈ കഥയിൽ ചന്ദ്രേട്ടന്റെ രൂപം, വേഷം, സ്വഭാവം, പെരുമാറ്റം തുടങ്ങിയവ സൂചിപ്പിക്കുന്ന പദങ്ങളും പ്രയോഗങ്ങളും ഏതെല്ലാമാണ്? അവ നിങ്ങളുടെ മനസ്സിൽ ഉണ്ടാക്കിയ ചന്ദ്രേട്ടന്റെ ചിത്രമെന്ത്?
- ജഗന്റെ ഓർമ്മയിലെ വീടും തോട്ടവും ജീവിതരീതിയും, നാടുവിട്ടോടിപ്പോയ ചന്ദ്രേട്ടൻ തിരിച്ചെത്തിയ സമയത്തെ വീടും തോട്ടവും ജീവിതരീതിയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
- ചന്ദ്രേട്ടന്റെ നിരവധി ശീലങ്ങൾ ഈ കഥയിൽ വ്യക്തമാവുന്നുണ്ട്. അവയിൽ ഏതെല്ലാമാണ് നിങ്ങൾക്ക് അനുകരണീയമായി തോന്നുന്നത്? എന്തുകൊണ്ട്?

### അന്നും ഇന്നും

- ഈ കഥയിൽ പഴയ കാലവും പുതിയ കാലവും കടന്നുവരുന്നുണ്ട്. ഏതെല്ലാം സൂചനകളിലൂടെയാണ് ഈ രണ്ടു കാലങ്ങളെയും അവതരിപ്പിക്കുന്നത്? കുറിപ്പ് തയാറാക്കുക.

### അർഥതലങ്ങൾ കണ്ടെത്താം

- "അപ്പോൾ ഇരുളിൽനിന്ന് ഒരു തേങ്ങൽ കേട്ടു." ആരുടെ തേങ്ങലാവാമത്? ആ തേങ്ങലിന് പിന്നിലുള്ള വികാരങ്ങൾ എന്തൊക്കെയാവും?

## ജഗന്റെ ഡയറി

- ചന്ദ്രേട്ടൻ മർദ്ദനത്തിനിരയായ ദിവസം ജഗൻ എഴുതാനിടയുള്ള ഡയറി എന്താവാം? എഴുതിനോക്കൂ.

## വാക്കിന്റെ ഭംഗി

- "കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മുറി" - കഥയിലെ ഈ പ്രയോഗം ശ്രദ്ധിക്കൂ.

മുറി
തേയ്ക്കാത്ത മുറി
മണമുള്ള തേയ്ക്കാത്ത മുറി
കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മുറി.

ഓരോ വിശേഷണം ചേരുമ്പോഴും 'മുറി' എന്ന വാക്കിന് വികാസമുണ്ടാവുന്നത് എങ്ങനെ? ചർച്ചചെയ്യുക.

- ചന്ദ്രൻ, കുളം, തോട്ടം, അടയ്ക്ക എന്നിവയ്ക്ക് കഥയിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ നൽകിയ വിശേഷണങ്ങൾ കണ്ടെത്തുക.

## കഥ പറയും രീതി - സെമിനാർ

- രചനാരീതി ഈ കഥയെ എത്രമാത്രം ആകർഷകമാക്കുന്നു? താഴെ കൊടുത്തിരിക്കുന്ന സൂചനകൾ പരിഗണിച്ച് പ്രബന്ധം തയാറാക്കി ക്ലാസിൽ നടക്കുന്ന സെമിനാറിൽ അവതരിപ്പിക്കൂ.

  - കഥപറയുന്ന ആൾ
  - കഥയുടെ തുടക്കവും ഒടുക്കവും
  - കഥാപാത്രങ്ങളുടെ അവതരണം
  - പദങ്ങളും പ്രയോഗങ്ങളും



# വീണപൂവ്



ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ!
ശ്രീഭൂവിലസ്ഥിരയസംശയമിന്നു നിന്റെ-
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ.

ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ.

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ.

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വവുമയേ, തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ.



ഈവണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ,
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

(വീണപൂവ്) - കുമാരനാശാൻ

## വായിക്കാം കണ്ടെത്താം

- പൂവിന്റെ ശൈശവകാലത്തെ അവതരിപ്പിക്കുന്നത് എപ്രകാരമാണ്?
- ബാല്യം പിന്നിട്ടതോടെ പൂവിനു വന്ന മാറ്റങ്ങൾ എന്തെല്ലാമാണ്?
- "അമ്മ കുഞ്ഞിനെ എന്നപോലെയാണ് ചെടി പൂവിനെ സംരക്ഷിക്കുന്നത്." ഈ പ്രസ്താവനയെ സാധൂകരിക്കുന്ന എന്തെല്ലാം പ്രയോഗങ്ങളാണ് കവിതയിലുള്ളത്?

## വിശകലനം ചെയ്യാം

- 'രാജ്ഞി കണക്കയേ നീ' - പൂവിനെ രാജ്ഞിയോട് സാദൃശ്യപ്പെടുത്തിയതിലെ ഔചിത്യം എന്ത്?
- പൂവിന്റെ വളർച്ചയെ കവി എപ്രകാരമാണ് ആവിഷ്കരിച്ചിരിക്കുന്നത്?
- ശ്രദ്ധാലുവായ ഒരു വിദ്യാർഥിനിയുടെ ഭാവം പൂവിൽ സങ്കൽപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്? സ്വന്തം വാക്യത്തിൽ വിവരിക്കുക.
- പൂവ് ബാല്യം ചെലവിട്ടത് എങ്ങനെയാണ്?
- പൂവിലൂടെ ഒരു ജീവിതമാണ് കവി ആവിഷ്കരിക്കുന്നത്. കാവ്യഭാഗം വിശകലനം ചെയ്ത് ഈ പ്രസ്താവന പരിശോധിക്കുക.

## വാക്കിൽനിന്ന്

- 'പല്ലവപുടം' എന്നാൽ പല്ലവത്തിന്റെ പുടം - എങ്കിൽ
    - ദലമർമ്മരം
    - താരാജാലം
    - ആലോലവായു

  എന്നീ പദങ്ങൾ എങ്ങനെ മാറ്റിയെഴുതാം?
- "പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു"
  പദങ്ങൾ വിട്ടുവിട്ടാണ് ഈ വരി ചൊല്ലുന്നത്.
  എന്നാൽ ഈ വരി ചൊല്ലിനോക്കൂ.
  'ശ്രീഭൂവിലസ്ഥിര'
- പദങ്ങൾ ചേർത്തുചൊല്ലുന്ന മറ്റു വരികൾ ഏതൊക്കെയാണ്? അവയിലെ പദങ്ങൾ പിരിച്ചു പറയാമോ?

## പ്രയോഗസവിശേഷത കണ്ടെത്താം

- 'പെറ്റ ലത ലാളിച്ചു' എന്നതിനു പകരം 'ലാളിച്ചു പെറ്റ ലത' എന്നാണ് കവി പ്രയോഗിച്ചിരിക്കുന്നത്. സമാനമായ പ്രയോഗങ്ങൾ കവിതയിൽനിന്ന് കണ്ടെത്തി സവിശേഷതകൾ ചർച്ചചെയ്യുക.

## കവിതയിൽനിന്ന് കവിയിലേക്ക്

- കുമാരനാശാന്റെ ജീവചരിത്രക്കുറിപ്പ് തയാറാക്കുക.
  - കാലം
  - സാമൂഹികപശ്ചാത്തലം
  - പ്രധാന കൃതികളും അവയുടെ സവിശേഷതകളും
  - വ്യക്തിഗതമായ വിവരങ്ങൾ
  -
  -
- നിങ്ങൾ തയാറാക്കിയ ജീവചരിത്രക്കുറിപ്പ് അധ്യാപിക അവതരിപ്പിച്ച മാതൃകയുമായി തട്ടിച്ചുനോക്കൂ.
  നിങ്ങൾ തയാറാക്കിയതിന്റെ മെച്ചങ്ങൾ എന്തെല്ലാം? പരിമിതികൾ എന്തെല്ലാം?

# അഴീക്കോട് സംസാരിക്കുന്നു

*(സുകുമാർ അഴീക്കോടുമായി എം. എൻ. കാരശ്ശേരി നടത്തിയ അഭിമുഖ സംഭാഷണത്തിൽനിന്ന്)*



പ്രൊഫസർ അൽപ്പം ക്ഷീണിച്ചിട്ടുണ്ടല്ലോ എന്ന കാരശ്ശേരിയുടെ ചോദ്യത്തിന് അദ്ദേഹം ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. "ചടച്ച ശരീരം എനിക്ക് ജന്മസിദ്ധമാണ്. വിശേഷിച്ച് ക്ഷീണമൊന്നുമില്ല. പിന്നെ, യാത്രാക്ഷീണമുണ്ട്. ഞാൻ മാർപാപ്പയെക്കാണാൻ മദിരാശിയിൽ പോയി. ഇപ്പോൾ വന്നുകയറിയതേയുള്ളൂ. പത്രത്തിൽ കണ്ടിരിക്കുമല്ലോ. രാജാജി ഹാളിൽവച്ച് മാർപാപ്പ മറ്റു മതക്കാരെ കാണുന്ന ഒരു ചടങ്ങുണ്ടായിരുന്നു."

കാരശ്ശേരി : ചടങ്ങു നന്നായോ?

അഴീക്കോട് : ഗംഭീരം. ചടങ്ങിൽ ഞാനാണ് കൃതജ്ഞത പറഞ്ഞത്. ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിൽനിന്നും ഒരുപാട് പ്രമുഖ വ്യക്തികളുണ്ടായിരുന്നു. ആ ദർശനം അവിസ്മരണീയമായ ഒരനുഭവമാണ്; അത്തരമൊരു ചടങ്ങും. എനിക്ക് എന്തെന്നില്ലാത്ത ചാരിതാർഥ്യം തോന്നുന്നു.

കാരശ്ശേരി : പ്രൊഫസറുടെ പ്രസംഗത്തെപ്പറ്റി അവിടെ എന്തായിരുന്നു പ്രതികരണം?

അഴീക്കോട്: ങ്ആ... അതാണ് എനിക്കേറ്റവും ചാരിതാർഥ്യ ജനകമായിത്തോന്നിയത്. വാചാപ്രസംഗം അനുവദിച്ചിരുന്നില്ല. ഞാൻ പ്രസംഗം ഇംഗ്ലീഷിൽ എഴുതിവായിക്കുകയായിരുന്നു. അതു കഴിഞ്ഞയുടനെ മാർപാപ്പ സ്വസ്ഥാനത്ത് എഴുന്നേറ്റുനിന്ന് പുഞ്ചിരിച്ചുകൊണ്ട് എനിക്ക് കൈ തന്നു. കൃതജ്ഞത പറയുന്നവന് ഹസ്തദാനം ചെയ്യുന്നത് ഞാനാദ്യമായി കാണുകയാണ്. ആറടിയിലധികം പൊക്കമുള്ള, സുന്ദരനും തേജസ്വിയുമായ ആ മഹാപുരോഹിതന്റെ വിനയപ്രകടനം വല്ലാത്തൊരനുഭവമായിരുന്നു.

കാരശ്ശേരി : പ്രൊഫസർ ആദ്യമായി പ്രസംഗിച്ചതിനെപ്പറ്റി ഓർമ്മയുണ്ടോ?

അഴീക്കോട് : എലിമെന്ററി ക്ലാസിൽ പഠിക്കുമ്പോൾ എം.ടി. കുമാരൻ മാസ്റ്റർ 'പുനർജന്മ'ത്തെപ്പറ്റി എഴുതിത്തന്ന ഒരു പ്രസംഗം കാണാതെ പഠിച്ചു പറഞ്ഞതാണ് എന്റെ ആദ്യത്തെ പ്രസംഗം. ആദ്യമായി ഞാനൊരു പൊതുപ്രസംഗം നടത്തുന്നത് കണ്ണൂരിലാണ് - പത്തൊൻപതാം വയസ്സിൽ. അന്ന് ബി. കോമിന് പഠിക്കുകയാണ്. 'ആശാന്റെ തത്ത്വചിന്തയും ഭാരതീയവീക്ഷണവും' എന്നതായിരുന്നു വിഷയം.



കാരശ്ശേരി : പ്രസംഗകലയിലേക്ക് താങ്കൾ എത്തിപ്പെട്ട സാഹചര്യമേതാണ്?

അഴീക്കോട് : ഞാൻ കുട്ടിക്കാലത്ത് വലിയ ലജ്ജാശീലനായിരുന്നു. വീട്ടിൽ അതിഥികൾ വന്നാൽ അവരോട് വർത്തമാനം പറയേണ്ടിവരുമെന്ന് പേടിച്ച് തൊടിയിൽ പോയി നിന്ന അനുഭവംപോലുമുണ്ട്. പിന്നെ, മുതിർന്നപ്പോൾ-എന്നുവച്ചാൽ പത്തുപതിനഞ്ച് വയസ്സ്- വാഗ്ഭടാനന്ദ ഗുരുദേവൻ, ആര്യഭടൻ, ബ്രഹ്മവ്രതൻ

തുടങ്ങിയവരുടെ പ്രസംഗങ്ങളിൽ ആകൃഷ്ടനായി. കവിതയിലും സംഗീതത്തിലും എന്നപോലെ പ്രസംഗകലയിലും ജന്മസിദ്ധമായ കഴിവും പരിശീലനവും പ്രധാനമാണ്. അതുപോലെ പ്രധാനമാണ് വലിയ മാതൃകകളെ ആത്മസാക്ഷാൽക്കരിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ. ഞാനതാണ് ചെയ്തത്. എനിക്ക് പ്രചോദന സ്രോതസ്സുകളായി അപ്പറഞ്ഞ മാതൃകകളുണ്ടായിരുന്നു.

കാരശ്ശേരി : പ്രൊഫസറുടെ ക്ലാസും പ്രസംഗവും ഒന്ന് താരതമ്യപ്പെടുത്താമോ?

അഴീക്കോട് : ങ്ആ.... അതു രണ്ടും താരതമ്യപ്പെടുത്താൻ വയ്യാത്തത്ര വ്യത്യസ്തമാണ്. പ്രസംഗത്തിൽ ഞാൻ വിഷയത്തിന് കീഴടങ്ങും. ക്ലാസിൽ ഞാൻ വിഷയത്തെ കീഴടക്കുകയാണ്. ക്ലാസിൽ എന്റെ ശബ്ദം ഉയരുകയേ ഇല്ല. അവിടെ ദേഷ്യപ്പെടലും മറ്റും ഉണ്ട്. പരിഹാസവും കൂടും.

കാരശ്ശേരി : പ്രസംഗത്തിലൂടെ ആശയസംവാദം നടത്താനാവുമോ എന്ന് ചിലർ സംശയം ഉന്നയിക്കാറുണ്ട്.

അഴീക്കോട് : പ്രസംഗത്തിൽ നടക്കുന്നത് ആശയസംവാദമോ ആശയപ്രചാരണമോ മാത്രമാണെന്ന തെറ്റിദ്ധാരണയിൽനിന്നാണ് ഈ ചോദ്യം ഉന്നയിക്കുന്നത്. യഥാർഥ പ്രസംഗത്തിൽ സംഭവിക്കുന്നത് വ്യക്തിത്വസംപ്രേഷണം ആണ്. ആത്മാവിഷ്കാരം നടത്തുന്ന കലാകാരന്റെ ആത്മാർഥതയാണ് അവിടെ പ്രശ്നം.

പ്രൊഫ. മുണ്ടശ്ശേരി നമ്മുടെ നാട്ടിലെ ഉജ്ജ്വല വാഗ്മികളിൽ ഒരാളായതിന്റെ പിന്നിലും ഈ വ്യക്തിത്വവും ആത്മാർഥതയുമാണുള്ളതെന്ന് ഞാൻ വിചാരിക്കുന്നു. പ്രസംഗത്തിനു വേണ്ടതായ നേരിയ നർമ്മരസം മുണ്ടശ്ശേരിയിൽ കാണില്ല. ഗദ്യമോ പദ്യമോ ഉദ്ധരിക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. ഭാവനയുടെ അംശം പോലും മുണ്ടശ്ശേരിയുടെ പ്രസംഗത്തിൽ ഉണ്ടാവാറില്ല. ഇതൊക്കെയായിട്ടും പ്രസംഗവേദികളിൽ അദ്ദേഹം അധൃഷ്യനായി നിന്നു. പേമാരിപോലെ ആ വാഗ്ധോരണി കോരിച്ചൊരിയുകയായിരുന്നു. അതിനു പിന്നിലെ ശക്തി ഇപ്പറഞ്ഞ ആത്മാർഥതയാണ്.

കാരശ്ശേരി : പ്രസംഗകന്റെ ചിന്തയും ആശയവും ശ്രോതാവ് പിന്തുടരണം എന്നത് പ്രധാനമല്ലേ?

അഴീക്കോട് : വാക്കിന്റെ ശക്തി അതിലടങ്ങിയ അർഥത്തിന്റെ ശക്തിമാത്രമല്ല; ആ വാക്ക് ഉച്ചരിക്കപ്പെടുന്ന ശബ്ദത്തിന്റേതും കൂടിയാണ്. എന്നെ സംബന്ധിച്ച് അത് ചലനശക്തിയാണ്. ആ അനുഭവം പകർന്നുകൊടുത്ത് ശ്രോതാവിനെ പ്രചോദിപ്പിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. അല്ലാതെ എന്റെ ആശയം ഊതിനിറയ്ക്കാനുള്ള ബലൂണായി അയാളെ ഉപയോഗിക്കാനല്ല.

കാരശ്ശേരി : വലിയ സദസ്സുകളിലെ പ്രസംഗത്തേക്കാൾ ചെറിയ ചർച്ചാക്ലാസിലെ സംസാരത്തിനല്ലേ കൂടുതൽ പ്രസക്തി?

അഴീക്കോട് : ശങ്കരാചാര്യർ പണ്ഡിതന്മാരോടും ശിഷ്യരോടും മാത്രമേ സംസാരിച്ചിരുന്നുള്ളൂ. ക്രിസ്തു അങ്ങനെയല്ല. ബുദ്ധനോ ഗാന്ധിയോ മുഹമ്മദോ അങ്ങനെയല്ല. അവർ മുക്കുവരോടും അക്രമികളോടും അജ്ഞരോടും സംസാരിച്ചു. അതാണ് യഥാർഥ പ്രസംഗകന്റെ നില. അത് വാതിലടച്ച് നടത്തുന്ന ഒരേർപ്പാടല്ല. അതിന്റെ വാതിലുകളും വാതായനങ്ങളും ഈ മഹാപ്രപഞ്ചം പോലെ തുറന്നതും വിശാലവും പ്രകാശപൂർണവുമാണ്.

കാരശ്ശേരി : എല്ലാവർക്കും ഇതൊക്കെ ഇപ്പറയുന്ന മട്ടിൽ മനസ്സിലാവുമോ?

അഴീക്കോട് : മനസ്സിലാവാതെന്താ? കലാകാരൻ ഒരു പ്രത്യേക മനുഷ്യനല്ല. എല്ലാ മനുഷ്യരിലും കലയുടെ അംശമുണ്ട്. ഏതു മനുഷ്യനോടും ഏതു വിഷയത്തെപ്പറ്റിയും ഞാൻ പ്രസംഗിക്കും; അയാൾ കേട്ടിരിക്കും.

## വായിക്കാം കണ്ടെത്താം

- "ആ ദർശനം അവിസ്മരണീയമായ ഒരനുഭവമാണ്; ആ ചടങ്ങും. എനിക്ക് എന്തെന്നില്ലാത്ത ചാരിതാർഥ്യം തോന്നുന്നു." സുകുമാർ അഴീക്കോടിന് അഭിമാനം കലർന്ന സംതൃപ്തിയുണ്ടാക്കിയ അനുഭവം ഏത്? എന്തുകൊണ്ട്?
- മികച്ച പ്രസംഗകനാവാൻ എന്തൊക്കെ വേണമെന്നാണ് സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നത്?

## വിശകലനം ചെയ്യാം

- ഒരു പ്രസംഗകൻ എന്ന നിലയിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയെ സുകുമാർ അഴീക്കോട് എങ്ങനെയാണ് വിലയിരുത്തുന്നത്?
- "വലിയ സദസ്സുകളിലെ പ്രസംഗത്തേക്കാൾ ചെറിയ സദസ്സിലെ സംസാരത്തിനല്ലേ കൂടുതൽ പ്രസക്തി" എന്ന അഭിപ്രായത്തെ സുകുമാർ അഴീക്കോട് അംഗീകരിക്കുകയാണോ നിഷേധിക്കുകയാണോ ചെയ്തത് ? എങ്ങനെ?
- "കലാകാരൻ ഒരു പ്രത്യേക മനുഷ്യനല്ല. എല്ലാ മനുഷ്യരിലും ഒരു കലാകാരനുണ്ട്." മറ്റുള്ളവരെ പ്രചോദിപ്പിക്കാൻ കഴിയുന്ന രീതിയിൽ ഈ വരികളിലെ ആശയത്തെ വികസിപ്പിക്കുക.

### പ്രസംഗവും പ്രസംഗകരും

- ഒരു പ്രസംഗത്തിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നാണ് ഈ അഭിമുഖത്തിൽനിന്ന് നിങ്ങൾ കണ്ടെത്തുന്നത് ? വിശദമാക്കുക.
- ഒരു മികച്ച പ്രസംഗകന് ഉണ്ടായിരിക്കേണ്ട എന്തെല്ലാം ഗുണങ്ങൾ ഈ അഭിമുഖത്തിൽനിന്ന് നിങ്ങൾക്ക് കണ്ടെത്താനാവും?
- ശ്രോതാവ് എങ്ങനെയായിരിക്കണമെന്നാണ് സുകുമാർ അഴീക്കോടിന്റെ അഭിപ്രായം?

### അഭിമുഖചോദ്യാവലി

- പ്രസംഗകലയെക്കുറിച്ചുള്ള ഈ അഭിമുഖം വായിച്ചല്ലോ. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിന് ഏതാനും ചോദ്യങ്ങൾകൂടി തയാറാക്കുക.

### റിപ്പോർട്ടിലേക്ക്

- അഭിമുഖം വായിച്ചല്ലോ. ഇതിന്റെ ഉള്ളടക്കം പ്രയോജനപ്പെടുത്തി റിപ്പോർട്ട് തയാറാക്കുക.

# എനിക്ക് ഒരു സ്വപ്നമുണ്ട്

*(മനുഷ്യമനസ്സുകളെ അഗാധമായി സ്വാധീനിക്കുകയും ലോകത്തെ മാറ്റിമറിക്കുന്നതിനുള്ള പ്രവർത്തനത്തിന് ഊർജം പകരുകയും ചെയ്ത പ്രസംഗങ്ങൾ അനേകമുണ്ടായിട്ടുണ്ട്. 1963 ആഗസ്ത് 28 ന് വാഷിങ്ടണിലെ ലിങ്കൻ സ്ക്വയറിൽ മാർട്ടിൻ ലൂഥർ കിങ് ജൂനിയർ നടത്തിയ പ്രസംഗത്തിൽനിന്ന്)*



നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിലെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഈ മഹത്തായ പ്രകടനത്തിൽ നിങ്ങളോടൊപ്പം പങ്കെടുക്കുന്നതിൽ എനിക്ക് ആഹ്ലാദമുണ്ട്. ഒരു നൂറ്റാണ്ടു മുൻപാണ് മഹാനായ അബ്രഹാം ലിങ്കൺ അടിമത്തം അവസാനിപ്പിച്ചുകൊണ്ട് വിമോചനപ്രഖ്യാപനത്തിൽ ഒപ്പുവച്ചത്. ചരിത്രപ്രാധാന്യമുള്ള ഈ പ്രഖ്യാപനം അനീതിയുടെ ഇരുൾക്കുണ്ടിൽ കഴിഞ്ഞിരുന്ന ദശലക്ഷക്കണക്കിന് അടിമകൾക്ക് പ്രകാശഗോപുരമായി. ബന്ധനത്തിന്റെ നീണ്ട രാത്രികൾ ക്കൊടുവിൽ അത് സ്വാതന്ത്ര്യത്തിന്റെ പുലരിയായിത്തീർന്നു.

പക്ഷേ, ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും കറുത്തവൻ ഇനിയും സ്വതന്ത്രനായിട്ടില്ല എന്ന സത്യത്തെ നാം അഭിമുഖീകരിച്ചേ മതിയാകൂ. നീഗ്രോയുടെ ജീവിതം ഇപ്പോഴും വിവേചനാധികാരത്തിന്റെ ചങ്ങലയിൽ ബന്ധിതമാണ്. നൂറുവർഷം കഴിഞ്ഞിട്ടും സ്വന്തം നാട്ടിൽ നാടുകടത്തപ്പെട്ടവനെപ്പോലെ, അമേരിക്കൻ സമൂഹത്തിന്റെ കോണുകളിൽ അവൻ ചത്തതിനൊക്കുമേ ജീവിച്ചിരിക്കുന്നു. ഈ സ്ഥിതി ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് നമ്മൾ ഇന്നിവിടെ എത്തിച്ചേർന്നിരിക്കുന്നത്.

ആയിരത്തിത്തൊള്ളായിരത്തി അറുപത്തിനാലോടുകൂടി എല്ലാം അവസാനിക്കുന്നില്ല. നീഗ്രോവിന് അവന്റെ പൗരാവകാശങ്ങൾ ലഭിക്കും വരെ രാജ്യത്തിൽ ശാന്തിയുണ്ടാവില്ലെന്ന് ഉറപ്പാണ്. നീതിയുടെ പ്രകാശമാനമായ ദിവസം പുലരുന്നതുവരെ നമ്മുടെ രാഷ്ട്രത്തിന്റെ അടിത്തറയെ പ്രക്ഷോഭത്തിന്റെ ചുഴലിക്കാറ്റ് പിടിച്ചുലയ്ക്കും.

എന്നാലും നീതിയുടെ കൊട്ടാരവാതിൽക്കൽ എത്തിനിൽക്കുന്ന എന്റെ ജനങ്ങളോട് എനിക്ക് ചിലത് പറഞ്ഞേ തീരൂ. അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്കിടയിൽ നാം തെറ്റ് ചെയ്യരുത്. സ്വാതന്ത്ര്യദാഹം തീരുന്നതിനുവേണ്ടിയുള്ള ജലമെടുക്കുന്നത് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പാനപാത്രങ്ങളിൽ നിന്നാകരുത്. സൃഷ്ട്യുന്മുഖമായ നമ്മുടെ പ്രതികരണശേഷി അക്രമത്തിന്റെ തലത്തിലേക്ക് അധപ്പതിക്കാൻ നാം അനുവദിക്കരുത്. എല്ലാ വെള്ളക്കാരെയും നാം അവിശ്വസിക്കരുത്. എന്തെന്നാൽ, അവരുടെ ഭാഗധേയം നമ്മുടെ ഭാഗധേയവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നും അവരുടെ സ്വാതന്ത്ര്യം നമ്മുടെ സ്വാതന്ത്ര്യവുമായി ഇഴപിരിഞ്ഞിരിക്കുന്നുവെന്നും അവർ മനസ്സിലാക്കിക്കഴിഞ്ഞു എന്നതിന്റെ തെളിവാണ് സഹോദരന്മാരിൽ ചിലരുടെ ഇവിടെയുള്ള സാന്നിധ്യം. ഒറ്റയ്ക്ക് ഒരു നടത്തം നമുക്കും സാധ്യമല്ല.

നിങ്ങളിൽ പലരും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്വേഷണങ്ങൾക്കിടയിൽ വളരെയധികം കഷ്ടതയും ക്ലേശവും സഹിച്ചവരാണെന്നും പീഡനങ്ങളുടെ കൊടുങ്കാറ്റിൽ തകർന്നുപോയവരാണെന്നും എനിക്കറിയാം. സഹനത്തിന്റെ ഫലം വിമോചനമാണെന്ന വിശ്വാസത്തോടെ നിങ്ങൾ പ്രവൃത്തി തുടരുക. നിങ്ങളുടെ ദുരിതപൂർണമായ ഇടങ്ങളിലേക്ക് തിരിച്ചു പോവുക. ഈ സ്ഥിതിഗതികൾ മാറ്റാൻ കഴിയുമെന്ന, മാറുമെന്ന വിശ്വാസത്തോടെ. നിരാശയുടെ പടുകുഴിയിൽ നാം വീണുപോകരുത്. എന്റെ ചങ്ങാതിമാരേ, ഞാൻ ഇപ്പോൾ നിങ്ങളോട് പറയുന്നു, എല്ലാ കഷ്ടതകളും ഈ നിമിഷത്തിന്റെ

ഫലശൂന്യതയെക്കുറിച്ചുള്ള ബോധവും ഉണ്ടെന്നിരിക്കിലും ഇപ്പോഴും എനിക്ക് ഒരു സ്വപ്നമുണ്ടെന്ന്.

എനിക്ക് ഒരു സ്വപ്നമുണ്ട്, ഒരു ദിനം നമ്മുടെ രാജ്യം ഉത്ഥാനം ചെയ്യും. എല്ലാ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സമന്മാരായാണെന്ന സത്യത്തിന് നമുക്ക് തെളിവ് ആവശ്യമില്ല.

എനിക്ക് ഒരു സ്വപ്നമുണ്ട്, ജോർജിയയിലെ ചുവന്ന കുന്നുകളിലെ മുൻ അടിമകളുടെ മക്കൾക്കും ഉടമകളുടെ മക്കൾക്കും ഒരു ദിനം സാഹോദര്യത്തിന്റെ മേശയ്ക്ക് ഇരുപുറവുമിരിക്കാനാവുമെന്ന്.

എനിക്ക് ഒരു സ്വപ്നമുണ്ട്, അനീതിയാലും അടിച്ചമർത്തലിനാലും തപ്തമായ മിസ്സിസിപ്പിയെന്ന മരുപ്രദേശത്തിൽ ഒരുനാൾ നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും മരുപ്പച്ച പൂക്കുമെന്ന്.

എനിക്ക് ഒരു സ്വപ്നമുണ്ട്, എന്റെ നാലുമക്കളും അവരുടെ തൊലിനിറത്തിനു പകരം സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുന്ന ഒരു രാഷ്ട്രത്തിൽ ജീവിക്കുന്ന നാൾ വരുമെന്ന്.

എനിക്ക് ഒരു സ്വപ്നമുണ്ട്, അലബാമ സംസ്ഥാനത്തിലെ കറുത്തവർഗക്കാരും വെളുത്തവർഗക്കാരുമായ കൊച്ചു പെൺകുട്ടികളും ആൺകുട്ടികളും സഹോദരീസഹോദരന്മാരായി കൈകോർത്തു നടക്കുന്ന നാൾ വരുമെന്ന്.

അമേരിക്ക ഒരു മഹത്തായ രാഷ്ട്രമായിത്തീരണമെങ്കിൽ ഇത് ഒരു യാഥാർഥ്യമാകണം. അതിനാൽ ന്യൂഹാംപ്ഷെയറിലെ ബൃഹദാകാരങ്ങളായ കുന്നുകളുടെ മുകളിൽ സ്വാതന്ത്ര്യം മുഴങ്ങട്ടെ. ന്യൂയോർക്കിന്റെ കരുത്തുറ്റ മലകളിൽ സ്വാതന്ത്ര്യം മുഴങ്ങട്ടെ. കോളറോഡോയിലെ പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശങ്ങളിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ. കാലിഫോർണിയയിലെ നിമ്നോന്നതങ്ങളിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ. മിസ്സിസിപ്പിയിലെ എല്ലാ കുന്നിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ. എല്ലാ മലയോരങ്ങളിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ.

### വായിക്കാം വിശദീകരിക്കാം

- അമേരിക്കയിലെ കറുത്തവംശജരുടെ അവസ്ഥ മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. എന്തെല്ലാമാണത്? കണ്ടെത്തി എഴുതുക.

- "ഒറ്റയ്ക്ക് ഒരു നടത്തം നമുക്കും സാധ്യമല്ല." - ഈ വാക്യത്തിലൂടെ മാർട്ടിൻ ലൂഥർ കിങ്ങ് ഉദ്ദേശിക്കുന്നതെന്ത്?
- "എനിക്ക് ഒരു സ്വപ്നമുണ്ട്" - മാർട്ടിൻ ലൂഥർ കിങ്ങിന്റെ സ്വപ്നങ്ങളെന്തൊക്കെ?
- "എന്റെ നാലു മക്കളും അവരുടെ തൊലിനിറത്തിനു പകരം സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുന്ന ഒരു രാഷ്ട്രത്തിൽ ജീവിക്കുന്ന നാൾ വരും." - മനുഷ്യരെ ഒന്നാക്കുന്നതിന് തടസ്സമായ എന്തെല്ലാം ഘടകങ്ങളാണ് സമൂഹത്തിൽ ഉള്ളത്? മാർട്ടിൻ ലൂഥർ കിങ്ങിന്റെ സ്വപ്നങ്ങൾ ഇപ്പോഴും പ്രസക്തമാണോ? ചർച്ചചെയ്യുക.
- ഇന്ന് ലോകത്ത് എല്ലാവരും തുല്യരാണോ? നിങ്ങളുടെ അഭിപ്രായമെന്ത്?

### പ്രയോഗഭംഗി കണ്ടെത്താം

- എല്ലാ മലയോരങ്ങളിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ.

  എല്ലാ മലയോരങ്ങളിലും സ്വാതന്ത്ര്യം മുഴങ്ങണം.

  മുഴങ്ങട്ടെ, മുഴങ്ങണം എന്നീ ക്രിയാരൂപങ്ങൾ സൃഷ്ടിക്കുന്ന അർഥവ്യത്യാസം കണ്ടെത്തുക.

### ആശയം കണ്ടെത്താം

പ്രസംഗത്തിൽനിന്ന് ആശയങ്ങൾ കണ്ടെത്തി കളങ്ങൾ പൂരിപ്പിക്കൂ.

| പ്രധാന ആശയം | ഉപാശയങ്ങൾ |
|---|---|
| ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും നീഗ്രോ സ്വതന്ത്രനായിട്ടില്ല. | •നീഗ്രോ ദാരിദ്ര്യവും വിവേചനവും അനുഭവിച്ച് കഴിയുന്നു.<br>•അമേരിക്കൻ സമൂഹത്തിൽ നാശോന്മുഖമായി ജീവിക്കുന്നു. |
| അവകാശം നേടുന്നതിനായി അധപ്പതിക്കരുത്. | •<br>• |
| എനിക്കൊരു സ്വപ്നമുണ്ട്. | •<br>• |

## ഉപന്യാസത്തിലേക്ക്

- സുകുമാർ അഴീക്കോടുമായുള്ള അഭിമുഖത്തിൽ പ്രസംഗകനുണ്ടായിരിക്കേണ്ട ചില ഗുണങ്ങൾ നിങ്ങൾ കണ്ടെത്തിയല്ലോ. മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രസംഗത്തിൽനിന്ന് കൂടുതൽ സവിശേഷതകൾ കണ്ടെത്തി ലഘൂപന്യാസം തയാറാക്കൂ.

## വീഡിയോ കാണാം

- മാർട്ടിൻ ലൂഥർ കിങ് നടത്തിയ പ്രസംഗത്തിന്റെ വീഡിയോ ക്ലാസിൽ പ്രദർശിപ്പിക്കൂ. പ്രസംഗം കേട്ടപ്പോഴുണ്ടായ അനുഭവവും വായിച്ചപ്പോഴുണ്ടായ അനുഭവവും താരതമ്യം ചെയ്യൂ. പ്രസംഗത്തിലെ ഏതെല്ലാം ഘടകങ്ങളാണ് നിങ്ങളെ ആകർഷിച്ചത്?
    - ആത്മവിശ്വാസം കലർന്ന ശബ്ദം
    -
    -

## പ്രസംഗിക്കാം

- നിർദേശിക്കപ്പെട്ട ഒരു വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗം തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

## ഞാൻ എന്നെക്കുറിച്ച്

- ഡയറിക്കുറിപ്പ് തയാറാക്കുന്നതിൽ നിങ്ങൾക്കുണ്ടായ വളർച്ചയെന്ത്? ചുവടെ ചേർത്തവ വച്ച് സ്വയം വിലയിരുത്തുക.
    - ഏറ്റവും സ്പർശിച്ച സംഭവം / അനുഭവം ആണ് തിരഞ്ഞെടുത്തത്.
    - സംഭവം/അനുഭവം ഉണ്ടാക്കിയ ഓർമ്മകളും വികാരങ്ങളും ചിന്തകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
    - ഇവ പ്രകടിപ്പിക്കുന്നതിന് യോജിച്ച പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്.
    - 'ഞാൻ' എന്ന രീതിയിലാണ് എഴുതിയിട്ടുള്ളത്.

- ഓർമ്മകളും വികാരങ്ങളും ചിന്തകളും ഉണർത്തും വിധമാണ് എഴുതിയിരിക്കുന്നത്.

- ഡയറിക്കുറിപ്പ് തയാറാക്കുന്നതിൽ എനിക്ക് ഇനിയും എങ്ങനെയെല്ലാം മെച്ചപ്പെടാനുണ്ട്?
  - ഡയറി മാതൃകകൾ ശേഖരിക്കലും വായിക്കലും.
  - ഡയറി എഴുത്ത് ശീലമാക്കൽ.
  - എഴുതിയ ഡയറി ഇടയ്ക്കിടെ വായിക്കൽ.

- 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിതയിൽ നിന്ന് 'വീണപൂവ്' എന്ന കവിതയിലെത്തുമ്പോൾ കവിതാപഠനത്തിൽ നിങ്ങൾ നേടിയ വളർച്ച എന്തെല്ലാമാണ്? സ്വയം വിലയിരുത്തുക.
  - കവിതയുടെ പ്രമേയം/ഉള്ളടക്കം, സന്ദർഭം എന്നിവയുമായി ബന്ധപ്പെട്ട സമാനതകളും വ്യത്യാസങ്ങളും കണ്ടെത്താൻ കഴിയുന്നു.
  - കവിത ഉണർത്തുന്ന വികാരങ്ങളും ചിന്തകളും ഉൾക്കൊള്ളുന്ന വരികൾ, പ്രയോഗങ്ങൾ, പദങ്ങൾ എന്നിവ കണ്ടെത്താൻ കഴിയുന്നു.
  - കവിതയുടെ സന്ദേശം മനസ്സിലാക്കാനും അതു സ്വന്തം അനുഭവങ്ങളുമായി ബന്ധപ്പെടുത്താനും കഴിയുന്നു.
  - കവിതയുടെ സ്വഭാവത്തിനും ആശയത്തിനും യോജിച്ച ഭാവം, ഒഴുക്ക്, വേഗം, ഊന്നലുകൾ, നിർത്തലുകൾ എന്നിവ തിരിച്ചറിഞ്ഞ് ഈണത്തിൽ ആലപിക്കുന്നു.

# 3
# ഉണർവിന്റെ പാതയിൽ

"ഈ ജീവിതകഥ പറയാൻ
വെറുമൊരു പിടി
വാക്കുകൾ മാത്രം!
ഈ സാഗരനീലിമയാകെ
കോരിയെടുക്കാൻ
കുറിയൊരളുക്കുകൾ മാത്രം!
ഇതെന്തപൂർണതയെന്നറിയുമ്പോഴുമീയസ്വസ്ഥത!
അക്കഥ പറയാൻ വാക്കുകൾ തേടി,
അക്കടൽനീലിമ കോരിപ്പകരാൻ ചെപ്പുകൾ തേടി
സർഗസപര്യയിൽ മുഴുകുമൊരസ്വസ്ഥതയിൽ
ഞാനെൻ സ്വസ്ഥത തേടുന്നു!"

(തോന്ന്യാക്ഷരങ്ങൾ) - ഒ.എൻ.വി. കുറുപ്പ്



- അസ്വസ്ഥതയിൽ സ്വസ്ഥത തേടുന്നതാണ് സർഗപ്രക്രിയ എന്നു പറയുന്നതിന്റെ പൊരുൾ എന്ത്?

# കതുവനൂർ വീരൻ

(ഉത്തരകേരളത്തിൽ പ്രചാരമുള്ള തെയ്യങ്ങളുടെ കൂട്ടത്തിൽ പ്രശസ്തമായ ഒന്നാണ് കതുവനൂർ വീരൻ. വീരന്മാരോ പുണ്യാത്മാക്കളോ ആയ വ്യക്തികൾക്ക് മരണാനന്തരം ദൈവിക പരിവേഷം നൽകി തെയ്യമായി ആരാധിക്കാറുണ്ട്. അതിലൊന്നാണ് കതുവനൂർ വീരൻ തെയ്യം).

കതുവനൂർ വീരൻ. മാങ്ങാട്ട് മണിഗ്രാമത്തിന്റെ മനസ്സിലെ മായാത്ത ഓർമ്മ. ധീരയോദ്ധാവ്.

മേത്തളിയില്ലത്ത് കുമരപ്പന്റെയും പരക്കയില്ലത്ത് ചക്കിയമ്മയുടെയും മകൻ. ഏറെക്കാലത്തെ ദാനധർമങ്ങളുടെയും വ്രതപൂജകളുടെയും ഫലമായി പിറന്നവൻ. മന്ദപ്പൻ എന്ന് അവന് പേരു വിളിച്ചു.



പന്ത്രണ്ടു വയസ്സുവരെ അവൻ കളിചിരിയും കളരിയുമായി കഴിഞ്ഞുകൂടി. അസ്ത്രവിദ്യയിൽ അഗ്രഗണ്യനായി. മാനും നരിയും മേയുന്ന കാട്ടിൽ കൂട്ടുകാരോടൊപ്പവും ഒറ്റയ്ക്കും വേട്ടയാടി രസിക്കൽ മാത്രമായി അവന്റെ വിനോദം.

കാര്യങ്ങൾ ഇങ്ങനെ പോയാൽ പറ്റില്ലെന്ന് കുമരപ്പന് തോന്നി. "അവന് ചോറും പാലും കൊടുക്കരുത്." കോപിഷ്ഠനായ പിതാവ് പെറ്റമ്മയെ വിലക്കി. എങ്കിലും വാത്സല്യനിധിയായ അമ്മ അവന് രഹസ്യമായി ഭക്ഷണം വിളമ്പി. അങ്ങനെയിരിക്കെ ഒരർധരാത്രി, വേട്ടയാടി തളർന്ന മന്ദപ്പൻ പടികയറി വന്നു.

അമ്പും വില്ലും മുറ്റത്തെ പടന്നപ്ലാവിന്റെ കവരിൽ സൂക്ഷിച്ച് അകത്തേക്ക് കാൽവച്ചു. അച്ഛൻ ഈറ്റപ്പുലിയെപ്പോലെ ചാടിവീണു.

അമ്മ അവർക്കിടയിൽ വേദനയോടെ തടുത്തു നിന്നു. അച്ഛൻ ആക്രോശിച്ചു: "പണിയും തൊരവും ഇല്ലാതെ കാടുതെണ്ടി കുലവും പേരും കെടുത്തരുത് നീ."

"പണിയെടുക്കാൻ പണിക്കാരത്തി പെറ്റതല്ല എന്നെ. തൊരമെടുക്കാൻ ഞാൻ തൊരക്കാരത്തിയുടെ മോനല്ല-" മന്ദപ്പൻ തിരിച്ചടിച്ചു. ആകെ ബഹളമയം. അവിടെ അന്നാരും ഉറങ്ങിയില്ല. തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചു മന്ദപ്പൻ.

കിഴക്ക് ചെന്നിറം പടർന്നു. പടന്നപ്ലാവിന്റെ പൊത്തിൽ അവൻ പരതി. അമ്പും വില്ലും കാണാനില്ല. മുറ്റത്തിന്റെ ഒരു കോണിൽ ആയുധങ്ങൾ നുറുക്കിയിട്ടിരിക്കുന്നു. ഒരു നിമിഷം അവൻ നിശ്ചലനായി. പിന്നെ അമ്മയോട് ഉറക്കെ വിളിച്ചു പറഞ്ഞു:

"ആയുധം പോയതും ആയുസ്സുപോയതും എനക്ക് ഒരു പോലെയാ."

അവൻ പടിയിറങ്ങി. ഇടനെഞ്ച് പൊട്ടി ചക്കിയമ്മ തിരികെ വിളിച്ചു. അവൻ പിൻവിളി കേട്ടില്ല. മുൻവഴി നോക്കി നടന്നു. നടന്നു നടന്നകന്നു.

കുടകുമല കയറുകയാണ് കൂട്ടുകാർ."ഞാനും വരുന്നു"- മന്ദപ്പൻ വിളിച്ചുചൊല്ലി. കൂട്ടുകാർ കൂട്ടാൻ തയാറായില്ല. മന്ദപ്പൻ നിർബന്ധം പിടിച്ചു. മനസ്സില്ലാമനസ്സോടെ അവർ അവനെ കൂടെക്കൂട്ടി. ഒത്തുവന്ന ഒരു തഞ്ചത്തിൽ പാതിവഴിയിൽ അവനെ മയക്കിക്കിടത്തി അവർ സ്ഥലംവിട്ടു.

ഉറക്കമുണർന്ന മന്ദപ്പനു ചുറ്റും വിജനതയായിരുന്നു. സങ്കടവും നിരാശയും അവനെ മൂടി. അവനെഴുന്നേറ്റു കാളക്കുളമ്പടി വീണ വഴിച്ചാലിലൂടെ നടന്നു. കാട്ടുമലകൾ താണ്ടി, കല്ലുമുള്ളുകൾ ചവിട്ടി. കൂട്ട് വന്യമൃഗങ്ങൾ മാത്രം.

ആൾപ്പാർപ്പുള്ള സ്ഥലങ്ങൾ തെളിഞ്ഞുവന്നു. നാവു വരളുന്നു. കാലു തളരുന്നു. മുന്നിൽ കണ്ട വീട്ടിൽ കയറി നീരു ചോദിച്ചു. വാതിൽ തുറന്ന് ഒരമ്മ ഉമ്മറത്തിറങ്ങി. വാത്സല്യം കിനിയുന്ന മുഖം, കാരുണ്യം തുളുമ്പുന്ന കണ്ണുകൾ. അവരവന് കാച്ചിത്തണുപ്പിച്ച പാലുനീട്ടി.

പാലു കുടിച്ച് നന്ദി ചൊല്ലി മന്ദപ്പൻ ഇറങ്ങി. കാലുകൾ നീട്ടി വലിച്ചു നടന്നു. നടവഴികൾ പിന്നിട്ടു. കാട്ടുപാതകൾ ചവിട്ടി. അകലെയതാ കാളമണികളുടെ കിലുക്കം. കൂട്ടുകാർ തന്നെ. അവരെ കാണാതെ ഒഴിഞ്ഞ് വേഗത്തിൽ മന്ദപ്പൻ നടന്നു. മലകൾ കയറി, കാടുതാണ്ടി, കുടകിലേക്ക്.

ഈ വഴിയിലെവിടെയോ ആണ് കതുവനൂരമ്മാവന്റെ വീട്. കാളമ്മൻ എന്ന കുടകൻ അവന് വഴി കാട്ടി. നേരമ്മാവന്റെ പടിയും

പടിപ്പുരയും കടന്ന് അവൻ തൊണ്ടയനക്കി വിളിച്ചു. സിംഹപരാക്രമിയായ പട്ടിയാണ് ഓടിവന്നത്. അവൻ ധൈര്യം കൈവിട്ടില്ല. തൊണ്ടപൊട്ടി വിളിച്ചു:

"നേരമ്മായീ..... നേരമ്മായീ....."

വിളികേട്ട് നേരമ്മായി ഇറങ്ങിവന്നു. സ്നേഹവാത്സല്യങ്ങളോടെ മങ്ങാട്ടെ മരുമകനെ മനം നിറഞ്ഞ് അവർ സ്വീകരിച്ചിരുത്തി.

"കൂട്ടുകാർ കുടകിനു പോകുന്നുണ്ട്. പൈദാഹം തീർക്കാൻ അരിയും വിറകും വേണം-" മന്ദപ്പൻ കാര്യം പറഞ്ഞു. നേരമ്മായി അരിയും വിറകും നൽകി. മന്ദപ്പൻ ഓടി കൂട്ടുകാർക്കരികിൽ എത്തി. അവർ പേടിച്ചു വിറച്ചു. അരിയും വിറകും വച്ച് തിരിഞ്ഞോടി മന്ദപ്പൻ. കൂട്ടുകാരുടെ കണ്ണുകൾ നിറഞ്ഞു. അവർ സങ്കടത്തോടെ വിളിച്ചു. അവൻ കേട്ടതായി ഭാവിച്ചില്ല.

തിരിച്ചെത്തിയപ്പോഴേക്കും നേരമ്മാവനും മകൻ അണ്ണുക്കനും വന്നു. അമ്മാവൻ മന്ദപ്പനെ നെഞ്ചോടു ചേർത്തു. ദൂരെ കുടകുമലക്കാട്ടിലെ പൂമരങ്ങൾ പലവട്ടം പൂത്തു, തളിർത്തു. മാനം പലവട്ടം കരഞ്ഞു, ചിരിച്ചു. അമ്മാവനെയും അമ്മായിയെയും സംബന്ധിച്ച് മന്ദപ്പനും അണ്ണുക്കനും രണ്ടല്ല. അമ്മാവൻ സ്വത്തുക്കൾ രണ്ടുപേർക്കും തുല്യമായി പകുത്തു നൽകി.



"മന്ദപ്പാ, കൈയിൽ കാശില്ലെങ്കിൽ ആണിനു വിലയില്ല മോനേ. പത്തു പണം തരാം. എള്ള് വാങ്ങണം." അമ്മായി അവന് പണം നൽകി. അവൻ എള്ളാട്ടി വിൽക്കാൻ കുടകങ്ങാടിയിൽ പോയി. വിറ്റു തീർന്നപ്പോൾ കൈനിറയെ കാശ്.

മടങ്ങുമ്പോൾ അവൻ കേട്ടു ഒരു വർത്തമാനം: "വെങ്കുടയ്യൻ മൂപ്പന്റെ കുടകപ്പട പൊയ്ത്തിനു വരുന്നു." മന്ദപ്പന്റെ മനസ്സിൽ ഒരു മിന്നൽ പാഞ്ഞു. പടയാണ്. കരുതിയിരിക്കണം. അങ്ങാടിയിൽനിന്ന് അഞ്ചുകെട്ട് കന്നിയമ്പും കണയമ്പും അരക്കൻ വില്ലും വാങ്ങി. പോരുംവഴിക്ക് കൊന്ന പൂത്തപോലെ ഒരു പെണ്ണ്. കറുകനാമ്പെടുത്ത് കടിച്ചും തുപ്പിയും നിൽപ്പാണ് കന്നിപ്പെണ്ണ്.

"ഇത്തിരി വെള്ളം തരുമോ?" അവൻ ചോദിച്ചു.

"വഴിയോരത്ത് വെള്ളമുണ്ടോ? കുടിയിൽ വന്നാൽ തരാം-" അവൾ മൊഴിഞ്ഞു. അവൾ വേളാർകോട് ചെമ്മരത്തി. അവന് മതിയാവോളം കുളിർത്തണ്ണീർ നൽകി. അവൻ യാത്രപറഞ്ഞിറങ്ങി. പടിപ്പുരയിൽ കാത്തിരിപ്പാണ് നേരമ്മായി. കഥയൊന്നും വിടാതെ

അവൻ പറഞ്ഞു. പിന്നെ താമസിച്ചില്ല. ചെമ്മരത്തിയുമായി മന്ദപ്പന്റെ മംഗല്യം നടന്നു.

വീട്ടിൽ കയറി വന്ന വധുവിനെ അടുത്തു വിളിച്ച് നേരമ്മായി ഇങ്ങനെ ചൊല്ലിപ്പറഞ്ഞു:

"കേൾപ്പതിണ്ടോ നീ മകളേ ചെമ്മരത്തീ
പെറ്റിട്ടെനിക്ക് പത്തും പലതു മക്കളില്ല.
പെറ്റകണക്കെ പോറ്റീന്ന് ഞാനെന്റെ മന്ദപ്പനെ
മലനാട്ടിലെങ്ങാനുള്ളവനാണെന്റെ മന്ദപ്പൻ.
അരിശം പാരം കൊടിയവനാണ് മന്ദപ്പൻ
പൈച്ചാലവന്* പൈദാഹമൊട്ടും പൊറുത്തുംകൂടാ
പാലിന് വരുമ്പം പാലു കൊടുക്കണം മന്ദപ്പന്
ചോറിന് വരുമ്പം ചോറുകൊടുക്കണം മന്ദപ്പന്
വീട്ടിൽ കലഹം ഭാവിക്കല്ല ചെമ്മരത്തീ"

ചെമ്മരത്തി എല്ലാം തലകുലുക്കിക്കേട്ടു. ചേർച്ചയോടെ, സ്നേഹത്തോടെ അവർ കഴിഞ്ഞുപോന്നു.

മലകളിൽ മഞ്ഞുപെയ്തു. മഴ പോയി. വെയിൽ തിളങ്ങി. ചെമ്മരത്തിക്ക് അവനോടുള്ള ഇഷ്ടം കുറഞ്ഞുകുറഞ്ഞു വന്നു. തഞ്ചവും തരവും നോക്കി അവളവനെ കുറ്റപ്പെടുത്തും; പായാരം പറയും. ചെമ്മരത്തി കൈവിട്ടു പോവുകയാണോ? മന്ദപ്പനു സംശയമായി. നാട്ടാർ പിറുപിറുക്കുന്നത് എന്താണ്?

ഒരിക്കൽ മന്ദപ്പൻ ഉണ്ണാനിരിക്കുകയാണ്. മുന്നിൽ ചോറും കിണ്ണവും വച്ച് ചെമ്മരത്തി പിറുപിറുത്തു: "പണിയും തൊരവും എടുക്കാതെ എത്രനാളിങ്ങനെ തിന്നാൻ പറ്റും. കരിവീട്ടിക്കാതൽ പോലുള്ള ഈ തടി പിന്നെന്തിനാ." അവൻ ഞെട്ടിത്തെറിച്ചു.

അപ്പോഴാണ് പുറത്ത് പടവിളി ഉയർന്നത്. വെങ്കുടയ്യൻ മൂപ്പന്റെ കുടകുപട. "ന്റെ ചുഴലി ഭഗവതിയേ! മുഷിഞ്ഞ നേരത്താണല്ലോ പടയെടുപ്പ്-" അവൻ സ്വയം മന്ത്രിച്ചു. മന്ദിച്ചുനിൽക്കാൻ സമയമില്ല. നാടിനെയും നാട്ടുകാരെയും കാക്കണം. കന്നും കൃഷിയും കാക്കണം. കുന്നും കാടും കാക്കണം. പുഴയും വഴിയും കാക്കണം. മന്ദപ്പൻ അമ്പും വില്ലും തോളിലേറ്റി. അങ്കക്കലിയുണർന്ന് അവൻ കുതിച്ചുപാഞ്ഞു. കരുത്തരായ കുടകപ്പടയെ നേരിട്ടു.

---

* പൈച്ചാലവന് = വിശന്നാലവന്

അവന്റെ കണ്ണുകൾ തീജ്ജ്വാലയായി. അവന്റെ ശ്വാസം കൊടുങ്കാറ്റായി. ഉടൽ ഇടിമിന്നലായി. വിയർപ്പ് കടലായി. കൈകൾ മെയ്ക്കരുത്തിന് പരിചയായി. മെയ്ക്കരുത്ത് കൈകൾക്ക് തുണയായി. കളരിപരമ്പരദേവതകൾ അടിമുടി നിറഞ്ഞ് ഉറഞ്ഞ് തെയ്യാട്ടമായി. മഴപ്പാറ്റകൾ പോലെ ശത്രുസൈന്യം കരിഞ്ഞുവീണു.

ഇതെന്തൊരു ധീരൻ! ഇതെന്തൊരു യോദ്ധാവ്! ഇതെന്തൊരു പൊയ്ത്ത് ! അവർ അമ്പരന്നു പോയി. ജീവൻ ബാക്കിയായവർ തിരിഞ്ഞോടി. മന്ദപ്പൻ പടജയിച്ചു.

ഉദിച്ചുയരുന്ന സൂര്യനെപ്പോലെ പുരുഷാരത്തിനു മുന്നിൽ മന്ദപ്പൻ ജ്വലിച്ചു നിന്നു. എവിടെയോ ഒരു വേദന. അവൻ പരതി. ഇടതുകൈയിലെ മോതിരവിരൽ പൊയ്ത്തിനിടയിൽ അറ്റുപോയിരിക്കുന്നു. വിരലിൽ പൊന്നണിയിച്ച ചെമ്മരത്തിയെ പൊടുന്നനെ അവൻ ഓർത്തു; പൊയ്ത്തിനിറങ്ങുമ്പോൾ അശ്രീകരം ചൊല്ലിയവൾ.

"എന്നാലും എന്റെ ചെമ്മരത്ത്യേ..." മന്ദപ്പന്റെ മനസ്സിലെ സൂര്യൻ മങ്ങി. ഈ ജയത്തേക്കാൾ ശത്രുവിന്റെ വാളേറ്റ് വീഴുന്നതല്ലേ നല്ലത്.

പിന്നൊട്ടും താമസിച്ചില്ല. ആയുധം കൈയിലെടുത്ത് അവൻ പാഞ്ഞു, കൊടുങ്കാറ്റുപോലെ. അലറിവിളിച്ച് ശത്രുസൈന്യത്തിന്റെ നടുവിലേക്ക്. വിരിമാറുകാട്ടി അവൻ നിവർന്നു നിന്നു. അവർ അവനെ തുണ്ടം തുണ്ടമാക്കി.



നേരമ്മാവനും അമ്മായിയും മച്ചുനനും അലമുറയിട്ട് പാഞ്ഞെത്തി. കണ്ണീരും കൈയുമായി അവർ മന്ദപ്പനു ചിതയൊരുക്കി. തീ ആളിപ്പടർന്നു. അന്നേരം എവിടെനിന്നോ ചെമ്മരത്തി ഒരു ഭ്രാന്തിയെപ്പോലെ അലമുറയിട്ട് ഓടിവന്നു. ചിതാഗ്നിയിലേക്ക് അവൾ ഓടിക്കയറി. തീജ്ജ്വാലകൾ മേലോട്ട് പടർന്നു കയറി. ആകാശം അഗ്നിവർണമായി. ശവദാഹം കഴിഞ്ഞ് അമ്മാവനും കുടുംബവും മടക്കമായി. പുഴക്കരയിൽ എത്തിയപ്പോൾ കടവിൽ മന്ദപ്പനും ചെമ്മരത്തിയും കുളിക്കുന്ന മായക്കാഴ്ച കണ്ട് അണ്ണുക്കൻ നടുങ്ങി. ഓടിയെത്തിയപ്പോൾ നനഞ്ഞ കല്ലും കടവും പുല്ലും ഭൂമിയും മാത്രം. കതുവനൂർ എത്തിയപ്പോഴും മായക്കാഴ്ചകൾ തുടർന്നു. നട്ടുനനച്ചു വളർത്തിയ കദളിവാഴമേൽ അറ്റുതെറിച്ച വിരലും മോതിരവും. പടിഞ്ഞാറ്റയിലെ ആമേണപ്പലക തൊട്ടപ്പോൾ അണ്ണുക്കന്റെ ഉടലാകെ വിറച്ചു. അവനിൽനിന്ന് വെളിപാടുകൾ ഉതിർന്നു വീണു.

മന്ദപ്പൻ തെയ്യമായി മാറി. വീരഗാഥകൾ പാടിസ്തുതിച്ച ജനങ്ങളിൽ കതുവനൂർ വീരൻ ഒരാവേശമായി.

### വായിക്കാം കണ്ടെത്താം

- കുടകുമല കയറിയ മന്ദപ്പൻ ഒറ്റപ്പെട്ടുപോയതെങ്ങനെ?
- "അമ്മാവനെയും അമ്മായിയെയും സംബന്ധിച്ച് മന്ദപ്പനും അണ്ണുക്കനും രണ്ടല്ല." ഈ പ്രസ്താവനയെ സാധൂകരിക്കുന്ന എന്തെല്ലാം തെളിവുകൾ പാഠഭാഗത്തുണ്ട്?
- മന്ദപ്പന്റെ മനസ്സ് വിഷമിക്കാനിടയായ സന്ദർഭങ്ങൾ ഏതെല്ലാമായിരുന്നു?
- പടയ്ക്കു പുറപ്പെടാൻ മന്ദപ്പനെ പ്രേരിപ്പിച്ചതെന്ത്?
- മന്ദപ്പൻ നല്ലൊരു വില്ലാളിവീരനാണെന്ന് സൂചിപ്പിക്കുന്ന ഏതെല്ലാം സന്ദർഭങ്ങളാണ് കഥയിലുള്ളത്?

### വിശകലനം ചെയ്യാം

- "അരിയും വിറകും വച്ച് തിരിഞ്ഞോടി മന്ദപ്പൻ. കൂട്ടുകാരുടെ കണ്ണുകൾ നിറഞ്ഞു. അവർ സങ്കടത്തോടെ വിളിച്ചു. അവൻ കേട്ടതായി ഭാവിച്ചില്ല."

മന്ദപ്പന്റെയും കൂട്ടുകാരുടെയും സ്വഭാവസവിശേഷതകളെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഇതിൽ അടങ്ങിയിരിക്കുന്നു?

- “ആയുധം പോയതും ആയുസ്സുപോയതും എനക്ക് ഒരുപോലെയാണ്”- ഈ വാക്യത്തിൽനിന്ന് മന്ദപ്പനെക്കുറിച്ച് എന്തെല്ലാം ധാരണകളാണ് നിങ്ങൾക്കു ലഭിക്കുന്നത്?
- ആ കാലഘട്ടത്തിലെ സാമൂഹികവ്യവസ്ഥയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ കഥ നൽകുന്നത്?
- അച്ഛന്റെ കോപവും അമ്മയുടെ വാത്സല്യവും മന്ദപ്പന്റെ മനസ്സിൽ എന്തെല്ലാം വിചാരങ്ങളും വികാരങ്ങളും ഉണർത്തിയിട്ടുണ്ടാവും ? എഴുതിനോക്കൂ.
- മന്ദപ്പൻ വെട്ടേറ്റു വീണെന്നറിഞ്ഞപ്പോൾ ചെമ്മരത്തിയുടെ മനസ്സിൽ ഉണ്ടായ വികാരങ്ങൾ എന്തെല്ലാമായിരിക്കും?
    - കുറ്റബോധം
    -
    -

### ഒന്നിച്ചുചേർക്കാം

- “വാത്സല്യം കിനിയുന്ന മുഖം. കാരുണ്യം തുളുമ്പുന്ന കണ്ണുകൾ.” ഈ വാക്യങ്ങളെ ഒറ്റവാക്യമാക്കുക. രണ്ടു രീതികളും താരതമ്യം ചെയ്യുക.

### വാക്കിന്റെ തിളക്കം

- ‘കൊന്ന പൂത്തപോലെ ഒരു പെണ്ണ്’ എന്ന പ്രയോഗത്തിന്റെ സവിശേഷത കണ്ടെത്തുക. ഇത്തരം പ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തൂ.

### പറയാതെ പറഞ്ഞത്

- “ദൂരെ കുടകുമലക്കാട്ടിലെ പൂമരങ്ങൾ പലവട്ടം പൂത്തു, തളിർത്തു. മാനം പലവട്ടം കരഞ്ഞു, ചിരിച്ചു.” എന്തു പറയാനാണ് ഐതിഹ്യകഥയിൽ ഈ വാക്യങ്ങൾ ഉപയോഗിച്ചത്? രചനകളിലെ ഇത്തരം പ്രത്യേകതകളെക്കുറിച്ച് ചർച്ചചെയ്യൂ.

### താളത്തിൽ വായിക്കാം

- “നാടിനെയും നാട്ടാരെയും കാക്കണം. കന്നും കൃഷിയും കാക്കണം. കുന്നും കാടും കാക്കണം. പുഴയും വഴിയും കാക്കണം.” ഈ ഭാഗം താളത്തിൽ വായിക്കൂ.

- ഇങ്ങനെ താളത്തിൽ വായിക്കാവുന്ന മറ്റു ഭാഗങ്ങൾ പാഠത്തിൽനിന്ന് കണ്ടെത്തൂ, വായിക്കൂ.

### കലയും കഥയും

- മന്ദപ്പൻ, കതുവനൂർവീരൻതെയ്യമായി പരിണമിച്ചതെങ്ങനെ? ഈ തെയ്യത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
- നിങ്ങളുടെ നാട്ടിലുള്ള നാടൻകലാരൂപങ്ങൾ ഏതെല്ലാമാണ്? അവയുടെ പിന്നിലുള്ള ഐതിഹ്യം എന്താണെന്ന് അന്വേഷിച്ച് കണ്ടെത്തൂ.
    - കലാകാരന്മാരുമായി അഭിമുഖം
    - പുസ്തകവായന

# ഞാറ്റുവേലപ്പൂക്കൾ



ഞാറ്റുവേലയിൽക്കുളിച്ചീറനും ധരിച്ചെന്റെ
നാട്ടിലേക്കിറങ്ങിയ പുഷ്പകന്യകമാരേ,
മത്തയിൽ,പ്പടവലവള്ളിയിൽ, കുമ്പളത്തി-
ലിത്തപം നിങ്ങൾ ചെയ്കെത്തുടിപ്പൂ മമ ചിത്തം.
ഇടവക്കരിങ്കാറിൻ പൊത്തിൽനിന്നിറങ്ങിയ
കൊടിയ വെള്ളപ്പൊക്കം വെമ്പാലപ്പാമ്പിന്നൊപ്പം
ചുറ്റിയും, അംഗങ്ങളിൽക്കൊത്തിയുമെൻ നാടിന്റെ
സപ്തനാഡിയും മൃതപ്രായമാക്കിയ നേരം,
എല്ലുപൊന്തിയ ചെറ്റക്കുടിലിൻ ചളിപ്പായി-
ലില്ലായ്മ കിനാക്കണ്ടു കൃഷിക്കാർ കിടന്നപ്പോൾ
നാളത്തെസ്സമൃദ്ധിതൻ നാകീയവാഗ്ദാനങ്ങൾ
നീളവേ നിശ്ശബ്ദമായുദ്ഘോഷിച്ചെത്തീ നിങ്ങൾ!
നിങ്ങളെയീവേളയിൽ കാണുമ്പോളൊളിയറ്റു
മങ്ങുന്നൂ മുല്ലപ്പൂവും റോജയും മന്ദാരവും!
അനപത്യതാദുഃഖം പേറുമീമണ്ണി,ലുണ്ണി-
ക്കനിയെഗ്ഗർഭംപൂണ്ടു പ്രസവിച്ചേടുക്കുവാൻ

വർഷക്കാറ്റെടുക്കുമീപ്പച്ചയാം പല്ലക്കിങ്കൽ
ഹർഷപൂരിതകളായ്ക്കിടക്കും പുഷ്പങ്ങളേ,
നിങ്ങൾതൻ സുഖപ്രസവത്തിനു ശുശ്രൂഷിക്കാൻ
ചിങ്ങപ്പൊൻനിലാവൊളിയുറക്കമിളയ്ക്കുമ്പോൾ
അവിടെക്കാവൽകാത്തുനിന്നിടുമെൻ നെഞ്ചിലെ-
ക്കവിസങ്കല്പം പ്രതിനിമിഷം, പ്രതീക്ഷയായ്!

– പി. ഭാസ്കരൻ

### ഈണത്തിൽ ചൊല്ലാം

- കവിത വ്യത്യസ്ത ഈണങ്ങളിൽ സംഘമായി ചൊല്ലി അവതരിപ്പിക്കുക.

### വായിക്കാം കണ്ടെത്താം

- ഞാറ്റുവേലയിൽ കുളിച്ച് ഈറനണിഞ്ഞ് നാട്ടിലേക്കിറങ്ങിയത് ആരാണ്?
- "തുടിപ്പൂ മമ ചിത്തം" - കവിമനസ്സ് തുടിക്കാൻ കാരണമെന്ത്?
- മഴക്കെടുതിയെ കവി വർണിച്ചിരിക്കുന്നതെങ്ങനെ?
- ചില പൂക്കളുടെ ഒളിമങ്ങുന്നത് എങ്ങനെ?

### പദപരിചയം

- ചിത്തം, അംഗം, സപ്തം, മൃതം, നാകം, ഉദ്ഘോഷിക്കുക, ഒളി, വർഷം, ഹർഷപൂരിതം - ഈ വാക്കുകൾ വരുന്ന വരികൾ കണ്ടെത്തൂ. ഇവയുടെ അർഥം ഊഹിച്ചു പറയൂ. നിഘണ്ടു നോക്കി ഉറപ്പുവരുത്തൂ.

### വിശകലനം ചെയ്യാം

- കർഷകർക്കൊപ്പം കവിയുടെ മനസ്സിലും പ്രതീക്ഷ നാമ്പെടുക്കുന്നത് എങ്ങനെയെന്ന് വിശകലനം ചെയ്യുക.
- മഴയ്ക്ക് മുമ്പും ശേഷവുമുള്ള കർഷകമനസ്സിന്റെ അവസ്ഥകളെ എങ്ങനെയാണ് കവി വർണിച്ചിരിക്കുന്നത്?

### പ്രയോഗഭംഗി കണ്ടെത്താം

- 'ഇടവക്കരിങ്കാറിൻപൊത്ത്'
- 'എല്ലുപൊന്തിയ ചെറ്റക്കുടിൽ'
- 'ഉണ്ണിക്കനിയെഗ്ഗർഭംപൂണ്ട്'

ഈ പ്രയോഗങ്ങളുടെ സവിശേഷതകൾ ചർച്ചചെയ്യുക. ഇത്തരം മറ്റു സവിശേഷപ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുക.

### പകരം വയ്ക്കാം

- "തപം നിങ്ങൾ ചെയ്കേ തുടിപ്പൂ മമ ചിത്തം"- 'ചിത്തം' എന്ന പദത്തിന് സമാനമായ മറ്റു പദങ്ങൾ ഉണ്ടല്ലോ. അവ ചേർത്ത് ഈ വരി മാറ്റി എഴുതൂ. വ്യത്യാസം ചർച്ചചെയ്യൂ. ഇതുപോലെ മൃതം, കിനാവ്, നാകം എന്നീ പദങ്ങൾ അടങ്ങിയ വരികൾ കണ്ടെത്തി സമാനപദങ്ങൾ ചേർത്ത് മാറ്റി എഴുതൂ. വ്യത്യാസം ചർച്ചചെയ്യൂ.

# റൈൻനദിയിലെ ഓളങ്ങൾ

ജീൻ മൈക്കൽ കരയുകയായിരുന്നു. ആ കണ്ണീരിൽ നിറയുന്നത് ആനന്ദമാണോ! അഭിമാനമാണോ! അണപൊട്ടിയ ദുഃഖമാണോ! അയാൾക്ക് തിരിച്ചറിയാനാവുന്നില്ല.

റൈൻനദിയുടെ ഓളങ്ങളിൽ കഴിഞ്ഞകാലത്തിന്റെ നിഴലാട്ടങ്ങൾ.

ക്രാഫ്റ്റ് കുടുംബത്തിന് വലിയൊരു സംഗീതപാരമ്പര്യം ഉണ്ടായിരുന്നു. അവരുടെ സിരകളിൽ എന്നും സംഗീതം പ്രവഹിച്ചു.



അതുകൊണ്ടുതന്നെ ജർമൻജനതയുടെ സ്നേഹവും ആദരവും അവർക്ക് എക്കാലവും ലഭിച്ചിരുന്നു.

കൊട്ടാരംവാദ്യവൃന്ദത്തിന്റെ തലവനായിരുന്നു ജീൻ മൈക്കൽ ക്രാഫ്റ്റ്. പാരമ്പര്യത്തിന്റെ കരുത്തുണ്ടായിട്ടും നിർഭാഗ്യം ബഹുമതികളിൽനിന്ന് അദ്ദേഹത്തെ അകറ്റി. പുത്രനായ മെൽഷിയറിന്റെ അസാധാരണമായ സംഗീതാഭിരുചി കണ്ടപ്പോൾ അയാളിൽ പ്രത്യാശ നാമ്പിട്ടു. തനിക്ക് കിട്ടാതെ പോയത് പുത്രൻ നേടിയെടുക്കും.

മകന് അവൻ ഇഷ്ടപ്പെട്ട പെൺകുട്ടിയെത്തന്നെ അയാൾ വിവാഹം കഴിച്ചുകൊടുത്തു. ലൂഷ്യ പാവപ്പെട്ട കർഷകകുടുംബത്തിൽ ജനിച്ചവളായിരുന്നു. സംഗീതപാടവമില്ലാത്ത ഒരു വധു ആദ്യമായി ക്രാഫ്റ്റ് കുടുംബത്തിൽ കയറിവരുകയാണ്.

വിവാഹം കഴിഞ്ഞതോടെ മെൽഷിയറിന്റെ മട്ടുമാറിത്തുടങ്ങി. ആർക്കും അസൂയതോന്നുന്ന മട്ടിൽ അരോഗദൃഢഗാത്രനാണ് അയാൾ. നല്ല ഉയരവും ഒത്ത തടിയും. ക്രാഫ്റ്റ് കുടുംബത്തിന്റെ മറ്റൊരു പാരമ്പര്യസിദ്ധിയായിരുന്നു അത്. ലൂഷ്യയാവട്ടെ, കൃശഗാത്രിയായിരുന്നു. വേണ്ടത്ര സൗന്ദര്യമോ കഴിവുകളോ ഒന്നുമില്ല. രണ്ടുപേരെയും ഒന്നിച്ചു കാണുമ്പോൾ കൂട്ടുകാർ പരിഹസിക്കും. മെൽഷിയറിന്റെ മനസ്സിൽ അത് എന്തൊക്കെയോ വികാരങ്ങളുണ്ടാക്കി. താൻ ചെയ്തത് വിഡ്ഢിത്തമായി എന്ന ചിന്തയിൽ അയാൾ ക്രമേണ മുഴുക്കുടിയനായി മാറി.

നാടകശാലകളിലും സംഗീതസദസ്സുകളിലും മെൽഷിയർ കൂട്ടുകാരുമൊത്ത് മദ്യലഹരിയിൽ മദിച്ചു നടന്നു. ഭർത്താവ് കൈവിട്ടുപോയി എന്ന് വേദനയോടെ, ഭയത്തോടെ ലൂഷ്യ തിരിച്ചറിഞ്ഞു. താൻ കാരണമാണല്ലോ അതുണ്ടായത് എന്നത് അവളെ വല്ലാതെ വേദനിപ്പിച്ചു. അതിനിടയിലാണ് അവൾ ഒരു കുഞ്ഞിന് ജന്മം നൽകിയത് - ജീൻ ക്രിസ്റ്റഫ്. രോഗം വിട്ടൊഴിയാത്ത ബാല്യം. ചുറ്റുപാടുമുള്ള ചലനങ്ങളും ശബ്ദങ്ങളും അവനിൽ ഭീതിയുളവാക്കി. എന്നാൽ വിദൂരതയിൽനിന്ന് അരിച്ചെത്തുന്ന പവിത്രവും ശാന്തവുമായ പള്ളിമണിനാദം അവനെ ആനന്ദം കൊള്ളിച്ചു. അമ്മിഞ്ഞപ്പാലുപോലെ ആ സംഗീതം അവന്റെ ഹൃദയത്തിൽ മധുരം നിറച്ചു.

ശാന്തമായി ഒഴുകുന്ന റൈൻനദി. നദീജലത്തിലേക്ക് ചാഞ്ഞുനിൽക്കുന്ന മരച്ചില്ലകൾ. മഴക്കാലത്ത് കുത്തിയൊഴുകുന്ന നദിയുടെ ആരവം. എല്ലാം ജീൻ ക്രിസ്റ്റഫിന്റെ മനസ്സിൽ തുടിയായുണർന്നു.

കുന്നിൽപുറങ്ങളെ നിറച്ചാർത്തണിയിക്കുന്ന വസന്തം. തണുത്ത ഹേമന്തരാത്രികൾ. ദിനരാത്രങ്ങൾ കടന്നുപോകുന്നു.

മുത്തച്ഛനോടൊപ്പം അവൻ പള്ളികളിൽ പോയിത്തുടങ്ങി. അവിടെ വരുന്ന ആളുകളുടെ കൃത്രിമമായ ഗൗരവം അവന് അരോചകമായിത്തോന്നി. ചടങ്ങുകൾ മടുപ്പുളവാക്കി. എന്നാൽ പള്ളിഗീതത്തിന്റെ ശബ്ദവീചികൾ അവനെ തരളിതനാക്കി. സ്വരങ്ങളുടെ മഹാപ്രളയം അവനിൽ അനുഭൂതി സൃഷ്ടിച്ചു.

റൈൻ നദി ഒഴുകിക്കൊണ്ടിരുന്നു.

കുടിയനും അലസനും കോമാളിയുമായി മാറിയ മെൽഷിയറിന് രാജസദസ്സിലെ സ്ഥാനം നഷ്ടപ്പെട്ടു. കുടുംബകാര്യങ്ങൾ നോക്കാതെ അയാൾ കടം വാങ്ങിയും ഇരന്നും മദ്യപിച്ചുകൊണ്ടിരുന്നു. വീടു പുലർത്താൻ ലൂഷ്യക്ക് പ്രഭുഗൃഹങ്ങളിലെ പാചകജോലി ചെയ്യേണ്ടിവന്നു. അമ്മ ജോലിക്കു പോവുമ്പോൾ അനുജന്മാരെ നോക്കുക കൊച്ചു ക്രിസ്റ്റഫാണ്. അതിൽ അവൻ അഭിമാനംകൊണ്ടു.

ഏകാന്തരാത്രികളിൽ തളർന്നുറങ്ങുന്ന മകനെ കെട്ടിപ്പിടിച്ച് ലൂഷ്യ തേങ്ങിക്കരയും. ഉറക്കത്തിൽ ആ തേങ്ങലിന്റെ ഞരക്കങ്ങൾ അവൻ അവ്യക്തമായി കേട്ടു.

റൈൻ നദി ഒഴുകുകയാണ്, കണ്ണീരുറവപോലെ.

മുത്തച്ഛനായിരുന്നു അവന്റെ വലിയ ആശ്വാസം. മൈക്കലിന്റെ താമസസ്ഥലത്തേക്ക് ജീൻ ക്രിസ്റ്റഫ് ഇടയ്ക്കിടെ ചെല്ലും. അയാൾ അവന് കഥകൾ പറഞ്ഞുകൊടുക്കും- മഹാന്മാരുടെ, വീരനായകന്മാരുടെ. താനാണ് ആ കഥാപാത്രങ്ങൾ എന്ന മട്ടിൽ ആവേശത്തിലാണ് പറയുക. കഥകളുടെ സ്വപ്നലോകത്തിൽ സഞ്ചരിച്ച് ആ വൃദ്ധനും കൊച്ചുബാലനും തങ്ങളുടെ വേദനകൾ മറക്കും.

വിഖ്യാതഗായകൻ ഹെയ്സലറിന്റെ ഗംഭീരമായ സംഗീതക്കച്ചേരി നടക്കുകയാണ്. ഓർക്കസ്ട്രയിൽ മൈക്കലിനും മെൽഷിയറിനും പങ്കെടുക്കാൻ അവസരം കിട്ടി. സംഗീതത്തിന്റെ മാസ്മരികലോകം അന്നാണ് ക്രിസ്റ്റഫിന്റെ മുന്നിൽ തുറക്കപ്പെട്ടത്. അഭൗമമായ ഏതോ ഒരു ലോകത്ത് എത്തിപ്പെട്ടതുപോലെ അവന് തോന്നി. രക്തത്തിലലിഞ്ഞു കിടന്ന സംഗീതം അവന്റെ ധമനികളിൽ ഊർജപ്രവാഹമായി. നാദങ്ങളുടെ ചിറകിലേറി സംഗീതത്തിന്റെ വിഹായസ്സിൽ വെൺമേഘത്തെപ്പോലെ അവന്റെ മനസ്സ് പാറിനടന്നു. രാത്രിയിലെ സൽക്കാരവേളയിൽ മുത്തച്ഛൻ അവനെ ഹെയ്സലർക്ക് പരിചയപ്പെടുത്തി. അദ്ദേഹം അവന്റെ തലയിൽ കൈവച്ചനുഗ്രഹിച്ചു.

വീട്ടിൽ തിരിച്ചെത്തിയപ്പോൾ തന്റെ പഴയ പിയാനോ മുത്തച്ഛൻ ക്രിസ്റ്റഫിന് സമ്മാനിച്ചു. ആനക്കൊമ്പുകൊണ്ടുള്ള അതിന്റെ

കട്ടകളിൽ അവൻ വിരലമർത്തി. മന്ദ്രമധുരമായ പലതരം സ്വരങ്ങൾ അതിൽ നിന്ന് പുറപ്പെട്ടു. ആ നാദപ്രപഞ്ചത്തിൽ കൊച്ചുക്രിസ്റ്റഫ് ഒഴുകി നടന്നു.

അപ്രതീക്ഷിതമായി മകന്റെ സംഗീതവാസന മെൽഷിയറിന്റെ ശ്രദ്ധയിൽപ്പെട്ടു. അയാൾ അവനെ സംഗീതം പഠിപ്പിക്കാൻ തുടങ്ങി. അതൊരു പീഡനമായിരുന്നു. അവന്റെ ഉത്സാഹം കെട്ടടങ്ങി. അവൻ പിയാനോ വെറുത്തു. മുത്തച്ഛന്റെ വീട്ടിലെത്തുമ്പോൾ അവന്റെ മനസ്സ് സ്വസ്ഥമാകും. മൂളിപ്പാട്ടുകൾ പാടിക്കൊണ്ട് അവൻ അവിടെ ചുറ്റിത്തിരിയും. മൈക്കൽ അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആ ഗാനസൗകുമാര്യം അയാളെ ആകർഷിച്ചു.

റൈൻ നദി ഒഴുകുകയാണ്-സ്വച്ഛമായി, ശാന്തമായി.

ഒരു ദിവസം മൈക്കൽ ക്രിസ്റ്റഫിനെ അടുത്തു വിളിച്ചു. ഒരു പുസ്തകത്തിലെ പേജ് നീട്ടി അതിലെ പാട്ട് പിയാനോവിൽ വായിക്കാൻ പറഞ്ഞു. പിയാനോ വായിച്ചുകൊണ്ടിരിക്കെ പരിചിതമായ ഏതോ ഒരു ലോകത്തെത്തിപ്പെട്ടതുപോലെ അവനു തോന്നി. എവിടെയോ കേട്ടുമറന്ന ഗാനം. എവിടെനിന്നെന്ന് പിടികിട്ടുന്നില്ല. പുഞ്ചിരിച്ചുകൊണ്ട് മുത്തച്ഛൻ ആ നോട്ടുബുക്കിന്റെ പുറംചട്ട അവന് കാണിച്ചുകൊടുത്തു. വടിവൊത്ത കൈപ്പടയിൽ അതിൽ എഴുതിയിരിക്കുന്നു: 'ശൈശവത്തിന്റെ ആനന്ദം'-ജീൻ ക്രിസ്റ്റഫ് ക്രാഫ്റ്റ്. ആഹ്ലാദവും അമ്പരപ്പുംകൊണ്ട് അവൻ നിശ്ചലനായി.

മൂളി നടന്ന പാട്ടുകൾ അവനറിയാതെ മുത്തച്ഛൻ കുറിച്ചിടുകയായിരുന്നു. അവ മനോഹരമായി എഴുതിച്ചേർത്ത് ഒരു പുസ്തകമാക്കിയിരിക്കുന്നു! മുത്തച്ഛനും കൊച്ചുമകനും പരസ്പരം കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

റൈൻ നദി ഒഴുകുകയാണ്-ഓളം വെട്ടി, ചിന്നിച്ചിതറി, ആർത്തു ചിരിച്ച്.

മകന്റെ ഗാനരചനാവൈഭവത്തിൽ മെൽഷിയർ ആദ്യമാദ്യം വലിയ താൽപര്യം കാണിച്ചിരുന്നില്ല. ക്രമേണ അയാൾ അവന്റെ കഴിവിൽ അഭിമാനംകൊള്ളാൻ തുടങ്ങി. ആ ഗാനസമാഹാരം മഹാപ്രഭുവിന് സമർപ്പിച്ച് കച്ചേരി നടത്താൻ അയാൾ തീരുമാനിച്ചു. മുത്തച്ഛനും അച്ഛനും അവനെ അത്യാകർഷകമായി അണിയിച്ചൊരുക്കി നാടകശാലയിലേക്ക് ആനയിച്ചു.

കച്ചേരി ആരംഭിക്കുകയാണ്. മഹാപ്രഭുവും മകളും മുന്നിലിരിക്കുന്നു. നാടകശാല പരിചിതമായിരുന്നെങ്കിലും തന്നെ ഉറ്റുനോക്കുന്ന നിരവധി കണ്ണുകൾ ക്രിസ്റ്റഫിനെ ഇത്തിരി പരിഭ്രമിപ്പിച്ചു. എന്നാൽ പാടിത്തുടങ്ങിയതോടെ അവൻ എല്ലാം മറന്നു. അനിർവചനീയമായ ഏതോ ശക്തി അവനിൽ ഉയിരിട്ടു.

അവാച്യമായ നാദപ്രവാഹത്തിൽ വേദിയും സദസ്സും ലയിച്ചു. അതിഗംഭീരമായിരുന്നു അവസാനഗാനം.

കച്ചേരി അവസാനിച്ചയുടൻ കടലിരമ്പം പോലെ കരഘോഷം ഉയർന്നുപൊങ്ങി. പ്രതിമപോലെ അവൻ നിശ്ചലനായി. ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് ഓടിവന്ന് മഹാപ്രഭു അവനെ വാരിയെടുത്ത് ചുംബിച്ചു. പ്രഭുകുമാരി അവനെ എടുത്ത് മടിയിലിരുത്തി. അഭിനന്ദനത്തിന്റെ പുഷ്പവൃഷ്ടിയിൽ അവൻ മൂടിപ്പോയി.

തിരക്കുകൾ ഒഴിഞ്ഞ് ശാന്തമായപ്പോൾ പ്രഭുകുമാരിയോട് അവൻ പറഞ്ഞു, താൻ അവസാനം ആലപിച്ച ദീർഘമായ ഗാനത്തിലെ നാലു വരികൾ തന്റേതായിരുന്നില്ല; മുത്തച്ഛൻ എഴുതിച്ചേർത്തതായിരുന്നു എന്ന്. മുത്തച്ഛനായിരുന്നു തന്റെ പ്രചോദനമെന്ന്. പ്രഭുകുമാരി വൃദ്ധനെ മതിയാവോളം പുകഴ്ത്തി. അയാളും സഭയിൽ ബഹുമാനിതനായി.

ജീൻ മൈക്കൽ കരയുകയായിരുന്നു. ആ കണ്ണീരിൽ നിറയുന്നത് ആനന്ദമാണോ! അഭിമാനമാണോ! അണപൊട്ടിയ ദുഃഖമാണോ! അയാൾക്ക് തിരിച്ചറിയാനാവുന്നില്ല.

റൈൻ നദി ഒഴുകിക്കൊണ്ടിരുന്നു. ജീവിതത്തെപ്പോലെ, സംഗീതാത്മകമായി.

*(പ്രമുഖ ഫ്രഞ്ച് സാഹിത്യകാരനും സംഗീതജ്ഞനുമായിരുന്ന റൊമാങ് റൊളാങ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രചിച്ച ലോകപ്രസിദ്ധമായ കൃതിയാണ് 'ജീൻ ക്രിസ്റ്റഫ്.' പത്തു വാല്യങ്ങളുള്ള ഈ നോവൽ 'യൂറോപ്പിന്റെ ഇതിഹാസം' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. 1915 ൽ ഈ കൃതിക്ക് നൊബേൽ സമ്മാനം ലഭിച്ചു.)*

### വായിക്കാം കണ്ടെത്താം

- ക്രാഫ്റ്റ് കുടുംബത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
- ജീൻ മൈക്കലിന് നിരാശയുണ്ടാവാനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?
- ഏതെല്ലാം പീഡകളാണ് ജീൻ ക്രിസ്റ്റഫിന് കുട്ടിക്കാലത്ത് അനുഭവിക്കേണ്ടിവന്നത്?
- ക്രിസ്റ്റഫിന്റെ ശിശുമനസ്സിൽ സംഗീതത്തോടുള്ള ആഭിമുഖ്യം ഉണർന്നത് എങ്ങനെയെല്ലാം?
- ജീൻ ക്രിസ്റ്റഫിന്റെ സംഗീതക്കച്ചേരിയുടെ സവിശേഷതകളായി എന്തെല്ലാമാണ് പാഠഭാഗത്ത് സൂചിപ്പിച്ചിട്ടുള്ളത്?

### ഊഹിച്ചു പറയാം

- “ഏകാന്തരാത്രികളിൽ തളർന്നുറങ്ങുന്ന മകനെ കെട്ടിപ്പിടിച്ച് ലൂഷ്യ തേങ്ങിക്കരയും” തന്റെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം ആശങ്കകളായിരിക്കാം അവളുടെ തേങ്ങലിനു പിന്നിൽ?
- “മൈക്കൽ അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.” പൗത്രനെക്കുറിച്ച് അയാളുടെ മനസ്സിൽ ഉണർന്ന പ്രതീക്ഷകൾ എന്തെല്ലാമായിരിക്കും?

### താരതമ്യം ചെയ്യാം

## പ്രചോദനങ്ങൾ

അമ്മയോടൊത്ത് കഴിഞ്ഞ കാലങ്ങൾ സ്മൃതിപഥത്തിൽനിന്ന് മാഞ്ഞുപോകുന്നില്ല. എന്നെ ഒരു സാഹിത്യകാരനായി കാണാൻ അമ്മ ഏറെ കൊതിച്ചു, പ്രാർഥിച്ചു. ഞാൻ എഴുതുന്നതൊക്കെ അച്ചടിച്ചുവരാൻ അമ്മ വഴിപാടുകൾ നേർന്നു. എഴുതിയ സൃഷ്ടികൾ പലതും പത്രമാഫീസിൽനിന്ന് തിരിച്ചുവരുമ്പോൾ നിരാശപ്പെടാറുണ്ട്. ആരോടെന്നില്ലാത്ത ആത്മരോഷം അത്തരം സന്ദർഭങ്ങളിൽ എന്നെ വന്നു പൊതിയാറുണ്ട്. എണ്ണപ്പെട്ട ആഴ്ചപ്പതിപ്പുകളിലും മാസികകളിലും വാർഷിക വിശേഷാൽ പതിപ്പുകളിലുമൊക്കെ അച്ചടിച്ചുകാണാൻ മോഹിച്ചിട്ടുണ്ട്. ഇതൊക്കെ സാധിച്ചെടുക്കുന്ന മുതിർന്ന സാഹിത്യകാരന്മാരുടെ കഴിവിനെ ഓർത്ത് അസൂയപ്പെട്ടിട്ടുണ്ട്. തന്നെ അവഗണിക്കുന്നവരോടൊക്കെ എന്തെന്നില്ലാത്ത അമർഷം. ഇത്തരം പ്രതിസന്ധികളിലൊക്കെ ആശ്വസിപ്പിച്ചിരുന്നത് അമ്മയാണ്, അമ്മ മാത്രം.

മറ്റാരും എന്റെ വേദനകളെപ്പറ്റിയോ ദുഃഖങ്ങളെപ്പറ്റിയോ അറിഞ്ഞിരുന്നില്ല. എത്രയെത്ര മുറിവുകളാണ് മനസ്സിനേറ്റിട്ടുള്ളത്! പലപ്പോഴും ആരോടെന്നില്ലാതെ പൊട്ടിത്തെറിച്ചു സംസാരിക്കുന്ന ഞാനൊരു കലിതുള്ളിയ വെളിച്ചപ്പാടായി മാറും. പല ‘കൽപ്പന’കളും നടത്തും, അതോ ജൽപ്പനങ്ങളോ?

എഴുതിയിട്ട് പത്തുരൂപ ആരെങ്കിലും അയച്ചുതന്നാൽ ആ ദിവസം എന്നെ വല്ലാതെ സന്തോഷിപ്പിച്ചിരുന്നു. അന്നത്തെ പത്തുരൂപ ഒരു നിസ്സാര തുകയല്ല.

(പിതൃയാനം) - ഉണ്ണികൃഷ്ണൻ പുതൂർ

- മുകളിൽ കൊടുത്ത അനുഭവം ജീൻ ക്രിസ്റ്റഫിന്റെ അനുഭവവുമായി എങ്ങനെ താരതമ്യപ്പെടുത്താം?
- നിങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് പ്രചോദനമായിത്തീർന്ന അനുഭവങ്ങൾ പങ്കുവയ്ക്കുക.

### വാക്കിന്റെ ഭംഗി

- അഭൗമം, അനിർവചനീയം, അവാച്യം എന്നീ പദങ്ങൾ ഉൾപ്പെടുന്ന വാക്യങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുക. അതത് സന്ദർഭങ്ങളിൽ ആശയം രൂപപ്പെടുത്തുന്നതിന് ഈ പദങ്ങൾ എങ്ങനെ സഹായകമാവുന്നുവെന്ന് വിശദീകരിക്കുക.
- അത്യാകർഷകം, അതിഗംഭീരം തുടങ്ങിയ പദപ്രയോഗങ്ങളുടെ സവിശേഷതകൾ കണ്ടെത്തുക.
- "അമ്മിഞ്ഞപ്പാലുപോലെ ആ സംഗീതം അവന്റെ ഹൃദയത്തിൽ മധുരം നിറച്ചു." ഈ വാക്യം സംഗീതത്തോടുള്ള ക്രിസ്റ്റഫിന്റെ ആഭിമുഖ്യം എങ്ങനെയാണ് വ്യക്തമാക്കുന്നത്?

### പദക്കൂട്ടുകൾ

- സംഗീതധാര, ശബ്ദവീചികൾ തുടങ്ങി സംഗീതഭംഗിയുമായി ബന്ധപ്പെട്ട പദക്കൂട്ടുകൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.

  സംഗീതധാര = സംഗീതത്തിന്റെ ധാര

  ഇതുപോലെ നിങ്ങൾ കണ്ടെത്തിയ പദങ്ങൾ മാറ്റിയെഴുതുക.

### പദപരിചയം

- കൃശഗാത്രി, തരളിതം, അനുഭൂതി, വിഹായസ്സ്, മന്ദ്രമധുരം, വൈഭവം, കൃതജ്ഞത എന്നീ പദങ്ങളുടെ അർഥം ഊഹിച്ചു പറയുക. നിഘണ്ടു നോക്കി ഉറപ്പുവരുത്തുക.

### ആമുഖക്കുറിപ്പ്

- ജീൻ ക്രിസ്റ്റഫ് രചിച്ച പാട്ടുകളുടെ സമാഹാരമായ 'ശൈശവത്തിന്റെ ആനന്ദം' എന്ന പുസ്തകത്തിന്റെ ആമുഖമായി മുത്തച്ഛൻ എഴുതിയ കുറിപ്പ് എന്തായിരിക്കും? എഴുതിനോക്കൂ.

### രചനയുടെ കൗശലം

- റൈൻ നദി ഒഴുകിക്കൊണ്ടിരുന്നു.
  റൈൻ നദി ഒഴുകുകയാണ്, കണ്ണീരുറവ പോലെ.
  റൈൻ നദി ഒഴുകുകയാണ്-ഓളം വെട്ടി, ചിന്നിച്ചിതറി, ആർത്തുചിരിച്ച്.
  റൈൻ നദി ഒഴുകിക്കൊണ്ടിരുന്നു-ജീവിതത്തെപ്പോലെ, സംഗീതാത്മകമായി.

  റൈൻനദിയെയും അതിന്റെ ഒഴുക്കിനെയും കുറിച്ച് കഥയുടെ വിവിധ ഘട്ടങ്ങളിൽ ആവർത്തിച്ചു പറയുന്നുണ്ടല്ലോ. ഇതു കഥയെ ആകർഷകമാക്കുന്നുണ്ടോ? പരിശോധിക്കുക.

- കഥ ആകർഷകമാക്കുന്നതിന് മറ്റെന്തെല്ലാം കൗശലങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്?

### കഥാപാത്രനിരൂപണം

- ജീൻ ക്രിസ്റ്റഫിന്റെ വ്യക്തിത്വവും സ്വഭാവസവിശേഷതകളും പരിഗണിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

### പ്രഭാഷണം

- "കുടിയനും അലസനും കോമാളിയും ആയി മാറിയ മെൽഷിയറിന് രാജസദസ്സിലെ സ്ഥാനം നഷ്ടപ്പെട്ടു. കുടുംബകാര്യങ്ങൾ നോക്കാതെ അയാൾ കടം വാങ്ങിയും ഇരന്നും മദ്യപിച്ചുകൊണ്ടിരുന്നു. വീടു പുലർത്താൻ ലൂഷ്യക്ക് പ്രഭുഗൃഹങ്ങളിലെ പാചകജോലി ചെയ്യേണ്ടിവന്നു."

  മദ്യം കുടുംബത്തെ തകർത്തുകളയുന്ന ചിത്രമാണല്ലോ ഇത്. കഥയിലെ സൂചനകളും ഉചിതമായ മറ്റ് ഉദാഹരണങ്ങളും വിശദീകരിച്ച് മദ്യവിപത്തിനെതിരെ പ്രഭാഷണം നടത്തുക.

### കുറിപ്പെഴുതാം

- മന്ദപ്പന്റെ ജീവിതം ജനമനസ്സുകളിൽ വീരഗാഥയുടെ ആവേശം നിറയ്ക്കുന്നു. കുഞ്ഞുമനസ്സിൽ പ്രതിഭയുടെ തിളക്കം ഉയിരെടുക്കുന്ന കഥയാണ് 'റൈൻ നദിയുടെ ഓളങ്ങളിൽ' തെളിയുന്നത്. ചെടികളിൽ നാമ്പിടുന്ന പൂമൊട്ടുകൾ കർഷകമനസ്സിൽ പ്രതീക്ഷയുടെ ആവേശം ഉണർത്തുന്നു.
  'ഉണർവിന്റെ പാതയിൽ' എന്ന യൂണിറ്റിലെ ഈ പാഠഭാഗങ്ങൾ എന്തു പ്രചോദനമാണ് നിങ്ങൾക്ക് നൽകുന്നത്? വിശദീകരിക്കുക.

## ഞാൻ എന്നെക്കുറിച്ച്

താഴെ കൊടുത്തവയിൽ നിങ്ങൾ എത്രമാത്രം മികച്ചു നിൽക്കുന്നു എന്ന് സ്വയം വിലയിരുത്തുക.

- കഥയുടെ തുടക്കം, വളർച്ച, ഒടുക്കം എന്നിവയുടെ പ്രത്യേകത തിരിച്ചറിയാൻ കഴിയുന്നു.
- കഥയുടെ രചനാകൗശലം, കഥാപാത്രങ്ങളുടെ അവതരണരീതി, കഥ പറയുന്ന ആൾ എന്നിവയുടെ പ്രത്യേകത കണ്ടെത്തുന്നു.
- സന്ദർഭത്തിന് അനുയോജ്യമായ വികാരം ഉണ്ടാക്കാൻ കഴിയുന്ന പദങ്ങളും പ്രയോഗങ്ങളും കണ്ടെത്താൻ കഴിയുന്നു.
- വിഷയവുമായി ബന്ധപ്പെട്ട പ്രസക്ത വിവരങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞു. സ്വന്തമായ വാദങ്ങൾ ഉന്നയിക്കാൻ കഴിയുന്നു.
- വാദങ്ങൾ സാധൂകരിക്കാൻ ആവശ്യമായ ഉദാഹരണങ്ങളും തെളിവുകളും സന്ദർഭോചിതമായി ഉപയോഗിക്കുന്നു.
- പ്രഭാഷണം
  ആശയങ്ങൾ പരസ്പരം ബന്ധപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്.
  ആകർഷകമായ പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്.
  ഉചിതമായ രീതിയിൽ ശബ്ദത്തിന്റെ തീവ്രത, വേഗം, ഒഴുക്ക് എന്നിവ പാലിക്കാൻ കഴിഞ്ഞു.
  അംഗവിക്ഷേപവും ഭാവവും നിയന്ത്രിച്ച് ഉപയോഗിച്ചു.

- നാടൻകലകൾ, ഐതിഹ്യങ്ങൾ എന്നിവയുടെ ശേഖരണത്തിൽ നിങ്ങൾക്കുണ്ടായ മികവും പരിമിതിയും എന്തൊക്കെയെന്ന് വിലയിരുത്തുക.
  - വിവരശേഖരണം
  - വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തൽ.
  - സ്വന്തമായ ഭാഷാശൈലിയിൽ എഴുതിത്തയാറാക്കൽ.
  - പരിമിതികൾ പരിഹരിക്കാൻ ഞാൻ എന്തൊക്കെ ചെയ്യും?

4

# മായാത്ത കാഴ്ചകൾ



നിലാവില്ലാത്ത രാത്രി. നദിയിലൂടെ നീങ്ങുന്ന ചെറുതോണി. അതിൽ ഏകാകിയായി യാത്രചെയ്യുകയായിരുന്നു രവീന്ദ്രനാഥ ടാഗോർ. മെഴുകുതിരിയുടെ അരണ്ട വെളിച്ചം. തണുത്ത കാറ്റ് ഇടയ്ക്കൊന്ന് ആഞ്ഞുവീശി. വിളക്കണഞ്ഞു. എങ്ങും കൂരിരുട്ട്. കൈയിലെ പുസ്തകമടച്ച് ടാഗോർ ചുറ്റിലും നോക്കി. ഇരുകരകളിലും വീട്ടുവെളിച്ചത്തിന്റെ കൊച്ചുകൊച്ചു ശകലങ്ങൾ! നദിയുടെ ഓളങ്ങളിൽ വെളിച്ചത്തിന്റെ നിഴലുകൾ ഇളകിയാടുന്നു. ആകാശത്തും നദിയിലും നക്ഷത്രങ്ങളുടെ രത്നഭംഗി! ഇരുട്ടിന്റെ സൗന്ദര്യത്തിൽ മനം മയങ്ങി മഹാകവി നിശ്ചലനായി ഇരുന്നു.

- ഇരുട്ടിന് സൗന്ദര്യം ലഭിച്ചതെങ്ങനെ?
- ഇരുട്ടിനും വെളിച്ചത്തിനുമൊപ്പം പതിയുന്ന ശബ്ദങ്ങൾ എന്തെല്ലാമായിരിക്കാം?

# ഗാനം കേട്ട നേരം



രാഗങ്ങളോരോന്നേ ഗോകുലനായകൻ
മേളം കലർന്നങ്ങു പാടുന്നേരം
വൃന്ദാവനംതന്നിലുള്ളൊരു ജീവികൾ
നന്ദിച്ചുനിന്നുതേ മന്ദം മന്ദം.

ഷഡ്പദമാലകളദ്ഭുതമായൊരു
പുഷ്പരസത്തെ വെടിഞ്ഞുടനെ
ഗാനമായ് മേവിന തേനേക്കുടിപ്പാനായ്
ആനനംതങ്കലേ ചെന്നു പുക്കു.
കോകിലജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നുപോയി
ചേണുറ്റ വേണുതൻ തേനുറ്റ നാദത്തെ-
ത്താനുറ്റനാദത്തിന്മീതേ കേട്ട്
വേലപ്പെടാതെതാൻ മാനിച്ചു നിന്നിട്ടു
ചാലപഠിപ്പാനായെന്നപോലെ.

കേകിനിരകളും വേഗത്തിൽച്ചെന്നിട്ടു
കൂകി, ക്കുഴഞ്ഞൊരു കണ്ഠവുമായ്;
നീലത്തഴയായ പീലിപ്പുറംതന്നെ
ച്ചാലപ്പരത്തി വിരിച്ചു ചെമ്മെ
പാടിത്തുടങ്ങുമ്പോൾ നീടുറ്റ താളത്തിൽ
ആടിത്തുടങ്ങീതു മെല്ലെ മെല്ലെ.
പുണ്യതമങ്ങളായുള്ള മരങ്ങളും
കണ്ണൻകുഴൽവിളി കേട്ടനേരം
തേനുറ്റു വീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ചു കൊമ്പെല്ലാം താഴ്ത്തി നിന്നു.

***

മാൺപെഴുന്ന ചില മാൻപേടകളെല്ലാം
ചാമ്പിമയങ്ങിന കൺമിഴിയും
ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലമ്പോടു
വട്ടത്തിൽ മേവിതേ പെട്ടെന്നപ്പോൾ
കർണങ്ങളാലൊന്നു തിണ്ണം കുലമ്പിച്ചു
കണ്ണൻകുഴൽക്കു കൊടുത്തു ചെമ്മെ.
വായ്ക്കൊണ്ട പുല്ലെല്ലാം പാതി ചവച്ചങ്ങു
വായ്ക്കുന്ന മെയ്യിലൊഴുക്കിനിന്നൂ
കൈതവമറ്റുതാൻ കൈതുടർന്നൂ ചിലർ
പൈതങ്ങളേയും മറന്നു ചെമ്മെ.
ചിത്രത്തിൽ ചേർത്തു ചമച്ചകണക്കെയ-
ന്നിശ്ചലമായൊരു മെയ്യുമായി
തേനുറ്റ ഗാനത്തെക്കേട്ടുതുടങ്ങീത-
ങ്ങാനന്ദബാഷ്പമൊഴുക്കി മെല്ലെ.

മുല്ലതുടങ്ങിന വല്ലികളോരോന്നേ
വല്ലവീവല്ലഭൻ പാടുന്നേരം
മെല്ലെന്നിറങ്ങി മരങ്ങളിൽനിന്നങ്ങു
പല്ലവമാണ്ടു തന്മുന്നിൽച്ചെന്നു.

(കൃഷ്ണഗാഥ) -ചെറുശ്ശേരി

## വായിക്കാം കണ്ടെത്താം

- ഗാനം മുഴങ്ങുന്നത് എവിടെയാണ്? ഗായകൻ ആര്? കേൾവിക്കാർ ആരെല്ലാം?
- ഗാനം കേട്ടവരുടെ പ്രതികരണം എന്തായിരുന്നു?
- "ചിത്രത്തിൽ ചേർത്തു ചമച്ച കണക്കെയ -
  ന്നിശ്ചലമായൊരു മെയ്യുമായി" നിൽക്കുന്നതാരാണ്?
- ദൃശ്യമായി അനുഭവപ്പെടുന്ന മറ്റേതൊക്കെ ഭാഗങ്ങൾ കാവ്യഭാഗത്തുനിന്ന് കണ്ടെത്താം? വിശദീകരിക്കൂ.

## ഈണത്തിൽ ചൊല്ലാം

- കൃഷ്ണന്റെ ഓടക്കുഴൽ നാദം വൃന്ദാവനത്തിലും ജീവജാലങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണ്? വരികൾ കണ്ടെത്തി ചൊല്ലുക.
    - പക്ഷികളിൽ
    - വൃക്ഷലതാദികളിൽ
    - പൂക്കളിൽ
- "ചേണുറ്റ വേണുതൻ തേനുറ്റനാദത്തെ
  ത്താനുറ്റ നാദത്തിന്മീതേ കേട്ട്" എന്ന ഈരടി താളത്തിൽ ചൊല്ലൂ.
- ഈ കാവ്യഭാഗത്തിന് ഉചിതമായ ഈണം കണ്ടെത്താമോ? സംഘമായി പാടി അവതരിപ്പിക്കാം.

## വിശദീകരിക്കാം

- "കോകിലജാലങ്ങൾ കോലക്കുഴൽ കേട്ടു
  മൂകങ്ങളായങ്ങു നിന്നുപോയി"
  ഉറക്കെ പാടാറുള്ള കുയിലുകൾ മൂകരായി നിന്നുപോയത് എന്തുകൊണ്ടാവാം? നിങ്ങളുടെ ഊഹമെന്ത്? ചെറുശ്ശേരി ഇതിനു പറയുന്ന കാരണമെന്ത്? വരികൾ ചൊല്ലി വിശദമാക്കുക.

## പദപരിചയം

- 'കേകി' എന്ന പദത്തിന്റെ അർഥം കണ്ടെത്താൻ നിങ്ങൾക്ക് മറ്റേതെല്ലാം വരികൾ കൂടി സഹായകമാകും? വരികൾ കണ്ടെത്തി പദത്തിന്റെ അർഥം പറയൂ.
- ഇതുപോലെ കോകിലം, വേണു, കർണം, വല്ലി എന്നിവയുടെ അർഥം നിങ്ങൾ കണ്ടെത്തിയതെങ്ങനെ? പറയൂ.
- പൂക്കുക, ചേർന്ന്, ചെമ്മേ, നീടുറ്റ, തിണ്ണം, കൈതവം, പല്ലവം എന്നീ പദങ്ങളുടെ അർഥം ഊഹിച്ച് പറയൂ; നിഘണ്ടു പരിശോധിച്ച് ഉറപ്പുവരുത്തൂ.

## അന്നും ഇന്നും

- പാഠഭാഗത്തുള്ള പദങ്ങളിൽ പലതും ഇന്നു പ്രചാരത്തിലില്ലാത്തവയാണ്. അവ കണ്ടെത്തുക.
- പട്ടിക തയാറാക്കി പകരം ഇന്നുപയോഗിക്കുന്ന പദങ്ങൾ കണ്ടെത്തുക.
- നിങ്ങളുടെ പ്രദേശത്ത് മുമ്പു പ്രചാരത്തിൽ ഉണ്ടായിരുന്നതും ഇന്നു പ്രചാരത്തിൽ ഇല്ലാത്തതുമായ പദങ്ങളുണ്ടല്ലോ. ശേഖരിച്ച് ലഘുനിഘണ്ടു തയാറാക്കുക.

## മതിമറന്ന അനുഭവങ്ങൾ

- പ്രശസ്ത ഗായിക എസ്. ജാനകിയുടെ ചെറുപ്പകാലത്തെ ഒരു സംഭവം:

> ഒരു പാട്ടിന്റെ റിക്കാർഡിങ് നടക്കുന്നു. ജാനകിയാണ് പാടുന്നത്. ഓർക്കസ്ട്രയിൽ സംഗീതാചാര്യനായ ബിസ്മില്ലാഖാൻ ഷെഹനായ് വായിക്കുന്നുണ്ട്. ഒരു ഘട്ടമെത്തിയപ്പോൾ ഷെഹനായ് വായന പെട്ടെന്നു നിന്നു. യൂണിറ്റാകെ നിശ്ചലമായി.. "ഈ കുട്ടിയുടെ ശബ്ദമാധുരിയിൽ ലയിച്ചുപോയതാണു ഞാൻ"- ആഹ്ലാദചിത്തനായി അദ്ദേഹം പറഞ്ഞു.

ഇതുപോലെ നിങ്ങൾ സ്വയം ലയിച്ച് മതിമറന്നുപോയ ഏതെങ്കിലും അനുഭവം എഴുതി അവതരിപ്പിക്കൂ.

## വരയ്ക്കാം, അഭിനയിക്കാം

- കണ്ണന്റെ വേണുഗാനം ജീവജാലങ്ങളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ പ്രതിപാദിക്കുന്ന ഏതാനും സന്ദർഭങ്ങൾ വിവരിക്കൂ. അവ വരയ്ക്കാമോ?
- ഈ സന്ദർഭങ്ങളുടെ ദൃശ്യാവിഷ്കാരം (നിശ്ചലദൃശ്യം) ഗ്രൂപ്പുകളായി അവതരിപ്പിക്കുക.

# വീണിതല്ലോ കിടക്കുന്നു....

മഹത്തുക്കളുടെ സാമീപ്യമോ സംസർഗമോ കൊണ്ട് നിസ്സാരന്മാരും ചിലപ്പോൾ ഉൽകൃഷ്ടന്മാരായി കാണപ്പെടാറുണ്ടല്ലോ. എന്നാൽ അങ്ങനെയുള്ളവരുടെ പ്രകൃത്യാ ഉള്ള ഹീനസ്വഭാവത്തെ ക്കാണുമ്പോൾ മഹത്തുക്കൾക്ക് ഒരു ഭാവഭേദം സംഭവിച്ചുപോകയും ചെയ്യും. ഇതിന്മണ്ണം മേൽപ്പറഞ്ഞ കാട് ഒരു രാത്രിയിൽ പ്രഥമയാമത്തിൽ ചന്ദ്രസ്പർശത്താൽ ശോഭിച്ചിരുന്നുവെങ്കിലും, ചെങ്കനൽനിറത്തോടുയർന്നുവന്ന പൂർണചന്ദ്രൻ മേൽഭാഗത്തെ ത്തിയപ്പോഴേക്ക് വിളറി വർണം പകർന്നു കാണപ്പെടുന്നു. ആകാശവീഥിയിൽ സഞ്ചരിക്കുന്ന മേഘശകലങ്ങൾ സത്വരഗതിയെ വിട്ടു മാന്ദ്യത്തെ അവലംബിച്ചിരിക്കുന്നു. എന്തോ ഭയങ്കരമായ കാഴ്ചയാൽ സ്തബ്ധരാക്കപ്പെട്ടതുപോലെ വൃക്ഷലതകളും തങ്ങളുടെ നൃത്തങ്ങളെ വെടിഞ്ഞ് നിശ്ചലരായി നിൽക്കുന്നു. മാരുതനും ഭയാക്രാന്തനായി ശ്വാസോച്ഛ്വാസരഹിതനായി ചമഞ്ഞിരിക്കുന്നു. രജനിയുടെ സ്തുതിപാഠകന്മാരായ ജംബൂകസമൂഹങ്ങൾ മാത്രം അവരുടെ ഉദ്യോഗത്തിൽ ഏതും ഉപേക്ഷകൂടാതെ രാഗവിസ്താരങ്ങൾ ചെയ്ത് അർധരാത്രിയുടെ മാഹാത്മ്യത്തെ വാഴ്ത്തുന്നു. ഈ സംഗീതത്തിന് താളമായി, നിദ്രാഭംഗം വന്ന് ഭീതിമൂലം അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്ന പക്ഷികളുടെ ചിറകടികളും കേൾപ്പാനുണ്ട്. യക്ഷിപ്രേതാദികളായ ദേവതകളുടെ വാസഭൂമിയെന്നു ജനങ്ങളാൽ വിശ്വസിക്കപ്പെട്ടിരുന്ന ഈ വനത്തിലെ പക്ഷികളുടെ നിദ്രാവിധ്വംസനംചെയ്ത സംഭവം എന്താണെന്ന് ആരായുകതന്നെ.



ഈ കാടിന്റെ മധ്യത്തിൽക്കൂടിയുള്ള മാർഗത്തിൽ ഒരു സ്ഥലത്ത് മുകളിൽ നിൽക്കുന്ന ചന്ദ്രന്റെ പ്രതിബിംബമോ എന്നു സംശയിക്കത്തക്കതായ ഒരു ഛായ കാണപ്പെടുന്നു. സമീപവീക്ഷണത്തിന് ദൃശ്യമാകുന്നത് അതിഘോരമായുള്ള ഒരു കാഴ്ചയാണ്. മാർദവം എന്നതറിഞ്ഞിട്ടില്ലാത്ത ആ നിലത്ത് തന്റെ ദേഹത്തിൽനിന്നു പ്രവഹിച്ചതായ കടുനിണത്തിൽ മഗ്നനായിട്ട്, ദിവ്യവിഗ്രഹനായ ഒരു പുരുഷൻ മരണവേദനകൊണ്ട് കൈകാലുകൾ നിലത്തടിച്ചും, 'അയ്യോ! നാരായണാ! അമ്മേ!' എന്നിങ്ങനെയെല്ലാം അതിദയനീയമാംവണ്ണം ഇടയ്ക്കിടെ ആർത്തസ്വരത്തിൽ വിളിച്ചും ശ്വാസംമുട്ടി ചിലപ്പോൾ ഭൂമിയിൽനിന്നു പൊങ്ങി വീണ്ടും പതിച്ചും ചരമപ്രാന്തസ്ഥനായി കിടക്കുന്നു.

ദേഹത്തിൽ അവിടവിടെ അനേകം വെട്ടുകൾ ഏറ്റ്, അതുകളിൽ നിന്ന് അപ്പോഴും രക്തം തിളച്ചുപൊങ്ങുന്നു. അരയിൽ ധരിച്ചിരിക്കുന്ന വസ്ത്രം രക്തത്തിൽ മുങ്ങീട്ട് കാലോട് പതിഞ്ഞു കാണപ്പെടുന്നു. തലയിൽ ധരിക്കുന്ന വസ്ത്രം ഒരു ചെടിമേൽ വീണുകിടക്കുന്നു. വലതുകരത്തിനു സമീപത്ത് പിടിവിട്ടു കിടക്കുന്ന ഖഡ്ഗത്തിൽ രക്തപാനം അതു ധാരാളമായി കഴിച്ചതിന്റെ ലക്ഷണങ്ങൾ കാണുന്നുമുണ്ട്. വെട്ടുകൾ ഏറ്റ് ശകലിതമായിരിക്കുന്ന ഒരു പരിച, സമീപത്തുള്ള ഒരു വൃക്ഷത്തിൽനിന്ന് വെട്ടുകൾകൊണ്ടുതന്നെ അറ്റു ചിതറിക്കിടക്കുന്ന ലതകളുടെയും ശാഖാഗ്രങ്ങളുടെയും ഇടയിൽ കിടക്കുന്നു. അതിന്മേലുള്ള വെള്ളിക്കുമിളകളിൽ ചന്ദ്രരശ്മി പതിക്കയാൽ ഏറ്റവും ശോഭിച്ചും ചുറ്റുമുള്ള ചെടികൾ പാദാഘാതം കൊണ്ട് ഒടിഞ്ഞും നിലത്തോടു പതിഞ്ഞും ചരൽക്കല്ലുകൾ പൊടിഞ്ഞും എല്ലാം രക്തകണങ്ങൾ അണിഞ്ഞും കാണപ്പെടുന്നു. മരണാവസ്ഥയിൽ കിടക്കുന്ന ഈ യുവാവിന് ഇരുപതിൽ അധികം വയസ്സു കാണുകയില്ല. തലവളർത്തി ഭുജത്തോളം നീട്ടി കണ്ടിച്ചിരിക്കുന്നു. വിശാലമായ നെറ്റിയും മഷി അണിഞ്ഞിരിക്കുന്നുവോ എന്നു തോന്നിപ്പിക്കുന്നതായ കറുപ്പോടുകൂടിയ പുരികങ്ങളും ദന്തത്തിൽ പണിചെയ്തിട്ടുള്ള ചില വിശേഷവിഗ്രഹങ്ങളിൽ കാണപ്പെടുന്നതുപോലെയുള്ള നാസികയും കരിമസ്തകം പോലെ വിരിഞ്ഞ മാറും ഒതുങ്ങിയ അരയും നീണ്ടുരുണ്ട് ഘനംപൂണ്ടുള്ള ബാഹുക്കളും അതിമനോഹരമായ വർണവും കണ്ടാൽ, ആൾ അസാരനല്ലെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ ഏവനും ബോധ്യപ്പെടും. ഈ യുവാവിന്റെ ശരീരത്തിൽനിന്ന് പുറത്തേക്കുള്ള രക്തഗതി കുറച്ചുനേരംകൊണ്ട് നിന്നുതുടങ്ങി. കൈകാൽ അനക്കങ്ങൾ ഇടവിട്ടും വളരെ ക്ഷീണത്തിലും ആയി; ശ്വാസവും അടങ്ങി. പെട്ടെന്നു നേത്രങ്ങൾ

ഒന്നു തുറന്നു. മരണാവസ്ഥയിലാണെങ്കിലും ആ നേത്രങ്ങളിലെ കരുമിഴികളിൽനിന്നു സ്ഫുരിക്കുന്ന തേജസ്സിനെ എങ്ങനെ വർണിക്കുന്നു! എന്തു പൗരുഷവും പ്രൗഢിയും ഗാംഭീര്യവും ആ മുഖത്ത് ഇപ്പോൾ കളിയാടുന്നു! നവമായി വികസിച്ച പുഷ്പംപോലെ എത്രയും ചേതോഹരനായുള്ള ഈ യുവാവിന്റെ നവയൗവനാവസ്ഥയിൽ ഈ മൃതി വന്നുകൂടുന്നതു വിധിയുടെ നിഷ്കരുണത്വംകൊണ്ടെന്നല്ലാതെ എന്തു പറയുന്നു? നേത്രങ്ങൾ തുറന്ന് ആകാശത്തോട്ടു നോക്കിയപ്പോൾ, തന്നെ അനുഗ്രഹഭാവത്തോടും അനുകമ്പയോടും കടാക്ഷിക്കുന്ന ചന്ദ്രനെ കണ്ട് ഒരു മന്ദഹാസം തൂകുന്നു. എന്തോ തന്റെ അഭിമതത്തെ ഉച്ചരിക്കുന്നതിനു ശ്രമിച്ചതിൽ 'പ്' എന്ന അർധാക്ഷരം മാത്രം കഷ്ടിച്ച് ചുണ്ടുകളിൽനിന്ന് പുറപ്പെടുന്നു. അതികഠിനമായുള്ള വ്യസനത്തിന്റെ സൂചകമായി നേത്രങ്ങളിൽ കണ്ണീർ നിറയുന്നു. മുഖം മുഴുവൻ ഭാവം പകരുകയും മാറിടം വികസിച്ച് അമരുകയും ചെയ്യുന്നു. ഇത്രയും അരനിമിഷംകൊണ്ട് കഴിഞ്ഞ് നേത്രങ്ങൾ വീണ്ടും അടയുന്നു. സകല ചലനവും നിൽക്കുന്നു. ലോകസാക്ഷികളോട് യാത്രയും ചൊല്ലി കാമോപമനായ ആ യുവാവ് ചരമഗതിക്കു സന്നദ്ധനാകുന്നു.

(മാർത്താണ്ഡവർമ്മ) – സി.വി. രാമൻപിള്ള

## വായിക്കാം കണ്ടെത്താം

- പാഠഭാഗത്ത് രാത്രിയിലെ ആകാശത്തെ വർണിച്ചിരിക്കുന്നത് എങ്ങനെയാണ്?
- കാട്ടിൽ കിടക്കുന്ന യുവാവ് ഒരു യോദ്ധാവാണ് എന്ന് കഥയിലെ ഏതെല്ലാം സൂചനകളിലൂടെയാണ് നാം തിരിച്ചറിയുന്നത്?
- വനത്തിന്റെ ഭീകരാവസ്ഥ ഏതെല്ലാം സൂചനകളിലൂടെയാണ് നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത്?
  - നിദ്രാഭംഗം വന്ന് ഭീതിമൂലം പറക്കുന്ന പക്ഷികളുടെ ചിറകടി.
  -
  -
- മരിക്കാറായി കിടക്കുന്ന യുവാവിന്റെ ചിത്രം വിശദമാക്കുന്ന ഭാഗം പാഠഭാഗത്തുനിന്ന് കണ്ടെത്തി വായിക്കൂ.

### വ്യത്യാസങ്ങൾ കണ്ടെത്താം

"ഏതോ ഭയങ്കര കാഴ്ചയാൽ സ്തബ്ധരാക്കപ്പെട്ടതുപോലെ വൃക്ഷലതകളും തങ്ങളുടെ നൃത്തങ്ങളെ വെടിഞ്ഞ് നിശ്ചലരായി നിന്നു."

"കോകിലജാലങ്ങൾ കോലാഹലം കേട്ട്
മൂകങ്ങളായങ്ങു നിന്നുപോയി"

- കഥയിലെയും കവിതയിലെയും കാഴ്ചകൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?
- മറ്റ് ഉദാഹരണങ്ങൾ കണ്ടെത്തി പറയൂ.

### വിശകലനം ചെയ്യാം

- യുവാവിന്റെ മുഖം ആകാശത്ത് കാണപ്പെടുന്ന ചന്ദ്രന്റെ പ്രതിബിംബമാണോ എന്ന് ശങ്കിച്ചുപോകുന്നത് എന്തുകൊണ്ടാകാം? കാരണങ്ങൾ പറയൂ.
- "വെട്ടുകൾ ഏറ്റ് ശകലിതമായിരിക്കുന്ന ഒരു പരിച, സമീപത്തുള്ള ഒരു വൃക്ഷത്തിൽനിന്ന് വെട്ടുകൾകൊണ്ടുതന്നെ അറ്റു ചിതറിക്കിടക്കുന്ന ലതകളുടെയും ശാഖാഗ്രങ്ങളുടെയും ഇടയിൽ കിടക്കുന്നു. അതിന്മേലുള്ള വെള്ളിക്കുമിളകളിൽ ചന്ദ്രരശ്മി പതിക്കയാൽ ഏറ്റവും ശോഭിച്ചും ചുറ്റുമുള്ള ചെടികൾ പാദാഘാതം കൊണ്ട് ഒടിഞ്ഞും നിലത്തോടു പതിഞ്ഞും ചരൽക്കല്ലുകൾ പൊടിഞ്ഞും എല്ലാം രക്തകണങ്ങൾ അണിഞ്ഞും കാണപ്പെടുന്നു."
  കാട്ടിൽ നടന്ന ഏതു സംഭവത്തിന്റെ സൂചനയാണ് മുകളിൽ കൊടുത്ത ഭാഗം നൽകുന്നത്? ചർച്ചചെയ്യുക.

- "ലോകസാക്ഷികളോട് യാത്രയും ചൊല്ലി കാമോപമനായ ആ യുവാവ് ചരമഗതിക്ക് സന്നദ്ധനാകുന്നു."
  ഈ പ്രസ്താവനയെ സാധൂകരിക്കാൻ നോവലിസ്റ്റ് ഏതെല്ലാം ചിത്രങ്ങളാണ് അവതരിപ്പിക്കുന്നത്?
  ലോകസാക്ഷികളെന്ന് നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത് ആരെയാണ്?

## പദപരിചയം

കൂട്ടുചേരൽ, നിന്ദ, ഒന്നാമത്തെ, വേഗത്തിൽ, നിശ്ചലരായവർ, കാറ്റ്, പേടിച്ചുപോയവൻ, രാത്രി, പുകഴ്ത്തിപ്പറയുന്നവൻ, കുറുക്കൻ, ഉറക്കം, വിള്ളൽ, നശിപ്പിക്കൽ, രക്തം, ലയിച്ചവൾ, കരച്ചിൽ, മരണത്തിന്റെ വക്കിലെത്തിയവൻ, വാൾ, കഷണങ്ങളാക്കിയ, ചവിട്ട്, മൂക്ക്, കൃഷ്ണമണി, അഭിപ്രായം, പുതിയ, മരണം, കൈ.

- ഈ പദങ്ങൾക്ക് സമാനമായ അർഥം വരുന്ന പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുക.
- കണ്ടെത്തിയ പദങ്ങൾക്കു പകരം മുകളിൽ കൊടുത്ത പദങ്ങൾ ചേർത്ത് പാഠഭാഗം വായിക്കൂ.
- വായനയിൽ എന്തെങ്കിലും വ്യത്യാസങ്ങൾ അനുഭവപ്പെടുന്നുണ്ടോ? കാരണങ്ങൾ പറയൂ.
- പാഠഭാഗത്തുനിന്ന് നിങ്ങൾ കണ്ടെത്തിയ പദങ്ങൾ തന്നെ നോവലിസ്റ്റ് ഉപയോഗിക്കാനുള്ള കാരണം എന്തായിരിക്കും? ചർച്ചചെയ്യുക.

## വ്യാകരണവിശേഷം

- "എല്ലാം രക്തകണങ്ങൾ അണിഞ്ഞും കാണപ്പെടുന്നു" എന്ന വാക്യത്തിൽ 'കാണപ്പെടുന്നു' എന്നു പ്രയോഗിച്ചതിന്റെ പ്രത്യേകത ചർച്ചചെയ്യുക.
- ഇത്തരം പ്രയോഗങ്ങൾ പാഠഭാഗത്ത് വേറെയും ഉണ്ടല്ലോ? കണ്ടെത്തുക.

## കുറിപ്പെഴുതാം

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ"

- ഈ വരികൾ നോവൽ ഭാഗത്തെ യുവാവിന്റെ അവസ്ഥയുമായി എത്രമാത്രം യോജിക്കുന്നു എന്നു വിശകലനംചെയ്ത് കുറിപ്പ് തയാറാക്കുക.
- നിങ്ങളെ ആനന്ദിപ്പിച്ചതും ആകാംക്ഷാഭരിതരാക്കിയതുമായ ഏതെങ്കിലും അനുഭവങ്ങൾ എഴുതൂ. ഉചിതമായ ശീർഷകവും നൽകണം.
- 'മായാത്ത കാഴ്ചകൾ' എന്ന യൂണിറ്റിലെ രണ്ടു പാഠഭാഗങ്ങളിലും കാഴ്ചയുടെ വ്യത്യസ്താനുഭവങ്ങൾ അവതരിപ്പിക്കുന്നുണ്ട്. താരതമ്യംചെയ്ത് കുറിപ്പ് തയാറാക്കുക.

- കാഴ്ചയുടെ വ്യത്യസ്തത
- സൂക്ഷ്മവിവരണം
- ഉപയോഗിച്ച ഭാഷയുടെ സ്വഭാവം
- പശ്ചാത്തലം, തുടങ്ങിയവ കുറിപ്പിൽ ഉൾപ്പെടുത്തണം.

## ഞാൻ എന്നെക്കുറിച്ച്

പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിങ്ങൾക്കുണ്ടായ മികവുകളും പരിമിതികളും സ്വയം വിലയിരുത്തൂ.

- പാഠഭാഗങ്ങളിൽ വിവരിച്ച, കാഴ്ചയുടെ വ്യത്യസ്ത അനുഭവങ്ങൾ താരതമ്യം ചെയ്യുന്നതിൽ.
- കവിതയിലും നോവൽ ഭാഗത്തും ഉപയോഗിച്ച സവിശേഷമായ പദങ്ങളും പ്രയോഗഭംഗിയും തിരിച്ചറിയുന്നതിൽ.
- മുമ്പ് പ്രയോഗത്തിലിരുന്നതും ഇന്ന് സാധാരണയായി ഉപയോഗിക്കാത്തതുമായ പദങ്ങൾ ശേഖരിച്ച് നിഘണ്ടു തയാറാക്കുന്നതിൽ.
- ദൃശ്യാവിഷ്കാരത്തിലുള്ള പങ്കാളിത്തം.
- മറ്റുള്ളവരുടെ പ്രകടനം വിലയിരുത്തുന്നതിന് ആവശ്യമായ സൂചകങ്ങൾ വികസിപ്പിക്കുന്നതിൽ.
- കവിതയുടെ ആശയത്തിനും താളത്തിനുമിണങ്ങുന്ന ഈണം കണ്ടെത്തുന്നതിൽ.

മികവു വർധിപ്പിക്കുന്നതിന് ഞാൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്.

- 
- 
- 

5

# എത്രയും ചിത്രം ചിത്രം!



"എഴുത്തച്ഛനെഴുതുമ്പോൾ
സംഭവിപ്പതെന്തെന്നെനിക്കറിയാം
എഴു,ത്തച്ഛനായ് മാറുന്നു
പിന്നെ, യച്ഛനെഴുത്തായും"

- സച്ചിദാനന്ദൻ

- "എഴു,ത്തച്ഛനായ് മാറുന്നു, പിന്നെ, യച്ഛനെഴുത്തായും"- പ്രയോഗത്തിലെ കൗതുകത്തിനപ്പുറത്തേക്ക് എന്തെല്ലാം ചിന്തകളാണ് ഈ വരികൾ ഉണർത്തുന്നത്? ചർച്ചചെയ്യുക.

# പാലക്കാടൻ കാറ്റ്

ഒരു കൊടുംവേനലിന്റെ ചരമഘട്ടത്തിലാണ് പാലക്കാട്ടു ചെന്നു താമസം തുടങ്ങിയത്. ഓരോ നഗരത്തിനുമുണ്ട് അതിന്റേതായ മുഖച്ഛായ. മൊട്ടപ്പാറകളിൽ തട്ടി ചുരംവഴി ചീറ്റിവരുന്ന ചുടുകാറ്റിന്റെ നിരന്തരമായ കലമ്പലാണ് പാലക്കാടിന്റെ ആധാരശ്രുതി. അത് മറ്റെങ്ങുമില്ല. വേനൽക്കാലത്തെ പാറക്കെട്ടുകളുടെ നടുവിലൂടെ ആഞ്ഞടിക്കുന്ന തപ്താനിലനായും ഹേമന്തരാത്രികളിൽ നീലമലകളുടെ നീഹാരശീതളിമയെ വഹിച്ചുകൊണ്ടെത്തുന്ന കുളിർകാറ്റായും മധ്യാഹ്നങ്ങളിൽ പൊടിപടലത്തെ വട്ടം ചുറ്റിക്കുന്ന ചുഴലിക്കാറ്റായും മാറിമാറി അതു വന്നെത്തുന്നു. നഗരമധ്യത്തിലൂടെ നടക്കുമ്പോൾ ഇരുവശവും പച്ചവിരിച്ച നെൽപ്പാടങ്ങൾ കാണാം. മരങ്ങൾ നന്നേ കുറവ്.



ഉള്ളവയിൽ പലതും 'നൈദാഘവാത'പ്രക്ഷീണങ്ങളായ ചോലവൃക്ഷങ്ങൾ. വഴി നടക്കുമ്പോൾ പലവിഭാഗങ്ങളുടെ തമിഴ് വെവ്വേറെ കേൾക്കാം. ചില നേരങ്ങളിൽ വീട്ടിലെ ചേല മുഴുവൻ വാരിക്കെട്ടി കല്പാത്തിപ്പുഴയിൽ മുക്കാൻ കൊണ്ടു പോകുന്ന പെണ്ണുങ്ങളുടെ ഘോഷയാത്ര കാണാം. തമിഴന്റെ നിറപ്പൊലിമയ്ക്കൊപ്പം മലയാളിത്തവുമുണ്ടവിടെ. തിരുവാതിര ക്കാലമായാൽ നാലാംയാമത്തിൽ തന്നെയുണർന്ന് ഭഗവാന്റെ തിരുനാളിനെ വാഴ്ത്തി പാട്ടും പാടിയാണ് ആ നഗരപ്പെണ്ണുങ്ങൾ തുടിച്ചു കുളിക്കാൻ പോകുന്നത്.

വടക്കന്തറ എന്ന ഒതുങ്ങിയ കോണിൽ പഴയ ശിഷ്യനായ ബാലകൃഷ്ണൻനായരുടെ കൂട്ടത്തിൽ ചെന്നു താമസം തുടങ്ങിയപ്പോൾ ആ പട്ടണത്തിനുള്ളിൽ നൂറ്റാണ്ടുകളായി മാറ്റമില്ലാതെ നിൽക്കുന്ന ഗ്രാമഹൃദയവുമായി ഞാൻ പരിചയപ്പെട്ടു. തങ്ങളുടെ തറയാണ് ലോകത്തിന്റെ 'നടുമധ്യം' എന്ന മട്ടിലാണ് അവരുടെ ജീവിതം. കാവിലെ വേല, കാവിലെ വെടി, കാവിലെ കുളം എന്നിങ്ങനെ പോകും അവരുടെ സംഭാഷണം.

ഒരു നട്ടുച്ചസമയം. മൊട്ടപ്പാറകളിൽ തട്ടിവരുന്ന ചൂടുകാറ്റിനെ കരിമ്പനകൾ താലവൃന്തം വീശി നാലുപാടും പ്രസരിപ്പിച്ചു കൊണ്ടിരുന്നു.

പാലക്കാട് പഴമകളുടെ നാടാണ്. 'കട്ള' 'കട്ള' എന്നൊരു നീണ്ട വിളി കേട്ടു. നോക്കിയപ്പോൾ കണ്ടത് നിറം മങ്ങിയ കടുംചേലചുറ്റിയ പുഷ്ടഗാത്രിയായ ഒരു സ്ത്രീ, നാല് മുളങ്കട്ടിൽ പുഷ്പം പോലെ



തലയിലേറ്റി നടക്കുന്നതാണ്. ഏതെങ്കിലും ഒരു തമിഴ് സിനിമയിലേക്ക് അവളെ ഉടൻ ശുപാർശ ചെയ്യേണ്ടതാണെന്നു തോന്നി. രണ്ട് അഗ്രഹാരങ്ങൾക്കിടയിലുള്ള ഒരു നായർ തറയാണ് വടക്കത്തറ. ബ്രാഹ്മണരുടെ അഗ്രഹാരങ്ങൾക്ക് ഗ്രാമം എന്നും പറയും. ഗ്രാമം കൂട്ടമാണല്ലോ. അനേകം ഗ്രാമങ്ങളുടെ കൂട്ടമാണ് പാലക്കാട്. പാലക്കാട്ടെ പഴയ രാജാക്കന്മാർ തഞ്ചാവൂർനിന്നു ബ്രാഹ്മണരെ ആദരപൂർവം കൊണ്ടുവന്ന് അവിടെ പാർപ്പിച്ചതാണത്രേ. താരേക്കാട് എന്ന ചെറിയ ഗ്രാമത്തിൽനിന്നു പൊട്ടിപ്പടർന്ന് പട്ടണത്തിന്റെ നാലു സീമകളെയും കടന്ന് പത്തും പതിനഞ്ചും നാഴികയ്ക്കപ്പുറം വരെ ചെന്ന് അവർ വാസമുറപ്പിച്ചു. ഓരോ അഗ്രഹാരത്തിനും തങ്ങളുടെ മഹത്ത്വം പറയാൻ എന്തെങ്കിലുമൊരു കഥയുണ്ടാകും.

നൂറണിക്കാർ നൂറണി പരമേശ്വരഭാഗവതരെ സാഭിമാനം ഓർമ്മിക്കും. മഞ്ഞപ്രക്കാർക്ക് എം. ഡി. രാമനാഥനുണ്ട്. ചെമ്പൈ ഗ്രാമത്തിനു വൈദ്യനാഥഭാഗവതരുണ്ട്. പാലക്കാടിനാകെ പാലക്കാട് മണിയെയും നാരായണസ്വാമിയെയും ഓർമ്മിക്കാം. എലിമാളങ്ങൾ പോലെ കുടുസ്സാണ് ഗ്രാമത്തിലെ പഴയ മാളികവീടുകൾ. കാറ്റും വെളിച്ചവും കടക്കാത്ത ആ വീടുകളിലാണ് ഇത്രയേറെ പ്രതിഭാശാലികളുണ്ടായത്! സ്വാധ്യായനിരതന്മാരും സ്വധർമ്മരതന്മാരും ആയ ഒരു സുദീർഘപരമ്പരയുടെ സന്താനങ്ങളാണ് ഇന്ന് ഐ.എ.എസുകാരും ഐ. എഫ്. എസുകാരുമായി മാറിയത്. ഗായകരും വൈണികരും മാർദ്ദംഗികരും മുതൽ ടൈപ്പ്റൈറ്റർ എന്ന തന്ത്രീവാദ്യത്തിലെ മാന്ത്രികന്മാർ വരെ പലതരം കലാകാരന്മാരെക്കൊണ്ടു നിറഞ്ഞതാണ് ആ ഗ്രാമങ്ങളോരോന്നും. ഗ്രാമങ്ങളുടെ നടുനായകം കല്പാത്തി തന്നെ.





'കാശിയിൽ പാതി കല്പാത്തി' എന്നു വരെയെത്തും അവരുടെ ഗ്രാമമാഹാത്മ്യസങ്കീർത്തനം.

കല്പാത്തിവിശ്വനാഥക്ഷേത്രത്തിലെ രഥോൽസവത്തിൽ പങ്കെടുക്കാൻ മറുനാട്ടിൽ പണിയെടുക്കുന്ന സകലമാന കല്പാത്തിക്കാരും അവധിയെടുത്ത് നാട്ടിലെത്തിക്കളയും. രഥത്തിൽ ഒന്നു തൊടാൻ, രഥത്തിന്റെ വടത്തിൽ ഒന്നു പിടിക്കാൻ, സ്വജനങ്ങളുടെ കൂട്ടത്തിൽച്ചേർന്ന് ഒന്നു വലിക്കാൻ! അങ്ങനെ വേണം ദേശക്ഷേത്രത്തോട് കൂറുകാണിക്കേണ്ടത്!

ഒരു കാലത്ത് യാഥാസ്ഥിതികത്വത്തിന്റെ ഈറ്റില്ലമായിരുന്ന ആ ഗ്രാമത്തിൽവച്ചാണ് പണ്ടൊരിക്കൽ ആര്യസമാജക്കാരെ ഗ്രാമവാസികൾ പൊതിരെ തല്ലി വിട്ടത്. ഗ്രാമവീഥിയിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യം ഇതരജാതിക്കാർക്കും നൽകണമെന്നു മാത്രമായിരുന്നു ആര്യസമാജക്കാർ വാദിച്ചത്. ഗ്രാമവാസികൾ -ആണുങ്ങൾ കുറുവടിയും പെണ്ണുങ്ങൾ ഉലക്കയുമായി- സമാജക്കാരെ നേരിട്ടു. സമാജക്കാർ പറപറന്നു. കാലം മാറി, കല്പാത്തിയിൽക്കൂടി ഇന്നാർക്കും വഴിനടക്കാം. എന്നല്ല, മിശ്രവിവാഹംപോലും അവിടെ നടക്കുന്നില്ലെന്നില്ല. സംഗീതഭ്രാന്തന്മാരായ അവർ കല്പാത്തി രഥോൽസവത്തിന് അനുഗൃഹീത നാഗസ്വരവിദ്വാനായ ഷേക് ചിന്നമൗലാനാ സാഹേബിനെ ഒരിക്കൽ ക്ഷണിച്ചു വരുത്തി ഉൽസവത്തിനു പങ്കെടുപ്പിച്ചു.

പാലക്കാടിന്റെ ഗ്രാമപ്പേരുകളിൽ ജാതിയുടെ പഴയ അടയാളമുണ്ട്. തട്ടാത്തറ, മൂത്താത്തറ, ചുണ്ണാമ്പുതറ എന്നീ പേരുകൾ കേട്ടാൽ ഓരോ ജാതിക്കും വെവ്വേറെ പ്രദേശങ്ങൾ നീക്കിവച്ചിരുന്നു എന്നു സ്പഷ്ടമാകും. ഈഴവർക്കും റാവുത്തർമാർക്കും ഒക്കെ വെവ്വേറെ സങ്കേതങ്ങളുണ്ട്. ജൈനമതത്തിനും പാലക്കാട്ട് ഒരു സ്ഥലമുണ്ട് -

ജൈനമേട്. തട്ടാത്തറ 'ഗോൾഡ്സ്മിത്ത് കോർണർ' ആയി പരിഷ്കരിച്ചിട്ടുമില്ല. സ്ഥലനാമങ്ങൾ സംസ്കാരത്തിന്റെ അവിഭാജ്യമായ ഒരംശമാണ്. പുളിമൂട്ടിലെ പുളി പട്ടു പോയാലും പുളിമൂടായിത്തന്നെ നിൽക്കണം. ട്യൂട്ടേഴ്സ് ലൈനിൽ താമസിക്കുന്ന ട്യൂട്ടർമാർ പ്രൊഫസർമാരായാലും ഇടവഴിയുടെ പേരു മാറ്റരുത്. അങ്ങനെയാണ് ചരിത്രത്തോട് നാം നീതി കാട്ടേണ്ടത്.

ചരിത്രത്തിന്റെ കാര്യം പറഞ്ഞപ്പോഴാണ് ടിപ്പുവിന്റെ കോട്ടയെപ്പറ്റി ഓർമ്മിച്ചത്. കോട്ട ആദ്യം കണ്ടപ്പോൾ അദ്ഭുതലോകത്തിലേക്കു കടന്ന ആലീസിനെപ്പോലെ ഞാനും ഒന്നമ്പരന്നു. കോട്ട നഗരത്തിന്റെ ഗർഭഗൃഹമാണ്. നിഗൂഢതകൾക്കു പകരം സെൻട്രൽ ജയിലിനെയാണ് കോട്ട ഇപ്പോൾ മുഖ്യമായും ഒളിപ്പിച്ചു വച്ചിരിക്കുന്നത്. ഹൈദറിനെയും ടിപ്പുവിനെയും ക്ഷണിച്ചു വരുത്തിയത് പാലക്കാട്ടുചുരമാണ്(പാലക്കാട്ടുരാജാവും). രണ്ടു മലകളുടെ നടുവിലുള്ള ഒരു ചെറിയ പിളർപ്പാണ് പാലക്കാട്ടു ചുരമെന്നായിരുന്നു എന്റെ ധാരണ. അത് ഇരുപതോളം മൈൽ പരന്ന് വിസ്തൃമായിക്കിടക്കുന്ന ഒരു കാട്ടുവഴിയാണെന്ന് പിന്നീടാണറിഞ്ഞത്. സുരസയുടെ വായ്പോലെ അത്ര മലർക്കെ തുറന്ന ഒരു വനദ്വാരം കണ്ടപ്പോൾ ആ ദ്വാരത്തിലൂടെ ഒന്നു പറക്കാൻ ആർക്കാണു തോന്നാത്തത്? അപ്പോൾ സാഹസികന്മാരായ ഹൈദറും ടിപ്പുവും അതിലേ പാഞ്ഞുകയറിയതിൽ അദ്ഭുതമില്ല. 'കോവൈ'യിലേക്കും പൊള്ളാച്ചിയിലേക്കും പാലക്കാട്ടുകാർ ഇരുചെവിയറിയാതെ പാഞ്ഞുകളയുന്നതും ഈ കാരണത്താൽ ത്തന്നെ. വരുന്നു എന്നും പോകുന്നു എന്നും അപ്പുറവും ഇപ്പുറവും ഉള്ളവർ അറിയുന്നില്ല. ഇക്കാരണം കൊണ്ടുതന്നെ പാലക്കാട്ടുകാർക്ക് പഴനി ആണ്ടവൻ പരദേശിയല്ല. കാവടിയെ ടുക്കലും വ്രതം നോക്കലും പഴനിക്കു വണ്ടികയറലും ഇത്ര സാധാരണമായി മറ്റൊരു ദിക്കിലും കാണുകയില്ല.

(തിരയും ചുഴിയും) - എസ്. ഗുപ്തൻ നായർ

## വായിക്കാം കണ്ടെത്താം

- ഉപന്യാസത്തിൽ പാലക്കാടൻ കാറ്റിനെ എങ്ങനെയാണ് അവതരിപ്പിക്കുന്നത്?
- കല്പാത്തിയിൽ കാലം വരുത്തിയ മാറ്റമെന്ത്?
- പാലക്കാട്ടുകാർ പഴനിയാണ്ടവനെ പരദേശിയായി കാണാത്തതിന് ഉപന്യാസകാരൻ കണ്ടെത്തുന്ന കാരണമെന്ത്?

## സവിശേഷതകൾ കണ്ടെത്താം

- തപ്താനിലൻ, കുളിർകാറ്റ്, ചുഴലിക്കാറ്റ് എന്നീ പദങ്ങൾ പാലക്കാടൻ കാറ്റിനു നൽകിയിട്ടുണ്ട്. ഇതിലൂടെ പാലക്കാടിന്റെ ഏതെല്ലാം സവിശേഷതകൾ വെളിവാകുന്നു?
- ഉപന്യാസത്തിന് 'പാലക്കാടൻ കാറ്റെ'ന്നാണല്ലോ ശീർഷകം നൽകിയിരിക്കുന്നത്. ഇതിലെ ഔചിത്യം എന്ത്?

## പദച്ചേർച്ചകൾ

പദങ്ങൾ പിരിച്ചെഴുതിനോക്കൂ

| | |
|---|---|
| ജമന്തിപ്പൂവുകൾ | : .................... + .................... |
| മൊട്ടക്കുന്നുകൾ | : .................... + .................... |
| ചുഴലിക്കാറ്റ് | : .................... + .................... |
| നെൽപ്പാടം | : .................... + .................... |
| നിറപ്പൊലിമ | : .................... + .................... |
| പാറക്കെട്ട് | : .................... + .................... |

ചേർത്തെഴുതിയപ്പോൾ വന്ന മാറ്റങ്ങൾ ശ്രദ്ധിച്ചല്ലോ. ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തൂ. മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്യൂ.

## ഉപന്യാസം തയാറാക്കാം

- പാലക്കാടിന്റെ ചില സവിശേഷതകൾ ഉപന്യാസത്തിൽ പ്രതിപാദിക്കുന്നുണ്ട്. അവ കണ്ടെത്തി പട്ടികയാക്കൂ.

| | |
|---|---|
| ഭൂമിശാസ്ത്രം | • പാലക്കാട്ടു ചുരം<br>•<br>• |
| ചരിത്രം | • ഹൈദറിന്റെയും ടിപ്പുവിന്റെയും പടയോട്ടം<br>•<br>• |
| ഭാഷ | • ചെട്ടിത്തമിഴ്<br>•<br>• |
| വേഷം | • നിറം മങ്ങിയ കടും ചേല ചുറ്റിയ പുഷ്ടഗാത്രയായ സ്ത്രീ.<br>•<br>• |

കല
- നൂറണി പരമേശ്വരഭാഗവതർ
-
-

പാലക്കാടിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തിയല്ലോ. ഇതുപോലെ സ്വന്തം ദേശത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തൂ. അവ പ്രയോജനപ്പെടുത്തി ദേശത്തെക്കുറിച്ചുള്ള ലഘൂപന്യാസം തയാറാക്കൂ.

## സ്ഥലനാമ കൗതുകം

- "സ്ഥലനാമങ്ങൾ സംസ്കാരത്തിന്റെ അവിഭാജ്യമായ ഒരംശമാണ്" എന്ന നിരീക്ഷണം വായിച്ചല്ലോ. ദേശത്തിന്റെ സാംസ്കാരിക ചരിത്രവുമായി ബന്ധമുള്ള സ്ഥലനാമങ്ങൾ കണ്ടെത്തി ഏതെങ്കിലും ഒന്നിനെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

# മായപ്പൊന്മാൻ

"ഭർത്താവേ! കണ്ടീലയോ കനകമയമൃഗ-
മെത്രയും ചിത്രം ചിത്രം! രത്നഭൂഷിതമിദം
പേടിയില്ലിതിനേതുമെത്രയുമടുത്തു വ-
ന്നീടുന്നു മെരുക്കമുണ്ടെത്രയുമെന്നു തോന്നും
കളിപ്പാനതിസുഖമുണ്ടിതു നമുക്കിങ്ങു
വിളിച്ചീടുക വരുമെന്നു തോന്നുന്നു നൂനം.
പിടിച്ചുകൊണ്ടിങ്ങുപോന്നീടുക വൈകീടാതെ
മടിച്ചീടരുതേതും ഭർത്താവേ! ജഗത്പതേ!"



മൈഥിലീവാക്യം കേട്ടു രാഘവനരുൾചെയ്തു
സോദരൻതന്നോടു "നീ കാത്തുകൊള്ളുകവേണം
സീതയെ,യവൾക്കൊരു ഭയവുമുണ്ടാകാതെ;
യാതുധാനന്മാരുണ്ടു കാനനംതന്നിലെങ്ങും."
എന്നരുൾചെയ്തു ധനുർബാണങ്ങളെടുത്തുടൻ
ചെന്നിതു മൃഗത്തെക്കൈക്കൊള്ളുവാൻ ജഗന്നാഥൻ
അടുത്തു ചെല്ലുന്നേരം വേഗത്തിലോടിക്കള-
ഞ്ഞടുത്തുകൂടായെന്നു തോന്നുമ്പോൾ മന്ദംമന്ദം
അടുത്തുവരു,മപ്പോൾ പിടിപ്പാൻ ഭാവിച്ചീടും,
പടുത്വമോടു ദൂരെക്കുതിച്ചു ചാടുമപ്പോൾ
ഇങ്ങനെതന്നെയൊട്ടു ദൂരത്തായതുനേര-
മെങ്ങനെ പിടിക്കുന്നു വേഗമുണ്ടതിനേറ്റം
എന്നുറച്ചാശവിട്ടു രാഘവനൊരു ശരം
നന്നായിത്തൊടുത്തുടൻ വലിച്ചു വിട്ടീടിനാൻ.
പൊന്മാനുമതു കൊണ്ടു ഭൂമിയിൽ വീണനേരം
വന്മലപോലെയൊരു രാക്ഷസവേഷംപൂണ്ടാൻ.
മാരീചൻതന്നെയിതു ലക്ഷ്മണൻ പറഞ്ഞതു
നേരത്രേയെന്നു രഘുനാഥനും നിരൂപിച്ചു.
ബാണമേറ്റവനിയിൽ വീണപ്പോൾ മാരീചനും
പ്രാണവേദനയോടു കരഞ്ഞാനയ്യോ പാപം!

(അധ്യാത്മരാമായണം കിളിപ്പാട്ട്) – എഴുത്തച്ഛൻ

### ഈണത്തിൽ ചൊല്ലാം

- കവിത വായിച്ച് ഉചിതമായ ഈണം കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൂ.

### വായിക്കാം കണ്ടെത്താം

- കവിതയിൽ പ്രതിപാദിക്കുന്ന സംഭവം നടക്കുന്നത് എവിടെയാണ്? ആരൊക്കെയാണ് കഥാപാത്രങ്ങൾ?
- 'എത്രയും ചിത്രം ചിത്രം!' സീതയെ വിസ്മയിപ്പിച്ചതെന്താണ്?
- രാമൻ പൊന്മാനിനു നേരെ അമ്പയയ്ക്കാൻ കാരണമെന്ത്?
- "ലക്ഷ്മണൻ പറഞ്ഞത് നേരത്രേയെന്നു രഘുനാഥനും നിരൂപിച്ചു." എപ്പോൾ?
- പൊന്മാനിനെ കണ്ടപ്പോൾ സീതയ്ക്കുണ്ടായ ഭാവമാറ്റം കാവ്യഭാഗത്തുനിന്നു കണ്ടെത്തി വിശദീകരിക്കൂ.

### പ്രയോഗഭംഗി കണ്ടെത്താം

- "കനകമയമൃഗമൈത്രയും ചിത്രം ചിത്രം! രത്നഭൂഷിതമിദം." കാവ്യഭാഷയുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരിയിൽ കണ്ടെത്താൻ കഴിയുന്നത്?

### വാങ്മയചിത്രം

"അടുത്തു ചെല്ലുന്നേരം വേഗത്തിലോടിക്കള-
ഞ്ഞടുത്തുകൂടായെന്നു തോന്നുമ്പോൾ മന്ദംമന്ദം
അടുത്തുവരും,മപ്പോൾ പിടിപ്പാൻ ഭാവിച്ചീടും,
പടുത്വമോടു ദൂരെക്കുതിച്ചു ചാടുമപ്പോൾ."

- വാക്കുകൾകൊണ്ട് കവി ഒരു ചിത്രം വരയ്ക്കുന്നുണ്ടല്ലോ ഇവിടെ. കണ്ടെത്തി സ്വന്തം ഭാഷയിൽ അത് വിശദീകരിക്കൂ.

### പകരം പദം എഴുതാം

- മാൻ : ......................., .............................
- അമ്പ് : ......................., .............................
- വില്ല് : ......................., .............................
- ഭൂമി : ......................., .............................
- രാക്ഷസൻ : ......................., .............................

### അഭിനയിക്കാം

- കാവ്യഭാഗത്തെ സംഭവങ്ങൾ സംഘമായി അഭിനയിക്കൂ.

### മാതൃകപോലെ എഴുതാം

- ഭൂഷയണിഞ്ഞത് : ഭൂഷിതം
- കലുഷമായത് : ..................
- മുഖരമായത് : ..................

# പ്രാതൽ



സമൃദ്ധിയുടെ കാലമായിരുന്നു. കിഴക്ക് പാലക്കാട് താലൂക്കിൽ നിന്നു സംബന്ധക്കാരനായിട്ടാണ് കുഞ്ഞൻ മേനോൻ ഞങ്ങളുടെ നാട്ടിലെത്തുന്നത്. ദീർഘകായനായിരുന്നു. കറുത്തു തടിച്ച ദേഹം നിറയെ രോമം. നിറുകയിൽ ലക്ഷണമൊത്ത കുടുമ. കാതിൽ വെള്ളക്കൽകടുക്കൻ. ചന്ദ്രനിൽ സൂര്യനെ പതിച്ചമാതിരി നെറ്റിയിൽ ചന്ദനത്തിന്റെയും അതിനകത്തു സിന്ദൂരത്തിന്റെയും പൊട്ട്. മൽമൽ മുണ്ടും ടെന്നീസ് കോളർ ഷർട്ടും ക്രോസ് ബെൽറ്റ്മാതിരി നേര്യതുകൊണ്ട് ഏറാപ്പുമാണ് ഔദ്യോഗിക വേഷം. അറുപതോടടുത്ത പ്രായം.

തറവാട്ടിലെ വിശ്വസ്തനായിരുന്നു മേനോൻ. ആദ്യം മുത്തച്ഛന്റെ, പിന്നെ ഏട്ടന്റെ. കുടുംബത്തിലെ ബിസിനസ്സ് പ്രശസ്തമായി

നടന്നു. മൂന്നു കളങ്ങളിലായി കൃഷി. തെങ്ങും നേന്ത്രവാഴയും തോട്ടങ്ങൾ. തൊഴുത്തിൽ പന്ത്രണ്ടേറുകന്ന്. എത്രയോ പശുക്കൾ. സ്ത്രീകൾക്ക് അമ്പലത്തിൽ പോകാൻ മുത്തച്ഛൻ വാങ്ങിയിട്ടുപോയ രണ്ടു ബേബി ഓസ്റ്റിൻ കാറുകൾ. മുത്തച്ഛന്റെ ഭാഷയിൽ 2750 ക. വീതം വിലവരുന്ന രണ്ടു ഗോമാങ്ങകൾ. അതികായനു ശേഷം എല്ലാം സമർഥമായി നോക്കി ഭരിക്കുന്ന ഏട്ടൻ.

ഓർമ്മവച്ചന്നു മുതൽ മേനോൻ വീട്ടിലെ ഒരംഗത്തെപ്പോലെയായിരുന്നു. സംബന്ധകാര്യമായി നാട്ടിൽ വന്നു താമസിക്കുമ്പോൾ നിത്യവും വീട്ടിൽ വരും. ഏട്ടനുമായി ഇരുന്നു വെടിപറയും. മുറുക്കും. ഊണുകഴിക്കും. അന്തിയുറങ്ങാനേ പിന്നെ ഭാര്യവീട്ടിലേക്കു പോവൂ.

ഒരു വെക്കേഷൻ കാലത്ത് രാവിലെ ഒൻപതുമണിയോടെ കുഞ്ഞൻമേനോൻ വീട്ടിൽ വന്നു. മൽമലും ടിൽഷർട്ടും മേൽമുണ്ടുമായി മഞ്ഞുമൂടിയ ഒരു പർവതം നീങ്ങുന്ന മാതിരി ദൂരെ പടികടന്നു വരുന്ന മേനോനെ പൂമുഖത്തുനിന്ന് ഏട്ടത്തിയമ്മയാണ് ആദ്യം കണ്ടത്. അവർ അടുക്കളയിൽ ചീഫ് പാറുക്കുട്ടിയെ വിളിച്ചു: "ആരാ വരുന്നേന്ന് കണ്ടോടോ?"

പാറുക്കുട്ടി പറഞ്ഞു: "നമ്മുടെ മേനോനല്ലേ? കണ്ടതു നന്നായി, ഊണിന് അരിയെടുക്കാൻ പോവ്വാണ്. മുന്നാഴീം കൂടി എടുത്തു കളയാം."

ഏട്ടത്തിയമ്മ ചിരിച്ചു:

"ഊണിന്റെ കാര്യം ഇരിക്കട്ടെ. കാപ്പിയുടെ വട്ടം വല്ലതും ബാക്കിയുണ്ടോ?"

"വിസ്തരിച്ചപ്പോൾ, വാലിയക്കാർ കാപ്പി കഴിച്ചിട്ടില്ല. ഇഡ്ഡലി കാണണം."

ഏട്ടത്തിയമ്മ പറഞ്ഞു:

"എന്നാൽ നോക്കെടോ, പന്ത്രണ്ടിഡ്ഡലിയെങ്കിലുമൊപ്പിക്ക്."

"നോക്കട്ടെ."

പ്രാതലൊരുക്കാൻ പാറുക്കുട്ടി പോയി.

അച്ചടിഭാഷയിൽ ഊണത്തോടെയാണ് മേനോൻ സംസാരിക്കുക. വചനം നേരെ കമ്പോസിങ്ങിനു കൊടുക്കാം. അത്രയ്ക്കു ക്ലീൻ. പൂമുഖത്തു കയറി അദ്ദേഹം ചോദിച്ചു:

"എന്തുണ്ടു വിശേഷം ചിന്നമ്മുവമ്മേ? മൂപ്പരെവിടെ?"

"അകത്തുണ്ട്."

"എന്തെടുക്കുന്നു?"

"കണക്കു നോക്കുകയാണ്. വിളിക്കണോ?"

"വരട്ടെ, ധൃതിയില്ല."

പൂമുഖത്തിട്ട കസേരയിലൊന്നും ഇരിക്കാതെ ചാരുപടിയിൽ കയറി തൂണുചാരി മേനോൻ ഇരുന്നു.

ഏട്ടത്തിയമ്മ ചോദിച്ചു:

"മേനോൻ കാപ്പി കുടിച്ചോ?"

തൊണ്ടയനക്കി ഈണം ശരിപ്പെടുത്തിയ ശേഷം മേനോൻ പറഞ്ഞു:

"കുളിയും കാപ്പികുടിയും വെളുപ്പിനു കഴിഞ്ഞു. എന്നാലും ഒരിക്കൽക്കൂടി ആവാൻ വിരോധമില്ല."

"എന്നാൽ വരൂ."

ഏട്ടത്തിയമ്മ മേനോനെ ഊൺതളത്തിലേക്കു നയിച്ചു. പുൽപ്പായ് വിരിച്ച് മുഖ്യാതിഥിയെ കുടിയിരുത്തി. അപ്പോഴേക്കും ഒരു താലത്തിൽ ഇഡ്ഡലിയും നാക്കിലയുമായി പാറുക്കുട്ടി വന്നു. ഏട്ടത്തിയമ്മ പറഞ്ഞതിലും ഒന്നധികമുണ്ടായിരുന്നു ഇഡ്ഡലി- പതിമൂന്നെണ്ണം. ശുഭ്രമൃദുലമോഹനമായ വലിയ വലിയ ഇഡ്ഡലികൾ.

മൂന്നിഡ്ഡലികളെടുത്തു നാക്കിലയിൽ വച്ചു മേനോൻ പാറുക്കുട്ടിയോടു ചോദിച്ചു:

"എന്താണുള്ളത്, ചട്ണിയോ മുളകുപൊടിയോ?"

"രണ്ടുമുണ്ട്."

"രണ്ടും കൊണ്ടു വാ."

കൊണ്ടുചെന്നു വച്ചു. പച്ചമുളകും നാളികേരവും ചേർത്തരച്ച ചട്ണി തവിയെടുത്തു മേനോൻ ഇഡ്ഡലിക്കു മുകളിൽ അഭിഷേകം ചെയ്തു. നെടുകേ പൊട്ടിച്ചു രണ്ടു തവണയായി ഓരോ വൃത്തത്തെയും ആഹൂതി നടത്തി. അതുകഴിഞ്ഞപ്പോൾ പൊടിയുടെ ഊഴമായി.

പാറുക്കുട്ടി ചോദിച്ചു:

"വെളിച്ചെണ്ണയോ നല്ലെണ്ണയോ?"

മേനോൻ പറഞ്ഞു:

"പപ്പടം കാച്ചിയ എണ്ണയുണ്ടെങ്കിൽ അത്. ഇല്ലെങ്കിൽ നല്ലെണ്ണ."

കറുത്തനിറത്തിൽ കൊഴുത്ത, പപ്പടംകാച്ചിയ എണ്ണ പ്രത്യക്ഷപ്പെട്ടു. അതു മുളകുപൊടിയിലൊഴിച്ചാണ് അടുത്ത മൂന്നിഡ്ഡലികളെ വധിച്ചത്. അപ്പോഴേക്കും മുളകുപൊടി തീർന്നു. ചട്ണിയിലേക്കു തിരിച്ചു പോയി, ഒൻപതാമത്തെ ഇഡ്ഡലിയോടെ ചട്ണിയും തീർന്നു. ഇനിയെന്തു ചെയ്യും? പ്രതിസന്ധി. ഏട്ടത്തിയമ്മ ചോദിച്ചു:

"ചമ്മന്തിയരയ്ക്കണോ?"

മേനോൻ വിലക്കി:

"വേണ്ട, പഞ്ചസാര മതി."

ഡപ്പിയോടെ പഞ്ചസാര മുന്നിൽ കൊണ്ടുവച്ചു. അതു ചേർത്തു സമസ്ത ഇഡ്ഡലിക്‌ളെയും വധിച്ചുകഴിഞ്ഞപ്പോൾ മേനോൻ വേറൊരു അച്ചടിവാചകം ചോദിച്ചു:

"ഇനി മധുരമായ വസ്തു വല്ലതുമുണ്ടോ ചിന്നമ്മുവമ്മേ?"

തീറ്റ പോരാഞ്ഞാണ് സാഹിത്യം പറയുന്നത് എന്ന് ഏട്ടത്തിയമ്മയ്ക്കു മനസ്സിലായി.

അവർ പാറുക്കുട്ടിയോടു പറഞ്ഞു:

"കലവറയിൽ വല്ലതും ഉണ്ടോന്നു നോക്കെടോ."

മുക്കാലും പഴുത്ത ഒരു പടൽ നേന്ത്രനുമായി പാറുക്കുട്ടി വന്നു. ഏഴു പഴമുണ്ടായിരുന്നു.

തൃപ്തിയോടെ മേനോൻ പറഞ്ഞു:

"കൊണ്ടു വാ."

നിശ്ശബ്ദമായി അവ സംഹരിക്കപ്പെട്ടപ്പോൾ ഏട്ടത്തിയമ്മ ചോദിച്ചു:

"ചായയോ കാപ്പിയോ?"

"കാപ്പി മതി."

മുന്നാഴി കൊള്ളുന്ന ഒരു കൂജ നിറയെ കാപ്പി കൊണ്ടുവച്ചു. ക്ഷേത്രപാലന്യായേന, പാത്രത്തോടെ കൂസലെന്യേ അതും അകത്തു ചെന്നു. ഇപ്പോൾ മേനോൻ പതുക്കെ ഒന്നു തേട്ടി. എഴുന്നേറ്റു കൈ കഴുകുവാൻ പുറത്തു പോയി.

പാറുക്കുട്ടി പതുക്കെ പറഞ്ഞു:

"ആനപ്രാതലെന്നെ."

അപ്പോൾ ഏട്ടത്തിയമ്മ പറഞ്ഞു:

"ആനയെ തളച്ചവന് ആനപ്രാതൽ."

മേനോൻ കൈ കഴുകി തിരിച്ചു വന്നു. പാറുക്കുട്ടി നീട്ടിയ തോർത്തു വാങ്ങി കൈ തുടച്ചു. എന്നിട്ട് ഏട്ടത്തിയമ്മയോട് കുശലം പറഞ്ഞു:

"ഇപ്പോൾ ഇതുമതി. ഇനി മൂപ്പരുടെകൂടെ നേരത്തേ ഉണ്ടുകളയാം."

- വി. കെ. എൻ.

## വായിക്കാം കണ്ടെത്താം

- കുഞ്ഞൻ മേനോൻ എന്ന കഥാപാത്രത്തിന്റെ രൂപം കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ്?
- കുഞ്ഞൻ മേനോന്റെ ഭാഷയെക്കുറിച്ച് വി. കെ. എൻ. പറയുന്നതെന്ത്? തെളിവുകൾ കണ്ടെത്തി അവതരിപ്പിക്കൂ.
- മേനോൻ ഇഡ്ഡലി ഭക്ഷിക്കുന്നത് രസകരമായിത്തീരുന്നത് എങ്ങനെയാണ്?

## സവിശേഷ പ്രയോഗങ്ങൾ കണ്ടെത്താം

- കഥയിൽ നർമ്മം സൃഷ്ടിക്കാൻ കഥാകൃത്ത് സവിശേഷമായ ചില പ്രയോഗങ്ങൾ നടത്തുന്നുണ്ട്. ഉദാഹരണത്തിന്, ഇഡ്ഡലിയെ വിവരിച്ചിരിക്കുന്നത് 'ശുഭ്രമൃദുലമോഹനമായ വലിയ വലിയ ഇഡ്ഡലികൾ' എന്നാണ്. കഥയിൽനിന്ന് ഇതുപോലുള്ള മറ്റു പ്രയോഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കൂ.
- ക്ഷേത്രപാലകന് പാത്രത്തോടെ എന്ന ഒരു ശൈലിയുണ്ട്. അത് അടിസ്ഥാനമാക്കി 'ക്ഷേത്രപാലന്യായേന' എന്ന് കഥാകൃത്ത് പ്രയോഗിച്ചിരിക്കുന്നു. ഇതിലെ നർമ്മം കണ്ടെത്തുക.

### അർഥവ്യത്യാസം കണ്ടെത്താം

- "എന്തുണ്ട് വിശേഷം ചിന്നമ്മുവമ്മേ?"
- "ചിന്നമ്മുവമ്മയെ കണ്ടില്ലല്ലോ."

'ഏ', 'എ' എന്നീ ശബ്ദങ്ങൾ വാക്യത്തിനു വരുത്തിയ അർഥവ്യത്യാസം എന്ത്? ചർച്ചചെയ്യുക.

### ചർച്ചചെയ്യാം

"പ്രാതൽ എന്ന കഥ ഒരു കാലഘട്ടത്തിലെ കേരളീയജീവിതം പ്രതിഫലിപ്പിക്കുന്നു." ചർച്ചചെയ്യൂ.

### കഥാപാത്രനിരൂപണം

രൂപം, വേഷം, ഭാഷ, ഭക്ഷണപ്രിയത്വം മുതലായവ പരിഗണിച്ച് കുഞ്ഞൻമേനോൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കൂ.

### വായനക്കുറിപ്പ് തയാറാക്കാം

'ആനയെ തളച്ചവന് ആനപ്രാതൽ' - കുഞ്ഞൻമേനോൻ ആനയെ തളച്ച കഥ ('ഗജപരാക്രമം') കണ്ടെത്തി വായിച്ച് വായനക്കുറിപ്പ് തയാറാക്കാം.

## ഞാൻ എന്നെക്കുറിച്ച്

താഴെക്കൊടുത്ത പ്രവർത്തനങ്ങളിൽ നിങ്ങളുടെ പുരോഗതി സ്വയം വിലയിരുത്തി കുറിപ്പെഴുതൂ.

**കവിതാസ്വാദനം**

- ആശയം ഉൾക്കൊള്ളുന്നതിലും വിശകലനം ചെയ്യുന്നതിലും.
- പ്രയോഗഭംഗി, പദപ്രയോഗങ്ങളുടെ ഔചിത്യം, വർണന എന്നിവ തിരിച്ചറിയുന്നതിൽ.
- താളം തിരിച്ചറിഞ്ഞ് ആശയത്തിനും ഭാവത്തിനും ഇണങ്ങുന്ന ഈണം കണ്ടെത്തുന്നതിൽ.
- സ്വന്തം കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നതിൽ.

**ഉപന്യാസരചന**

- ആശയങ്ങൾ കണ്ടെത്തുന്നതിലും ക്രമപ്പെടുത്തുന്നതിലും.
- ആശയങ്ങൾ വിശദമാക്കാൻ സഹായകമായ വിവരങ്ങളും അനുഭവങ്ങളും കണ്ടെത്തുന്നതിൽ.
- ആശയങ്ങൾ യുക്തിസഹമായി അവതരിപ്പിക്കുന്നതിന് ആവശ്യമായ വാദങ്ങൾ ഉന്നയിക്കുന്നതിൽ.
- സ്വന്തം കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ.
- പരിചയപ്പെട്ട പ്രയോഗങ്ങൾ, സവിശേഷ പദങ്ങൾ, ശൈലികൾ എന്നിവ ഔചിത്യപൂർവം ഉപയോഗിക്കുന്നതിൽ.
- ഉചിതമായ ശീർഷകവും ഉപശീർഷകങ്ങളും നൽകുന്നതിൽ.

**കഥാപാത്രനിരൂപണം**

- കഥാപാത്രത്തിന്റെ പ്രസക്തി, സ്വഭാവസവിശേഷതകൾ, പ്രത്യേകതകൾ എന്നിവ തിരിച്ചറിയുന്നതിൽ.
- കഥാഗതി വികസിപ്പിക്കുന്നതിൽ കഥാപാത്രത്തിനുള്ള പങ്ക് വിശകലനം ചെയ്യുന്നതിൽ.
- സമാന കഥാപാത്രങ്ങളുമായും കഥയിലെ മറ്റു കഥാപാത്രങ്ങളുമായും താരതമ്യം ചെയ്യുന്നതിൽ.
- കഥയുടെ പൊതുസ്വഭാവത്തിന്റെ അടിസ്ഥാനത്തിലും സ്വന്തം കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലും വിലയിരുത്തുന്നതിൽ.

## പദപരിചയം

| | |
|---|---|
| അഗാധത | : ആഴമുള്ള അവസ്ഥ |
| അഗ്രഗണ്യൻ | : ഒന്നാമതായി പരിഗണിക്കപ്പെടുന്നവൻ |
| അഗ്രഹാരം | : ബ്രാഹ്മണർ താമസിക്കുന്ന തെരുവ് |
| അജ്ഞർ | : അറിവില്ലാത്തവർ |
| അധികതുംഗപദം | : ഏറ്റവും ഉയർന്ന സ്ഥാനം |
| അധൃഷ്യൻ | : മറ്റാരാലും തോൽപ്പിക്കാൻ കഴിയാത്തവൻ |
| അധഃപ്പതിക്കുക | : താഴെ വീഴുക, ഉന്നതനിലയിൽനിന്ന് താഴെ എത്തുക |
| അനപത്യതാദുഃഖം | : സന്താനമില്ലാത്ത ദുഃഖം |
| അനാഗതശ്മശ്രു | : മീശകിളിർക്കാത്തവൻ |
| അനിർവചനീയം | : നിർവചിക്കാനാവാത്തത്, പറഞ്ഞറിയിക്കാനാവാത്തത് |
| അനുഭൂതി | : അനുഭവം, പ്രത്യക്ഷജ്ഞാനം |
| അഭൗമം | : ദിവ്യമായ, ഭൂമിയുമായി ബന്ധമില്ലാത്ത |
| അഭിമതം | : ആഗ്രഹം |
| അമച്ച് | : കീഴ്പ്പെടുത്തി, ചേർന്ന് |
| അയേ | : എടോ |
| അലം | : മതിയാവോളം |
| അവനി | : ഭൂമി |
| അവാച്യം | : പറഞ്ഞറിയിക്കാനാകാത്തത് |
| അസംശയം | : തീർച്ചയായും, സംശയം ഇല്ലാത്തത് |
| അസ്ഥിര | : നിലനിൽക്കാത്തത് |
| അംഗം | : അവയവം |
| ആടൽ | : ദുഃഖം |
| ആഭൂതി | : ഐശ്വര്യം |
| ആമഗ്നൻ | : മുങ്ങിയവൻ, മുഴുകിയവൻ |
| ആർത്തസ്വരം | : കരച്ചിൽ, ദുഃഖിതന്റെ ശബ്ദം |
| ആലാപം | : പാടൽ |
| ആവിഷ്കരിക്കുക | : വെളിപ്പെടുത്തുക |
| ഇദം | : ഇപ്രകാരം |

| | |
|---|---|
| ഈറൻ | : നനഞ്ഞത് |
| ഈറ്റില്ലം | : പേറ്റുമുറി |
| ഉൽക്കണ്ഠ | : ആകാംക്ഷ |
| ഉത്തുംഗം | : ഉയർന്നത് |
| ഉത്ഥാനം ചെയ്യുക | : എഴുന്നേൽക്കുക |
| ഉദ്ഗാരം | : ഉച്ചരിക്കൽ, തേട്ടൽ |
| ഉദ്ഘോഷിക്കുക | : ഉച്ചത്തിൽ പറയുക |
| ഉന്മുഖത | : മുഖം ഉയർത്തിയ അവസ്ഥ |
| ഒളി | : ശോഭ |
| ഓർക്കസ്ട്ര | : വാദ്യവൃന്ദം |
| കരി | : കൺമഷി, കലപ്പ, ആന, കറുത്ത |
| കരുമിഴി | : കൃഷ്ണമണി |
| കരുവാറ്റ | : കരിംപുള്ളി |
| കുരച്ചിൽ | : അടയ്ക്ക തല്ലിക്കൊഴിച്ചു കളഞ്ഞാൽ കിട്ടുന്ന ഭാഗം |
| കൃതജ്ഞത | : നന്ദി |
| കൃശഗാത്രി | : മെലിഞ്ഞ ശരീരമുള്ളവൾ |
| കൈതവം | : കളവ് |
| ഖഡ്ഗം | : വാൾ |
| ഗർഭഗൃഹം | : ഭവനമധ്യത്തിലെ മുറി, ക്ഷേത്രത്തിൽ ബിംബം പ്രതിഷ്ഠിച്ചിട്ടുള്ള മുറി |
| ചക്രവാളസീമ | : ആകാശവും ഭൂമിയും കൂട്ടിമുട്ടുന്നതായി തോന്നുന്നിടത്തെ അതിര് |
| ചരമഘട്ടം | : അവസാനഘട്ടം |
| ചരമപ്രാന്തസ്ഥൻ | : മരണത്തിന്റെ വക്കിലെത്തിയവൻ |
| ചരിതാർഥ | : ആഗ്രഹം സാധിച്ചവൾ |
| ചാരിതാർഥ്യം | : സംതൃപ്തി |
| ചാല | : മുഴുവനായി |
| ചിത്തം | : മനസ്സ് |
| ചിത്രം | : ആശ്ചര്യം |
| ചെമ്മേ | : നല്ലതുപോലെ |

| | |
|---|---|
| ചേണുറ്റ | : ഭംഗിയുള്ള, ശക്തിയുള്ള |
| ചേതി | : ചെയ്തി |
| ചേതോഹരം | : മനോഹരം |
| ജഗത്പതി | : ലോകനാഥൻ |
| ജന്മസിദ്ധം | : ജന്മനാ ലഭിച്ചത് |
| ജംബുകം | : കുറുക്കൻ |
| തഞ്ചം | : തരം, ഉചിതസമയം |
| തണിച്ച് | : തണുപ്പിച്ച് |
| തപം ചെയ്യുക | : തപസ്സുചെയ്യുക |
| തപ്താനിലൻ | : ചുടുകാറ്റ് |
| തരളിതം | : ഇളക്കപ്പെട്ട, തിളങ്ങിയ |
| താരാജാലം | : നക്ഷത്രക്കൂട്ടം |
| താലവൃന്തം | : വിശറി |
| തേജസ്വി | : തേജസ്സുള്ളവൻ |
| തൊടി | : വളപ്പ്, മുറ്റം |
| തൊരം | : ജോലി |
| ത്രാണി | : ശക്തി, പ്രാപ്തി, ശേഷി |
| ദർശനം | : കാഴ്ച, തത്ത്വജ്ഞാനം |
| ദലമർമ്മരം | : ഇലകൾ ഇളകിയുണ്ടാകുന്ന ശബ്ദം |
| ദിവ്യമംഗലവാണി | : ദിവ്യവും ഐശ്വര്യം നിറഞ്ഞതുമായ ശബ്ദം |
| ധനുസ്സ് | : വില്ല് |
| ധാര | : ഒഴുക്ക് |
| നവം | : പുതിയത്, ഒൻപത് |
| നാകം | : സ്വർഗം |
| നാകീയം | : സ്വർഗീയം |
| നാസിക | : മൂക്ക് |
| നിണം | : ചോര |
| നിദ്ര | : ഉറക്കം |
| നിമ്നോന്നതം | : താണും ഉയർന്നുമുള്ള |
| നീടുറ്റ | : നീളമുള്ള, വലിയ, ഉറപ്പുള്ള |

| | |
|---|---|
| നീഹാരം | : മഞ്ഞ് |
| നൂനം | : നിശ്ചയം |
| നേരുമൂല | : ഒന്നാമത്തെ മൂല |
| നൈദാഘവാതം | : ഉഷ്ണക്കാറ്റ് |
| പടുത്വം | : സാമർഥ്യം |
| പട്ടുപോവുക | : നശിച്ചുപോവുക |
| പല്ലവപുടം | : തളിരിലകളുടെ ഉൾഭാഗം |
| പല്ലവം | : തളിര് |
| പാദാഘാതം | : ചവിട്ട്, തൊഴി |
| പായാരം | : പരിഭവം |
| പാലിച്ചു | : രക്ഷിച്ചു |
| പുക്കുക | : പ്രവേശിക്കുക |
| പുരുഷാരം | : ആൾക്കൂട്ടം |
| പൂതി | : ആഗ്രഹം |
| പേറി | : വഹിച്ചു |
| പൗരാവകാശം | : പൗരന്റെ അവകാശം |
| പ്രക്ഷീണം | : ക്ഷയിച്ചത്, നല്ലതുപോലെ തളർന്നത് |
| പ്രചോദനസ്രോതസ്സ് | : പ്രചോദനത്തിന്റെ ഉറവിടം |
| പ്രഥമം | : ഒന്നാമത്തെ |
| പ്രൗഢി | : മോടി, ഗാംഭീര്യം |
| ഫലഭൂയിഷ്ഠം | : ധാരാളം വിളവ് ലഭിക്കുന്ന |
| ഫലശൂന്യത | : ഫലമില്ലായ്മ |
| ബാണം | : അമ്പ് |
| ബാലാതപം | : ഇളംവെയിൽ |
| ബാഹു | : കൈ |
| ബൃഹദാകാരം | : വലിയ ആകൃതി |
| ഭയാക്രാന്തൻ | : ഭയപ്പെട്ടവൻ |
| ഭാഗധേയം | : വിധി, ഭാഗ്യം |
| ഭുജം | : കൈ |
| ഭൂതകാലസഞ്ചാരം | : പഴയകാലത്തിലേക്കുള്ള സഞ്ചാരം |

| | |
|---|---|
| ഭംഗം | : നാശം, തിര, ഓളം, വിള്ളൽ |
| മഗ്നൻ | : മുഴുകിയവൻ |
| മമ | : എന്റെ |
| മരുപ്രദേശം | : മരുഭൂമി |
| മാരുതൻ | : കാറ്റ് |
| മാർദ്ദംഗികർ | : മൃദംഗക്കാർ |
| മൃഗം | : മാൻ |
| മൃതി | : മരണം |
| മൃതം | : മരിച്ചത് |
| യാതുധാനൻ | : രാക്ഷസൻ |
| യാമം | : ഏഴര നാഴിക (മൂന്നു മണിക്കൂർ) കൂടിയ സമയം |
| രജനി | : രാത്രി |
| രമ്യം | : മനോഹരം |
| ലത | : വള്ളി |
| വർഷം | : മഴ |
| വാഗ്ധോരണി | : വാക്പ്രവാഹം |
| വാഗ്മി | : മിതവും സാരവുമായി വാക്ക് ഉപയോഗിക്കുന്നവൻ |
| വാചാഗ്രസംഗം | : വാക്കുകൊണ്ടുള്ള യുദ്ധം |
| വാതായനം. | : കിളിവാതിൽ |
| വിധ്വംസനം | : നശിപ്പിക്കൽ |
| വീചി | : ഓളം |
| വേതനം | : കൂലി |
| വൈണികർ | : വീണ വായിക്കുന്നവർ |
| വൈഭവം | : സാമർഥ്യം, ശക്തി |
| ശകലിതം | : മുറിഞ്ഞ, കഷണങ്ങളാക്കിയ |
| ശ്രീ | : ശോഭ , ഐശ്വര്യം |
| ശ്രോതാവ് | : കേൾക്കുന്നയാൾ |
| സൗകുമാര്യം | : കോമളത്വം, യുവത്വം, ഒരു കാവ്യഗുണം |
| സത്വരം | : പെട്ടെന്ന് |

സൃഷ്ട്യുന്മുഖം : ക്രിയാത്മകം

സംസർഗം : ചേർച്ച

സ്തബ്ധൻ : സ്തംഭിച്ചവൻ

സ്തുതിപാഠകർ : വന്ദിജനങ്ങൾ, രാജപ്രശംസ നടത്തുന്നവർ

സ്ഫുരിക്കുക : പ്രകാശിക്കുക

സ്വധർമ്മനിരതൻ : സ്വന്തം ധർമ്മത്തിൽ മുഴുകിയവൻ

സ്വാധ്യായനിരതൻ : വേദപഠനത്തിൽ മുഴുകിയവൻ

ഹർഷപൂരിതം : സന്തോഷം നിറഞ്ഞത്

ഹസ്തദാനം : കൈകൊടുക്കൽ

ഹീനം : ദുഷിച്ചത്

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മിഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ


- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം - 34,
ഫോൺ: 0471 - 2346602, 2346603
ഇ-മെയിൽ: keralachildrights@gmail.com
വെബ്സൈറ്റ്: www.kescpcr.kerala.gov.in

**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*Visit : nireekshana.org.in (RTE Monitoring System)*





**Ammu**
National Games, Kerala 2014
ആരോഗ്യം അച്ചടക്കം അഭിമാനം
അമ്മുവിനൊപ്പം കളിക്കൂ, വളരൂ


**State Council of Educational Research & Training (SCERT)**
Vidyabhavan, Poojappura, Thiruvananthapuram,
Kerala - 695 012 Website www.scert.kerala.gov.in
e-mail scertkerala@gmail.com

Printed by the Managing Director
**Kerala Books and Publications Society**
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030